



# QR CODE

QUICK RESPONSE

UNIVERSITY OF KERALA

कर्मणि व्यज्यते प्रज्ञा

KERALA UNIVERSITY
CAMPUS MAGAZINE 2021-22

SCAN THE CODE TO EXPLORE THIS NATION



“The most revolutionary thing one can do is always to proclaim loudly what is happening.”
-Rosa Luxemburg

# QR CODE

QUICK RESPONSE

SCAN THE CODE TO EXPLORE THIS NATION

UNIVERSITY OF KERALA

कर्मणि व्यज्यते प्रज्ञा

**കേരള സർവകലാശാല കാമ്പസ്**
**മാഗസിൻ**

ഡിപ്പാർട്ട്മെന്റ്സ് സ്റ്റുഡന്റ്സ് യൂണിയൻ 2021-22

കേരള സർവകലാശാല

Editor :Deepu Balan

Sub Editor :Ajithra Raghunath, Harivindnath V B

Magazine Committee Members :Akshaj Manu, Adwaith B, Sagar,
Daya, Anju, Vishnuja, Ilavarasan,
Anas, Anagha, Sharavanan, Alan,Harikrishnan

Layout&Design :Deepu Balan,Sarang Das

Cover Page :Abdul Salam

Illustrations :Alan,Sharavanan


Printing :Akshara Offset,Vanchiyoor,Trivandrum

Statement of ownership and other particulars about the publication of Campus Magazine, Departments Union 2021-22 , University Of Kerala,

Publisher :Deepu Balan

Editor’s address :Deepu Balan
Student Editor,
Departments Union
University Of Kerala
Thiruvananthapuram-695 581


I Deepu Balan, hereby declare that the particulars given above are true to the best of my knowledge and belief.



Deepu Balan
deepubalan666@gmail.com




ഓർമ്മകൾക്കില്ല ചാവും ചിതകളും
ഊന്നുകോലും ജരാനര ദുഃഖവും




# ഈ ദേശത്തിന്റെ ഭീതി ഇവിടെ തുടങ്ങുകയാണ്

(ഈ ദേശം തികച്ചും സാങ്കൽപ്പികം മാത്രം)

ഇത് പ്രതിരോധത്തിന്റെ കാലമാണ്
പോരാട്ടങ്ങൾ അനിവാര്യവും.
ഭരണകൂടഭീകരതയുടെ
ഭയാനകരൂപങ്ങൾക്ക് മുൻപിൽ, പതറാതെ,
രണ്ട് കാലുകളും
മണ്ണിലുറപ്പിച്ചു നിർത്താനാണ്
ഈ പോരാട്ടങ്ങൾ.
മരിക്കാനോ,കരയാനോ നമ്മൾ തയ്യാറല്ല,
നിലവിൽ പോരാട്ടമല്ലാതെ
മറ്റ് മാർഗ്ഗങ്ങളൊന്നും നമുക്ക് മുൻപിലില്ല.
ദരിദ്രജീവിതങ്ങൾ ഈ മണ്ണിൽ
ചവിട്ടിയരയ്ക്കപ്പെടുമ്പോൾ,
നിസ്സംഗതയോടെ നോക്കി നിൽക്കാതെ
പോരാട്ടമാരംഭിക്കണം,
അത് ഏറ്റവും വേഗത്തിലാവുകയും വേണം.
പ്രതികരണങ്ങളെല്ലാം ദ്രുതഗതിയിൽ
ആരംഭിച്ചേ മതിയാകു.
സമയം ഒട്ടും വൈകിയിട്ടില്ല,
വരൂ നമുക്ക് ചടുലവേഗത്തിൽ
മുന്നോട്ട് കുതിക്കാം,
**ദ്രുതഗതിയിൽ പ്രതികരിക്കാം...**

വരും കാലത്തിനെ ഒരു സമാന്തര ലോകമായി സങ്കൽപ്പിച്ച്
അതിൽനിന്നും ഉരുത്തിരിയുന്ന ഭീതികളാണ് ഇവിടെനിറയെ.
യാഥാർത്ഥ്യവുമായി സമാനതകൾ തോന്നുന്ന,
അപ്രതീക്ഷിതമെന്നു തോന്നുന്ന പലതും നിങ്ങൾ കാണും.
കാണുന്ന ഓരോ കാഴ്ചയും ഓരോ അനുഭവങ്ങളാവട്ടെ...

## മുന്നോട്ട് പോകുന്നതിന് മുൻപുള്ള

# മുന്നറിയിപ്പ്

(ഇത് അവഗണിക്കുന്നവർ കടുത്ത ശിക്ഷാ നടപടികൾ നേരിടേണ്ടിവന്നേക്കാം)

എല്ലാ സാധനങ്ങൾക്കും അനുദിനം വില വർധിക്കുകയാണ്
ആയതിനാൽ അവർണ്ണർക്കിനി അശുദ്ധജലം റേഷൻ കട വഴി
ആയിരിക്കും ലഭിക്കുക, നികുതിയൊന്നുമില്ലാതെ സവർണ്ണർക്ക്
ശുദ്ധജലം സ്വഭവനങ്ങളിൽ ലഭ്യമാക്കുന്നതായിരിക്കും,
ആർത്തവമുള്ള സ്ത്രീകളും വിദ്യാഭ്യാസമുള്ള
അവർണ്ണരും ഇനിമുതൽ പുറത്തിറങ്ങാൻ പാടില്ലായെന്നും,
നിയമം ലംഘിക്കുന്നവർ കടുത്ത ശിക്ഷാനടപടികൾക്ക്
വിധേയരാകുന്നതായിരിക്കുമെന്നും
ഇതിനാൽ അറിയിച്ചുകൊള്ളുന്നു

புதிய பாதையை தேர்ந்தெடு எதிர்கொள்ளும்
பாதையை அச்சம் கொள்ளாதே
மெய் சேர்ந்த குருதி கொதித்த
சிந்தனைகளை ஓலையில்  பொறிச்சிவை
மாற்றங்களை மாற்ற மீண்டு வா உன்
எழுத்துக்களை தூது அனுப்பு

# എഡിറ്റോറിയൽ

**കേ**രള സർവകലാശാല ക്യാമ്പസിന്റെ ശബ്ദമാണ് ഈ മാഗസിൻ. ഒരു ഓർമ്മ പുസ്തകം എന്നതിലുപരി ക്യാമ്പസിന്റെ പുരോഗമന രാഷ്ട്രീയം പറയുന്ന, ഈ കാലഘട്ടത്തിലെ പോരാട്ടത്തിന്റെ അനിവാര്യതയെ കുറിച്ച് സംസാരിക്കുന്ന ഒരു മാധ്യമമായി കൂടി ഇതിനെ കാണേണ്ടതുണ്ട്. പലപ്പോഴും ബാക്കിയാവുന്ന പ്രധാനപ്പെട്ട ചോദ്യങ്ങളിൽ ഒന്ന് പോരാട്ടം എപ്പോൾ ആരംഭിക്കണമെന്നതാണ്.ഈ ക്യാമ്പസ് മാഗസിനിലൂടെ ഞങ്ങൾക്ക് പറയാനുള്ളത് പോരാട്ടം ആരംഭിക്കേണ്ട സമയം അതിക്രമിച്ചു എന്നതാണ്. പ്രതികരണം ഏറ്റവും അടിയന്തരമായി ആരംഭിക്കണം, അതിനുള്ള ആയുധമായി ഈ പുസ്തകത്തിനെ കാണാം. വിപ്ലവം പ്രതികരണത്തിന്റെ ഭാഷയിലൂടെയും അക്ഷരങ്ങളിലൂടെയും പിറക്കട്ടെ. ഇനിയും മൗനം പാലിക്കുക എന്നതിനേക്കാൾ വലിയ ക്രൂരത ഈ കാലഘട്ടത്തിൽ മറ്റൊന്നില്ല എന്ന് മനസ്സിലാക്കുക.

**ദീപു ബാലൻ**
മാഗസിൻ എഡിറ്റർ

# പോഗ്രോം നഗരം




അങ്ങനെയൊന്നുണ്ടായിരുന്നു എന്നതിന്റെ അവശേഷിപ്പുകളും ഇല്ലാതാക്കികൊണ്ട്, ചരിത്രതാളുകളിൽ നിന്ന് പോലും മായ്ച്ചു കളഞ്ഞ നഗരം, പ്രൗഢികളില്ലാതെ പറയത്തക്ക ചരിത്രപുരാതന തിരുശേഷിപ്പുകളില്ലാതെ ഫോർമലിൻ ചില്ലുകൂട്ടിൽ നിർദയം അടച്ചുവയ്ക്കപ്പെട്ട ജീവികളെ പോലെ ഒരിക്കലുണ്ടായിരുന്നു എന്നതിന്റെ തെളിവുമാത്രമായി ഒരുകൂട്ടം മനുഷ്യർ...




അജിത്ര രഘുനാഥ്
പൊളിറ്റിക്കൽ സയൻസ്


# മോഡിഫൈഡ് ഇന്ത്യാ.കേ.ലിയേ

അന്നനാളം നീറി കുഞ്ഞ്കരയുന്നു
പട്ടിണിക്കില്ലൊരന്ത്യം ഇന്നിന്ത്യയിൽ
മുന്നൂറ്കോടിയിൽ പട്ടേലുയർന്നപ്പോൾ
നൂറ്റൊന്നാം സ്ഥാനം ഇന്ത്യയ്ക്കുകിട്ടി
ആവുന്നതൊക്കയും വിറ്റുനടന്നപ്പോൾ
ജനത്തിന്റെ കഞ്ഞിയിൽ കയ്യിട്ട് വാരീപ്പോൾ
വോട്ട് നൂറങ്ങനെ വെറുതെകിട്ടി
മേരേ പ്യാരെ ദേശ് വാസിയോം
എന്ന് പല്ലിളിച്ചങ്ങ് വിളിച്ചുപറഞ്ഞപ്പോൾ
ആയിരോം നൂറും അലിഞ്ഞുപോയി
അദാനിഅമ്പാനിയും കൂട്ടിന് വന്നപ്പോൾ
ഘടനയില്ലാത്തൊരു ഭരണമതായപ്പോൾ
അധികാരി പണവും മതവുമായി
അയ്യനേം രാമനേം കൂട്ടുപിടിച്ചപ്പോൾ
ഈശ്വരവാദികൾ അന്ധരായി
പൗരാവകാശം മോദിയ്ക്കു നൽകി
ചെങ്കോലും നൽകി രാജാവുമാക്കി
ഇന്ത്യയിൽ വീണ്ടും മോദിതിളങ്ങി
പെട്രോളും ഡീസലും റോക്കറ്റായി
അന്നംതരുന്നോന്റെ രക്തത്തിൽ പൂജിച്ച
ഭൂമിയിലവർ സ്ഥാപിച്ചു രാമശില
നിരീശ്വരവാദിയാണെങ്കിലും വിതറി ഞാൻ
രാമരാജ്യത്തിന്റെ ശിലയിൽ ഒരുപിടി
പച്ചരി എള്ള് തുളസി പിന്നിത്തിരി
ചോന്ന ചെത്തിപ്പൂ...



# എങ്ങനെ




**നിജു പി കൃഷ്ണൻ**
ചരിത്ര വിഭാഗം

ഈ തെരുവുകളിൽ വാർന്ന
രക്തം കണ്ടുനിൽക്കെ
എനിക്കെങ്ങനെ പ്രണയത്തെക്കുറിച്ച്
സംസാരിക്കുവാനാകും...
അവരുടെ തോക്കിൻകുഴലു
കളിൽ നിന്നും
തൊടുത്തുവിട്ട വെടിയുണ്ടകൾ
പാഞ്ഞടുക്കുമ്പോൾ
എനിക്കെങ്ങനെ നിഷ്പക്ഷനാകുവാൻ കഴിയും...
ഉറ്റസുഹൃത്തിന്റെ
കിടപ്പാടം അവർ
ചുട്ടെരിക്കുമ്പോഴും
ഞാൻ ആരാഷ്ട്രീയതയെ കൂട്ടുപിടിക്കുന്നതെങ്ങനെ...
യുദ്ധഭൂമികയിൽ
തനിച്ചായവരുടെ നിലവിളികൾ
എന്റെ കാതുകളിൽ
വന്നലയ്ക്കുമ്പോൾ
കണ്ണുകളടച്ചു
എത്രനാളിനിയും ഉറക്കം നടിച്ചിരിക്കും...
നിശബ്ദതയെ നിഷേധിച്ചവർക്ക്
തൂക്കുമരങ്ങൾ വിധിക്കുമ്പോൾ,
ശബ്ദമുയർത്തുന്നവർക്കെതിരെ
ശരങ്ങൾ തൊടുത്തുവിടുമ്പോൾ
ഞാൻ ഇനിയും
മൗനം നടിക്കുന്നതെന്തിന്...
സ്വന്തം ഇച്ഛകളും
അസ്ഥിത്വമില്ലാതെ
ചോദ്യങ്ങളുയർത്തുവാനാകാതെ
ശ്വാസം മുട്ടുന്നവർക്ക് മുൻപിൽ
ഞാൻ ഒറ്റുകാരനാവുന്നതെങ്ങനെ...



**ഹരികൃഷ്ണൻ**
മലയാള വിഭാഗം

# ബീജം തിന്നുന്ന ഉറുമ്പുകൾ



പാതയോരത്തിൽ അങ്ങിങ്ങായി സ്ഥാപിച്ച വൈദ്യുതവിളക്കുകളിൽ പലതും കാലഹരണപ്പെട്ടവയാണ്.എങ്കിലും മങ്ങിയ മഞ്ഞപ്രകാശം അവിടെയെല്ലാംപ്പൊട്ടിെ യാലിച്ചൊഴുകുന്നുണ്ട്. ചിലർക്കെങ്കിലും ദുർഗന്ധമാണേലും ആ പ്രകാശത്തെ ഒരുപാട് ഇഷ്ടമാണ്. മറ്റു ചിലർ ആ ദുർഗന്ധപ്ര കാശത്തെ മാറ്റാൻ പരിശ്രമിക്കുന്നുണ്ട്. മറ്റൊ രു വർഗം തങ്ങൾക്ക് ഇഷ്ടമുള്ള നിറത്തിൽ പ്രകാശത്തെ നിർമ്മിക്കുന്നു . കറുത്ത നീണ്ടു നിവർന്നു കിടക്കു ന്ന സർക്കാർ റോഡുകളുടെ ഇരു വശത്ത് സ്ഥാപിച്ചിരി ക്കുന്ന കൂറ്റൻ കോൺക്രീറ്റ് പോസ്റ്റുകളിൽ മങ്ങി കത്തു ന്ന സോഡിയം വേപ്പർ ലാമ്പുകൾ ഇയാം പാറ്റകളെ എന്തോ കാട്ടി പ്ര ലോഭിപ്പിക്കുന്നു . മൂന്നായി പിരിയുന്ന വഴിയുടെ ഒത്തനടുക്ക്

തലയെടുപ്പോടെ നിൽക്കു ന്ന കൂറ്റൻകുതിര പോസ്റ്റി ന്റെ തുഞ്ചത്ത് കുഞ്ചലം പോലെയാടുന്ന ആ മഞ്ഞ ബൾബിനെ അധികാരികൾ എടുത്തു മാറ്റിയത് പെട്ടെന്നായിരു ന്നു . പ്ര ത്യക്ഷത്തിൽ അവി ടെ അങ്ങനെ ഒരു ബൾബിന്റെ ആവശ്യം കൂടി ഇല്ല. ഏങ്ങി ഏങ്ങി കത്തുന്ന ആ മഞ്ഞബൾബിനോട് അവി ടെയുള്ള എല്ലാവർക്കും സഹതാ പമാണ്. കാരണം വർഷങ്ങളായി അതിൽനി ന്ന് ചുക്കിച്ചുളിഞ്ഞു മാത്ര മേ പ്ര കാശം പുറത്തേക്ക് വരുന്നുള്ളു. ഓക്കാനിക്കാൻ നിൽക്കു ന്ന ഒരുവനെ പോലെ ആ കുതിര പോസ്റ്റ് ഇടയ്ക്കി ടയ്ക്ക ശബ്ദമുണ്ടാക്കി തന്റെ സാ ന്നിധ്യം അറിയിക്കുന്നു. ഒരു ദിവസം രാത്രി ഭക്ഷണം കഴി ക്കാനായി വെളിയിലിറങ്ങിയപ്പോഴാ ണ് പുതിയ പ്രകാശം കണ്ടത്. ആ പ്രകാശം കറുത്തതായിരുന്നു. കറുത്ത പ്ര കാശത്താൽ ആ പ്രദേശം കൂടുതൽ വര്ണാഭമായി തോന്നി . അതു തികച്ചു തോന്നൽ മാത്രമായിരുന്നു . ദി വസങ്ങൾ കഴിയും തോറും ആ പ്രകാശം അവി ടെയുള്ള ജനങ്ങളെകാ ർന്നുതിന്നുന്നതായി അനുഭവപ്പെ ട്ടു . പല മനു ഷ്യരുടെയും എല്ലും കഷ്ണങ്ങൾ കുതിര പോ സ്റ്റിനു കീഴിൽ നിരന്നു . പഴകിനാറിയ മഞ്ഞപ്രകാ ശം കറുത്ത  പ്രകാശത്തിന്റെ നിഴലിൽ മാഞ്ഞുപോയി . കറുത്ത പട്ടികളെ ഒഴിച്ച് ബാക്കി യുള്ളവയുടെ വൃക്ഷണസഞ്ചിയിൽ കത്തിവച്ചതും അതേ സമയത്തായിരുന്നു. കറുത്തപട്ടികളാകാൻ വേണ്ടി ദേഹത്ത് മണ്ണെണ്ണ ഒഴിച്ച്

> **“ ഓരോ ഈയാമ്പാറ്റകളും തന്റെ ശിരസ്സ് ആ കറുത്ത പ്രകാശം വരുന്ന ബൾബിൽ തല്ലി ഉടച്ചു. അവസാനം കണ്ണ് പോയ ഒരു ഈയാം പാറ്റ ആ ബൾബിനെ നൂറു കഷണങ്ങളായി ചിതറിച്ചു ”**

കത്തിച്ചവയുമുണ്ട്. ഇതിനൊന്നും കഴിയാത്തവ കഴുത്തിൽ കുരുക്കു മുറുക്കി കുതിര പോസ്റ്റിൽ നിന്നും താഴേക്ക് ചാടി .മറ്റു ചിലവയെ ആരൊക്കെയോ തീട്ടം കാട്ടി പ്ര ലോഭിപ്പിച്ചു. അവ മണത് അതിനു പിറകെ പോയി . ഇപ്പോൾ ആ പ്ര ദേശം കറുത്ത പ്രകാശത്താൽ മുങ്ങി നിൽക്കുകയാണ്. കത്തുന്ന സൂര്യപ്രകാ ശത്തിലും ആ കറുപ്പ് എവിടെയാകമാനം പടർന്നു .
ഈ കറുത്ത പ്രകാശം ആരുടെ ഒക്കെയോ പ്ലാൻ എ ആയിരുന്നു . മങ്ങിതു ടങ്ങിയ കണ്ണുകൾക്ക് ഇടനിലക്കാരില്ലാതെ കാഴ്ചകൾ കാണാനുള്ള മാധ്യമമായി അത് തെരുവിൽ പലേടത്തും അവതരിക്കപ്പെട്ടു. പയ്യ പയ്യേ കറുത്ത പ്രകാശം അവരുടെ കണ്ണുകളെ ചൂഴ്നെടുക്കാൻ തുടങ്ങി. കണ്ണുകൾ പൊത്തിയടച്ചവരുട കൃഷ്ണമണികളെഅറകടന്നലുകൾ കൂ ട്ടത്തോടെ ആക്രമിച്ചു . പ തിയെ പതിയെ സൂര്യനും ചന്ദ്രനും ഉദിക്കാതെയായി .
അവിടെ എങ്ങും പാടപോലെ കറുപ്പ് മാത്രം . ആ കറുത്ത കാഴ്ച്ചയിൽ അവിടെയുള്ളവർ പരസ്പരം കത്തി വീശി കത്തിയുടെ തുമ്പിൽ കറുത്ത രക്തം . കറിത്തിരുണ്ട പ കലിൽ കറുത്ത ബീജത്തുള്ളികൾ കൊച്ചുകുട്ടികളുടെ ഉദരത്തിൽ പ ടർന്നു പന്തലിച്ചു . അപ്പോഴാണ് കുതിര പോസ്റ്റിന്റെ മുകളിൽ നിന്ന് ഒഴുകി വരുന്ന കറുത്ത പ്ര കാശത്തെ തടയാൻ ഒരു ഈയാമ്പാറ്റ





കടന്നുവരുന്നത്. ബൾബി ലേക്ക് അടുക്കുന്നഓരോ നിമിഷവും ആ പാറ്റാ കരിഞ്ഞുകൊണ്ടേയിരുന്നു. അതിന്റെ അവസാന ജീവൻ പോകുന്നവരെയും തന്റെ ചെറുശിരസ്സ് കൊണ്ട് ബൾബിലേക്ക് ആഞ്ഞടിച്ചുകൊണ്ടേയിരു ന്നു. അതിനു പുറകെ വരി വരി യായി ആയിരിക്കണക്കിന് ഈയാം പാറ്റകൾ ആ  കുതിരപോസ്റ്റുക ൾ ലക്ഷ്യമാക്കി വന്നു. പലതും തന്റെ ലക്ഷ്യത്തിലെത്തുന്നതിന് മുമ്പേ  കത്തിക്കരിഞ്ഞ് ഇല്ലാതായി . ചിലതിനെ ബലികാക്കകൾ കൊത്തിവലിച്ചു. എന്നാൽ ഓരോ ഈയാമ്പാറ്റകളും തന്റെ ശിരസ്സ് ആകറുത്ത പ്രകാശം വരുന്ന ബൾബി ൽ തല്ലി ഉടച്ചു. അവസാനം ഒരു കണ്ണ് പോയ ഈയാം പാറ്റ ആ ബൾബിനെ നൂറു കഷണങ്ങളായി ചിതറിച്ചു . ഈയാമ്പറ്റകളുടെ ഈ പ്രതിരോധം കറുത്ത പ്രകാ ശത്തിന്റെ ഒഴുക്കിനെ ഇല്ലാതാക്കി . ചെറുതെങ്കിലും ഈയാം പാറ്റകളുടെ ഈ ശ്രമത്തെ പേടിച്ചുവണ്ണം അധികാരികൾ തെരുവിൽ പലയിടത്തായി സ്ഥാപിച്ച കറുത്ത പ്ര കാശം ഉണ്ടാക്കുന്ന ബൾബുകളെ താത്കാലികമായി നിശ്ചലമാക്കി.

■

# War Within



**ADARSH**
Sociology

Watching rain
Smoking beedi
Contemplating events
Asking questions
I am here at this three dimensional
point
Where life evolved million years ago

Where human like creatures
Crawled on limbs for many years
Later they stood up
Hunted,planted,settled

Further,
They started creating cities,
kingdoms,poetry,religion
And many more wanted and
unwanted establishments
Later nuclear warfare bloomed from
some of those establishments-

Dictators born
Dictators died
From their ashes united nations flourished
That too as an aftermath of
Hiroshima and nagasaki

War continued further
More bombs were invented
Security council members
Transported weapons to spread peace
General assembly condemned those invasion
Then the story repeats
Till it reach the 21st century

Yesterday it was Hitler And Mussolini
Along with all those presidents of the
mighty american kingdom
Who knows
Who comes next

We may have myriad answers
As democracy continue its decay

Watch it young eyes
Prepare yourself for a war with your brain
Equip yourself with knowledge
And get ready to fuck those dictators



# WE WILL RESIST

Credits:Alan Stens DKS



ഹരിവിന്ദ്നാഥ് വി ബി
എഡ്യൂക്കേഷൻ

# ബിൽക്കിസ് ബാനു ബാക്കിയാക്കുന്ന ചോദ്യശരങ്ങൾ

*നിലനിൽക്കുന്ന യാഥാർഥ്യത്തിനു നേർക്കുള്ള യുക്തി കൊണ്ടുള്ള ഏറ്റുമുട്ടൽ, നിലനിൽക്കുന്ന സാമൂഹ്യ ക്രമത്തിന്റെ അയുക്തികതയെ തുറന്നുകാട്ടും.*
*- പോൾ എ ബാരൻ -*



രാജ്യം എഴുപത്തിയഞ്ചാം സ്വാതന്ത്ര്യ ദിനം ആഘോഷിച്ചപ്പോൾ രാഷ്ട്രത്തെ അഭിസംബോധന ചെയ്ത് പ്രധാനമന്ത്രി പറഞ്ഞതിങ്ങനെയാണ് ''സ്ത്രീകളുടെ ശക്തിയാണ് രാജ്യത്തെ മുന്നോട്ട് നയിക്കുന്നത്'' ഒരു വാക്കുകൊണ്ടുപോലും സ്ത്രീകളെ അധിക്ഷേപിക്കരുതെന്ന് നാം പ്രതിജ്ഞ എടുക്കണം. മൂർച്ചയേറിയതെന്ന് തോന്നിപ്പിക്കുന്ന ഈ വാക്കുകൾക്ക് പക്ഷേ അധികം ആയുസ്സ് ഉണ്ടായിരുന്നില്ലായെന്ന് മനസിലാക്കിത്തരുന്നതായിരുന്നു പിന്നീട് സംഭവിച്ചത്. മനുഷ്യമനസാക്ഷിയെപ്പോലും നടുക്കിയ ബിൽക്കിസ് ബാനു കൂട്ടബലാൽസംഗക്കേസിലെ 11 പ്രതികളെ വിട്ടയക്കുന്നു. മധുരം പങ്കുവെച്ച് ഭയമി

“

***കുറ്റവാളികളെ വെറുതെ വിട്ട സമിതിയിൽ അംഗമായിരുന്ന ഒരു സംഘപരിവാർ എം.എൽ.എ പറഞ്ഞത് കുറ്റവാളികളിൽ ചിലർ നല്ല മൂല്യങ്ങൾ കാത്തുസൂക്ഷിക്കുന്ന ബ്രാമ്ഹരാണത്രേ, അവർ കേസുകളിൽ അകപ്പെട്ട്പോയതാകാമെന്ന്. ഒരു മതേതര ജനാധിപത്യ രാജ്യത്ത് നിന്ന് കൊണ്ട് ജനങ്ങൾ തിരഞ്ഞെടുത്ത ജനപ്രതിനിധിയാണിത് പറയുന്നതെന്ന് ഓർക്കണം.***

”

ല്ലാതെ ജീവിക്കാനുള്ള ഇന്ത്യയിലെ ഓരോ സ്ത്രീകളുടെയും അവകാശത്തെ ഗവൺമെൻറ്റിനെ കൂട്ടുപിടിച്ച് പ്രതികൾ നിർഭയം വെല്ലുവിളിക്കുന്നു. മനുഷ്യത്വത്തെയും നീതിന്യായ വ്യവസ്തിതിയെയും നോക്കുകുത്തികളാക്കി ഞങ്ങൾ നടപ്പാക്കുന്ന നീതി മാത്രമേ നിങ്ങൾ അർഹിക്കുന്നുവുള്ളു എന്ന് ഒരു കൂട്ടർ വിളിച്ചു പറയുമ്പോൾ നിസ്സഹായതയോട് കൂടി നോക്കി നിൽക്കുകയാണ് ഇന്ത്യയിലെ പൌരസമൂഹം. 2002 ലെ ഗുജറാത്ത് കലാപക്കാലത്താണ് അഞ്ചു മാസം ഗർഭിണിയായിരിക്കെ ബിൽക്കിസ് ബാനു കൂട്ടബലാൽസംഗത്തിനിരയാകുന്നത്. മൂന്നു വയസ്സുള്ള സ്വന്തം കുഞ്ഞിനെയും ഉറ്റ ബന്ധുക്കളെയും പ്രതികൾ കൂട്ടക്കൊല ചെയ്യുകയും ചെയ്യുന്നു. പക്ഷെ പിന്നീട് ഇന്ത്യ കണ്ടത് തനിക്കുണ്ടായ നീതികേടിനെ നീതി കൊണ്ട് തന്നെ

പരാജയപ്പെടുത്താനായി വളഞ്ഞു നിന്ന് ആക്രമിച്ച ഒരു വിഭാഗം മനുഷ്യർക്കിടയിൽ നിന്ന് ഒന്നിനെയും കൂസാതെ മുന്നോട്ട് വന്ന കരുത്തായ ബിൽക്കിസ് ബാനുവിനെയാണ്. വർഷങ്ങൾ നീണ്ട നിയമപോരാട്ടത്തിനിടയിലാണ് ബാനുവിന് നീതി ലഭിക്കുന്നത് പോലും. കേസിന്റെ വിചാരണ നടന്ന ഗുജറാത്ത് കോടതിയിൽ നിന്നും വധഭീഷണിയെ തുടർന്ന് സുപ്രീംകോടതിയുടെ പ്രത്യേക നിർദ്ദേശ പ്രകാരം കേസ് മഹാരാഷ്ട്ര കോടതിയിലേക്ക് മാറ്റുക വരെയുണ്ടായി.നീതിക്ക് വേണ്ടിയുള്ള പോരാട്ടത്തിനിടയിൽ എത്ര രാത്രികൾ അവർ മരണത്തെ ഭയന്ന് തള്ളിനീക്കിയിട്ടുണ്ടാകും 2008 ൽ വിചാരണ അവസാനിക്കുകയും 11 പ്രതികളെ കുറ്റക്കാരായി കണ്ടെത്തുകയും അവരെ ജീവപര്യന്തം ശിക്ഷിക്കുകയുമാണുണ്ടായത്. ഈ പൈശാചിക കൃത്യം നടത്തിയ 11 പേരെയാണ് സ്വാതന്ത്ര്യദിനത്തിൽ ഗുജറാത്ത് സർക്കാർ ശിക്ഷാ ഇളവ് നൽകി വിട്ടയച്ചത്. പ്രതികൾ 14 വർഷം ശിക്ഷ പൂർത്തിയാക്കിയ സാഹചര്യത്തിൽ ഗുജറാത്ത് സർക്കാർ രൂപീകരിച്ച പ്രത്യേക പാനലിന് മുമ്പാകെ സമർപ്പിച്ച അപേക്ഷ പരിഗണിച്ചാണ് തീരുമാനമെന്ന് സർക്കാർ വിശദീകരിക്കുന്നു. പ്രതികളുടെ പ്രായം, കുറ്റകൃത്യത്തിന്റെ സ്വഭാവം, ജയിലിലെ പെരുമാറ്റം എന്നിവ കൂടെ കണക്കിലെടുത്താണ് തീരുമാനമെന്ന് ന്യായീകരണത്തിലുണ്ട്. ക്രൂരമായ ആക്രമണത്തിനു ശേഷവും തളരാൻ തയ്യാറാവാതെ പോരാടിയ ബിൽക്കിസ് ബാനുവിന് ലഭിക്കാത്ത എന്ത് നീതിയാണ്, എന്തു സുരക്ഷയാണ് ഈ രാജ്യത്തെ ഭരണകൂടം ഇവിടുത്തെ സ്ത്രീകൾക്ക് ഉറപ്പു നൽകുന്നത്? ഇന്ത്യയിലെ നീതിന്യായ ചരിത്രത്തിലെ അവിസ്മരണീയമായ ഏടിനാണ് യാതൊരു ന്യായീകരണത്തിനും സ്ഥാനമില്ലാത്ത വിധം തിരശ്ശീല വീണിരിക്കുന്നത്. വെറും രാഷ്ട്രീയ നേട്ടം മാത്രം മുന്നിൽ കണ്ട് നടത്തിയ ഈ പ്രവൃത്തി രാജ്യത്തെ സ്ത്രീകളുടെ സുരക്ഷയ്ക്ക് മുന്നിൽ വലിയൊരു വെല്ലുവിളി തന്നെയാണ് ഉയർത്തിയിരിക്കുന്നത്. സ്വന്തം ഗ്രാമത്തിൽ ജീവിക്കാൻ കഴിയാതെ നിരന്തരം വധഭീഷണികളോട് മല്ലടിച്ച് അരക്ഷിതാവസ്തയിൽ കഴിയേണ്ടി വരുന്നയെത്ര പുരുഷന്മാരുണ്ടാകും? കുറ്റവാളികളെ വെറുതെ വിട്ട സമിതിയിൽ അംഗമായിരുന്ന ഒരു സംഘപരിവാർ എം. എൽ. എ പറഞ്ഞത് കുറ്റവാളികളിൽ ചിലർ നല്ല മൂല്യങ്ങൾ കാത്തുസൂക്ഷിക്കുന്ന ബ്രാമ്ഹരാണത്രേ, അവർ കേസുകളിൽ അകപ്പെട്ടത് പോയതാകാമെന്ന്. ഒരു മതേതര ജനാധിപത്യ രാജ്യത്ത് നിന്ന് കൊണ്ട് ജനങ്ങൾ തിരഞ്ഞെടുത്ത ജനപ്രതിനിധിയാണിത് പറയുന്നതെന്ന് ഓർക്കണം. ഈ തീരുമാനം കോടതിയിലും നിയമത്തിലും ഉള്ള തന്റെ വിശ്വാസം ഉലച്ചു കളഞ്ഞെന്ന് ഒരു അതിജീവിത വിളിച്ച് പറയുമ്പോൾ മറുപടിയില്ലാതെ തല കുനിക്കേണ്ടി വരുന്നത് മുഴുവൻ ജനതയും ആണ്.അധികാരത്തിന് മീതെ സ്ത്രീശാക്തീകരണമോ സ്ത്രീ സുരക്ഷയോ മനുഷ്യത്വമോ പോലുമില്ലെന്ന്

“

***ഇന്ത്യൻ ഭരണഘടനയുടെ മേൽ ആയിരം മുറിവുകളാണ് വർത്തമാനകാല ഭരണകൂടം സൃഷ്ടിച്ചത്. അതിലൊന്ന് മാത്രമാണ് ബിൽക്കിസ് ബാനു കേസും.***

”

ഈ തീരുമാനം പറയാതെ പറയുന്നുണ്ട്. രാജ്യത്തെ മുഴുവൻ സ്ത്രീകൾക്കും തന്റെ ഐതിഹാസിക നിയമ പോരാട്ടങ്ങളിലൂടെ, നിശ്ചയദാർഢ്യത്തിലൂടെ പ്രചോദനമായിത്തീർന്ന ബിൽക്കിസ് ബാനുവിനോട് ഈ രാജ്യത്തെ ഭരണകൂടം പറയുന്നത് ഭരണഘടനയും നിയമവ്യവസ്തിതിയും കുറ്റവാളികളെ സംരക്ഷിക്കാൻ കൂടിയുള്ളതാണെന്നാണ്. സ്വാതന്ത്ര്യം നേടി 75 വർഷങ്ങൾക്കിപ്പുറവും തുല്യതയ്ക്ക് വേണ്ടി, നീതിയ്ക്ക് വേണ്ടി സ്വന്തം അവകാശങ്ങൾ നേടിയെടുക്കാൻ വേണ്ടിപ്പോലും സ്ത്രീകളിന്നും പോരാടുന്നുണ്ട്. സമൂഹത്തിൽ തുല്യത ഇല്ലാത്തതു കൊണ്ട് തന്നെയാണ് ഫെമിനിസം എന്ന ആശയം പോലും ഇവിടെ ഉടലെടുത്തത്. സ്ത്രീകൾക്ക് സ്വന്തമായി ചിന്തിക്കാൻ കഴിയുന്ന, സഞ്ചരിക്കാൻ കഴിയുന്ന, ആരെയും ഭയക്കാതെ ജീവിക്കാൻ കഴിയുന്ന ഒരു സാഹചര്യമാണോ ഇന്നിവിടെയും ഉള്ളതെന്ന് ചോദ്യം ചെയ്യപ്പെടേണ്ടത് തന്നെയാണ്. ബിൽക്കിസ് ബാനുവിനെപ്പോലെ പോരാടാൻ മുന്നിട്ടിറങ്ങി വരുന്ന സ്ത്രീകൾക്ക് എന്തു സുരക്ഷയാണ്, എന്തു നിയമസംരക്ഷണമാണ് ഈ രാജ്യത്തെ ഭരണകൂടവും നിയമവ്യവസ്തിതിയും ഉറപ്പുനൽകുന്നത്. പുരുഷമേധാവിത്വത്തിനും ദുർഭരണത്തിനും നിയമങ്ങളിലെ പഴുതുകൾക്കും ഇടയിൽപെട്ട് ഇല്ലാതാകാനുള്ളതല്ല ഓരോ സ്ത്രീയുടെയും ജീവിതം. സ്വന്തമായി ജീവിക്കാനും ഉയരങ്ങൾ സ്വപ്നം കാണാ



നും ജാതിമത-ലിംഗ വ്യത്യാസമില്ലാതെ എല്ലാവർക്കും കഴിയണം. ഭരണകൂടത്തോട് വിയോജിപ്പുള്ളവർ ദേശദ്രോഹികളാണെന്നും ശരിയായ ഇന്ത്യക്കാർ ഹിന്ദി സംസാരിക്കുന്ന ഹിന്ദു ആണെന്നും പറയുന്നവരോട്, മനുഷ്യരെ ഭൂരിപക്ഷം ന്യൂനപക്ഷം എന്നൊക്കെ വേർതിരിക്കുന്നവരോട് ഭരണഘടനയെ മുൻനിർത്തി മറുപടി പറയാൻ കഴിയണം. ഈ ജനാധിപത്യ വ്യവസ്തിതിയിൽ ആരും എല്ലാത്തിനോടും സമരസപ്പെടേണ്ടതില്ല. ഇന്ത്യൻ ഭരണഘടനയുടെ മേൽ ആയിരം മുറിവുകളാണ് വർത്തമാനകാല ഭരണകൂടം സൃഷ്ടിച്ചത്. അതിലൊന്ന് മാത്രമാണ് ബിൽക്കിസ് ബാനു കേസും. കക്ഷിരാഷ്ട്രീയത്തിനതീതമായി നിയമവാഴ്ച അംഗീകരിക്കുകയും നിലനിർത്തുകയും ചെയ്യുന്ന ഭരണഘടനാ സംസ്കാരം ഉണ്ടാകണം. വിയോജിപ്പുകളും പ്രതിവാദങ്ങളും ജനാധിപത്യത്തിന് തുടർച്ചയായി ഇന്ധനം നൽകി കൊണ്ടിരിക്കണം. മതേതരത്വവും ജനാധിപത്യവും സ്ത്രീസുരക്ഷയും ഇത്രമേൽ വെല്ലുവിളിക്കപ്പെട്ട മറ്റൊരു കാലഘട്ടം രാജ്യചരിത്രത്തിൽ ഉണ്ടായിട്ടില്ല. മതത്തിന്റെ പേരിലുള്ള വിഭജനം ഭരണകൂടത്തിന്റ്റെ രാഷ്ട്രീയ ആയുധവും തിരഞ്ഞെടുപ്പു തന്ത്രവുമായി തീർന്നിരിക്കുന്നു. എൺപതുകളിൽ ഭരണകൂടവും സുപ്രീംകോടതിയും കാണിച്ച സോഷ്യലിസ്റ്റ് മൂല്യങ്ങൾ കറ കളഞ്ഞ മുതലാളിത്ത ചിന്തകൾക്ക് വഴിമാറിക്കഴിഞ്ഞിരിക്കുന്നു. ഇനിയുമെത്ര കടമ്പകൾ കടന്നു വേണം ഭരണഘടനാ മൂല്യങ്ങളിലും സമത്വത്തിലും അധിഷ്ഠിതമായ പുതിയൊരു രാഷ്ട്രം വാർത്തെടുക്കാൻ.



ദേവദർശൻ
കേരളപഠനം

# നിൽപ്പ്

കവിതകൾ
വിൽക്കപ്പെടാത്ത നിലങ്ങളിൽ
വീടുകളും ഫ്ളാറ്റുകളും ഉയർന്നുവരും
മോഹവിലയ്ക്ക് വിറ്റുതീരും
സിയാറ്റിൻ മൂപ്പൻ
കരഞ്ഞിറങ്ങിപ്പോയ ഉർവ്വരതയിൽ
കണ്ണും കാതും കരളും
ബുദ്ധിയും വിൽക്കപ്പെടും
അപ്പോൾ അരാഷ്ട്രീയ ബുദ്ധിജീവികൾ
ചോദ്യം ചെയ്യപ്പെടാത്ത വാക്കുകളാൽ
സ്വാതന്ത്ര്യരാകും
കൊടികളത്രയും പരാജയപ്പെട്ട,
സ്വപ്നങ്ങൾ ചിതറിപ്പോയ
മണ്ണിൽ ഓരോ ചുംബനങ്ങളും
നക്ഷത്രങ്ങളാകും
ഉക്രൈനിൽ പൂക്കാതെ പോയ
ചെടികൾക്ക് സോമാലിയൻ രോദനം
സാന്ത്വനമാകും
അളന്നു തീർക്കപ്പെട്ട മണ്ണിൽ
ഇനിയും  ഏത് വൃക്ഷമാണ്
വംശം നിലനിർത്തുക
അതിന്റെ ചില്ലകളിൽ
ഏത് പക്ഷിയാണ്
കൂട് തീർക്കുക



# Fernery



Reshma P K
English

The atmosphere gushed spiralling black fumes
A red car arrogantly spitted Nitrogen Oxides
She adjusted the floral mask
that adorned her oval face
The Royal Enfield splashed mud elegantly
The droplets spill on the lass who sat on the roadside
with a bunch of clay models for a pinch of rice to
calm her mischievous stomach
Wiped the droplets with her bare hands in gran-
deur, like amulets!
The floral masked beauty coughed and puffed being
a horrible witness
She continued her stroll
A dog covered in tar whimpered,
The floral masked beauty sighed and continued her
venture
The traffic signal halted her haphazardly
Her eyes fell on the apartment that stand in pride

The atmosphere gushed spiralling black fumes
A red car arrogantly spitted Nitrogen Oxides
She adjusted the floral mask
that adorned her oval face
The Royal Enfield splashed mud elegantly
The droplets spill on the lass who sat on the roadside
with a bunch of clay models for a pinch of rice to
calm her mischievous stomach
Wiped the droplets with her bare hands in grandeur, like amulets!
The floral masked beauty coughed and puffed being
a horrible witness
She continued her stroll
A dog covered in tar whimpered,
The floral masked beauty sighed and continued her
venture
The traffic signal halted her haphazardly
Her eyes fell on the apartment that stand in pride
The Anthropos throwing food at each other, a
bashful birthday party.
Cake-smeared faces…
A lady opened her hands for alms,
The floral beauty woke from her reverie and dropped
a coin.
She continued her stroll rhythmically nodding her
head to a random song

Her eyes searched for a cuckoo but in vain
Green volunteers marched in front of her picking up trash
A couple following the volunteers threw trash the way they just cleaned!
The floral beauty confusingly threw a glimpse,
puffed, and coughed as a horrible witness.
Sun-kissed her hard, the toxic love wounded her
She unfurled her brolly patting her burned skin
Her smartphone notified her: - it was ultraviolet!
She sighed: thank God it's UV and not some Acid rain….
Dogs buried their heads among the food piles and a small child accompanies them
Bury his head too
A rushing car threw a brand-new big shopper among the food pile
The dogs and the child's eyes sparkled like a crystal
The sky drizzled murdering the arrogance of the sun,
Crows stared at the sky in amusement

***Bhiwadi: - Rajasthan's Bhiwadi is named the world's worst city for air pollution.**

Anthropos cursing the drizzle snuggled under shades
A crystal glass palace sprouted from nowhere crush-
ing a paddy field
It sparkled better than the sapphire
Taj Mahal shyly looked at her yellowish marble
drenched in Sulphur dioxide
Bhiwadi* vexed in grief
The Yamuna frothed profusely
Lord Krishna sighed at his beloved's plight
A dog tied at the end of a rushing bike
Sahya's sons burned alive
Ma Nishada! the cry dissolved vainly in the thin air.
The creaking sound of the downfall of trees played a
symphony
Borewell digger dug deep into Gaia's heart and
spilled blood
A hummingbird in the traffic post, feeding her
birdlings,
A canary fade in the soothing song of an air horn
A champak fell down,

‘O mighty flower’ yelled someone.
A teen crushed the fallen champak sans mercy
and walked away chanting algorithms.
The floral masked beauty seeing succulent shops
grinned
She stepped out of the shop with a bunch of ferns to
adorn her fernery
She walked back
Anthropos guffawed:
Hey! Forest Goddess, why a fernery? and not a ter-
rarium?
We are going to Mars, throw it away, lady,
We will mesh up the atoms and make oxygen, why
such a nuisance?
A lorry splashed a huff of carbon monoxide onto her
face
She stands still as if she was in a reverie….

# പ്ലൂട്ടോ നഗരം




വിഴുപ്പ് ചുമക്കുന്നർക്കെന്ത് മേൽവിലാസം?
ആധാറിനു മുന്നേ വഴിയാധാർ ആയവർ...
തിരിച്ചറിയൽ രേഖകളിലൊക്കെയും
തിരിച്ചറിയാതെ പോയവർ...
നുള്ളിപെറുക്കിയ രണ്ടണകാശിന്റെ ബലത്തിലും
അന്നം നിഷേധിക്കപെട്ടവർ...

# മേൽവിലാസം റദ്ദ് ചെയ്യപ്പെടുമ്പോൾ



പൂജ
ഇക്കണോമിക്സ്

സംശയങ്ങളുടെ നൂലിൽ കോർത്ത
ചോദ്യശരങ്ങളെ
നേരിടാൻ ഭയന്ന്
അന്യന്റെ സ്വത്തപഹരിച്ചവനെപ്പോലെ
സ്വന്തം ഭൂമിയിൽ വാടകക്കാരനെപ്പോൾ
കഴിയേണ്ടിവരുന്ന
മേൽവിലാസം റദ്ദ് ചെയ്യപ്പെട്ടവൻ
അവന്റെ സ്വപ്നങ്ങളിൽ
ചിരിയുടെ വർണങ്ങളുണ്ടാകുമോ?
ഭീതിയുടെ താഴ് വരകളിലൂടെ
പലായനം ചെയ്യപ്പെടുന്നവരല്ലാതെ
മാലാഖകുഞ്ഞുങ്ങൾ വിരുന്ന് വരുമോ?
കടലോരത്തണഞ്ഞ അലൻ ഖുർദിയല്ലാതെ..!
അജണ്ടകൾ മേൽവിലാസം നിർണയിക്കുമ്പോൾ
നീ നിന്റെ ഭാണ്ഡം പേറുക
നടന്ന് തുടങ്ങുക...
മേൽവിലാസം റദ്ദ് ചെയ്യപ്പെട്ടാൽ
ഈ ദേശത്തിൽ നിനക്കവകാശമില്ല...!




# ഭരണഘടന



**വൃന്ദ കെ**
പൊളിറ്റിക്കൽ സയൻസ്

അണഞ്ഞു തീരാറായ ചിതയിൽ നിന്നും
ഉയർന്ന പുക നാടാകെ പടരുകയായിരുന്നു
രാമായണവും ഖുറാനും ബൈബിളും ഉയർത്തി
പലരും പലതും പ്രസംഗിക്കവെ
ചിതയിലെ പുകച്ചുരുളുകൾ
കാർമേഘങ്ങളായ് മാറിയിരുന്നു
കറുപ്പിന് മേൽ ഗോമൂത്രം തളിച്ചും
വെളുപ്പിന്റെ ജാതിയെ ചോദ്യം ചെയ്തും
ഒരു കൂട്ടം ഭടന്മാർ തെരുവുകളിലൂടെ
റോന്തുചുറ്റുന്നുണ്ടായിരുന്നു
വിശപ്പിനെ ചോദ്യം ചെയ്യാനെന്നോണം
ഭക്ഷണത്തിന്റെ തല്ലുമാല ഒരു വശത്തും
പാതാളത്തിലാണ്ടുപോയ വാമനന്റെ മെതിയടികൾ
കണ്ടെടുക്കാൻ കുഴിച്ചു നോക്കുന്നവർ മറുവശത്തും
ചോരപ്പാടുകൾ കൊണ്ട് മനുഷ്യന് ഭ്രഷ്ട് കൽപ്പിച്ച
സംസ്കാരങ്ങളുടെ പ്രാകൃതരീതികളിലേക്ക്
തിരിച്ചു പോവുന്ന തലമുറയുടെ
തലച്ചോറിലേക്ക് കാർമേഘങ്ങൾ പെയ്തിറങ്ങുമ്പോൾ
അണയാത്ത ചിതയിലെ കനലിൽ തെളിഞ്ഞു കണ്ടു
ഭരണഘടന...





# يو
# استقلال' سعيد'

لهذا البلد،
الذي يمر العام؛
نتمنى عيد استقلال سعيد
للمشردين في هذا البلد؛
نتمنى عيد استقلال سعيد
لمن يسكنه الخوف؛
نتمنى عيد استقلال سعيد
،للقتلى باسم اللون
وباسم الطبقة؛
نتمنى عيد استقلال سعيد
لأولئك الذين يقدرون،
الحيوان على الإنسان؛
نتمنى عيد استقلال سعيد
لمن يغتصب الفتيات،
في الأماكن المقدسة؛
نتمنى عيد استقلال سعيد
،لمن يتجولون على
معدة فارغة وللمزارعين؛
نتمنى عيد استقلال سعيد
بهذه الحقيقة المحجبة؛
نتمنى عيد استقلال سعيد



**Hafsa Amna**
Arabic





**ആരെ ഭയന്നോടിയാലും,**
**തിരിഞ്ഞോടും തോറും തിരഞ്ഞുവരുവാൻ**
**വിവേകമുള്ളൊരു ജനതയുണ്ടെന്ന**
**തിരിച്ചറിവുണ്ടാവുക.**

# പൗരത്വമുള്ള നാൽക്കാലി

പശു ചത്തു,
ചത്തുവെന്നോ, മരിച്ചുവെന്നു വേണം പറയാൻ
അങ്ങനെ ആര് പറഞ്ഞു?
നെറ്റിയിൽ കുറിയിട്ട ഇന്ത്യൻ പൗരത്വമുള്ള
മനുഷ്യൻ പറഞ്ഞു.
നെറ്റിയിൽ കുറിയിട്ടവനേ ഇവിടെ പൗരത്വമുള്ളോ?
അതെ, അതിനെന്താ സംശയം
തലയിൽ വെളുത്തതൊപ്പിയിട്ടു പൗരത്വം
ചോദിച്ച് പോയവനെ ഇന്നലെ പശുവിന്റെ പേരിൽ
വെട്ടിയിട്ടത് കണ്ടില്ലേ!
അപ്പൊ പശുവിനാണല്ലേ
തലയിൽതൊപ്പിയിട്ടവനെക്കാളേറെയും,
നെറ്റിയിൽ കുറിയിട്ടവനൊപ്പവും പ്രാധാന്യം,
കുറിയിട്ടവനൊപ്പമല്ല ചിലപ്പോൾ
അവനെക്കാളേറെയും പശുവിനാ..
അതെന്താ?
കുറിയിട്ടവൻ തന്നെ പലതുണ്ട്,
വലിയവൻ, ചെറിയവൻ പിന്നെ ഇരുകാലികളെന്ന
ലേബൽ മാത്രമുള്ളവൻ
ഇതിൽ ചെറിയവനും, ഇരുകാലികളും
പശുവിനും താഴെയാ
ഓ കഷ്ടം തന്നെ അപ്പൊ ഞാൻ ഇതിലേതിൽ വരും
വലിയവനോ? ചെറിയവനോ?
അതോ ഇരുകാലിയോ?
ഞാൻ സൂക്ഷിച്ചൊന്ന് നോക്കട്ടെ.





നിങ്ങളുടെ നെറ്റിയിൽ കുറിയില്ല,
കയ്യിൽ കുത്തിനടക്കാൻ വടിയുണ്ട്, വെളുത്തമുണ്ടുണ്ട്
മേലിൽ ചുറ്റിയ തോർത്തുണ്ട് വട്ട
കണ്ണടയുമുണ്ട്.
കുറിയില്ലാത്തത് പ്രശ്നം തന്നെയാ,
ഒരു കാവി മുണ്ടായിരുന്നു ചുറ്റിയതെങ്കിൽ അങ്ങനെ
എങ്കിലും നിന്നെ പരിഗണിക്കാമായിരുന്നു, ഇതിപ്പോ...
ഒരു കാര്യം ചെയ്യ് മൊട്ടത്തലയിൽ കുറച്ചു ചന്ദനം
പൂശി വാ...
നമുക്കപ്പോ പരിഗണിക്കാം,
എന്നാ ചെല്ലു, പോയി ഗോമാതാവിന്റെ ദേഹം
തൊട്ടു വണങ്ങി വാ  നടക്ക്, നടക്ക്
അല്ലെങ്കിലൊന്നും നിന്നെ,
എവിടെയോ നിങ്ങളെ കണ്ട പോലെ തോന്നുന്നു
നിങ്ങൾ മുൻപിവിടെ വന്നിട്ടുണ്ടോ?
ഉണ്ട്, നിങ്ങൾക്കോർമ്മ കാണാൻ
വഴിയില്ല അത്
ഏറെ നാൾ മുൻപായിരുന്നു, അന്ന്
കാവിയുടുത്തവൻ വീടുപൂണ്ടപ്പോൾ
കൈത്തറിയിട്ടു ജനങ്ങൾ ഒന്നായി ചേർന്ന
സമയമായിരുന്നു..
ഓ.. അങ്ങനെയാണോ.. എന്നാൽ പൊക്കോ,
ഞാൻ ഗോമാതാവിനെ വണങ്ങി സൈക്കിൾ ചവിട്ടി
അടുപ്പ് കത്തിക്കാൻ വിറകെടുക്കാൻ പോകട്ടെ.



**വൃന്ദ പി.എൽ**
മലയാളം



**अरविंद**
हिन्दी

# भारत की दुर्दशा

भारत यानि कि 'इंडिया' एक ऐसा देश है जिसे दुनिया के तमाम राष्ट्र नज़दीक से देखता आ रहा है। 1947 को हम आज़ाद हुए, उसके बाद जो भी हुआ, वह सब हमारी भलाई केलिए हुआ, लेकिन क्या सच में ऐसा है? जो भी बदलाव आया, उन सबसे क्या हमको भलाई ही भलाई मिला था? नहीं। भारत को स्वतंत्र करवाने केलिए जो कुछ प्रयत्न गांधी और उनके अनुयायियों ने किया उन सबका परिणाम देखा गया। लेकीन दुःख की बात यह है कि गांधी जी ने एक ' न्यायसंगत संतुलन भारत ' का सपना देखा था पर अंतिम फल वह नहीं था। ब्रिटिश सरकार ने भारत देश को बुरी तरह लूट लिया था। हमारी कई संपत्ति का नष्ट हुआ, हम भूख और गरीबी से तड़पने लगे। युगों की चिर निंद्रा के बाद भारत में नए जीवन का संचार हुआ, परंतु स्वतंत्रता पंजाब, सिन्ध और बंगाल के लोगों के लिए असीम दुःख और पीड़ा अपने साथ लाई थी । बहुत से पुरुष, महिलाएं और बच्चे उस साम्प्रदायिक उन्माद का शिकार हो गए जो उस समय सारे देश में फैल गये थे । स्वतंत्रता के शैशव काल में ही हमारे देश को बड़ी कठिन और जटिल समस्याओं का सामना करना पड़ा । देश का विभाजन हो गया और लाखों लोगों को बेघर होना पड़ा था । वे विस्थापित होने के लिए मज़बूर हुआ । हमारे सरकार को उनका पुनर्वास करना पड़ा । उसी समय पाकिस्तान ने कबायली लोगों से कश्मीर पर हमला करवा दिया जबकि कश्मीर भारत में मिल गया था और भारत का एक अभिन्न अंग बन गया था । इन सभी घटनाओं ने भारत देश की ' ऐतिहासिक पुस्तक ' में अपना जगह बना लिया। भारत देश को 'इंडिया' (India) नाम 17वीं शती में मिला था। नाम के साथ अस्मिता और पहचान बीसवीं सदी में मिले ।

आज हम 2022 से गुज़र रहे हैं । आज हमारे घरों में टेलीविज़न पे एक गाना सुना जा सकता है वह है " मेरा देश बदल रहा है, आगे बढ़ रहा है " । यह गाना तो अच्छी है, लेकिन सवाल यह है की देश तो बदल रहा है,पर बदलके कहां जा रहा है? बदलाव दो तरह से हो सकता है - बुरा भी है और अच्छा भी। हम सब यह जानते है कि भारत एक बहु भाषी देश है, भारत पर अलग - अलग अनुष्ठान, रीति रिवाज और रहन - सहन आदि देखने को मिलता है। आश्चर्य की बात यह है की हमसे भी सुविधाएं कम मिलने वाले राष्ट्रों ने विकास की दृष्टि से हमसे बहुत आगे निकल गया है। हम अब भी एक विकासशील देश ( Developing country) है और इस दुनिया में तकरीबन 152 देशों की विकास अब भी जारी है। लेकिन असल में हमारे पास सभी दृष्टियों से विकसित देश बन जाने का पोटेंशियल यानी काबिलीयत है। पर दुर्भाग्य से हमारे राजनैतिक दलों ने हमें आगे बढ़ने नही दे रहा है, फिर भी गाना गाता रहता है कि हम बदल रहा है ; और हम आगे बढ़ रहा है। विश्व विख्यात अमेरिकन लेखक मार्क द्वायिन ने कहा -" भारत एक ऐसी भूमि है जिसे सभी लोग देखना चाहते हैं,लेकिन यहां की एक झलक शेष विश्व के किसी अन्य जगह पे नही मिलेगा।" ( "[India is] the One land that all men desire to see, and having seen once, by even a glimpse, would not give that glimpse for all the shows of all the rest of the globe combined ). इंडिया कई दृष्टियों से एक श्रेष्ठ राष्ट्र की चेहरा दिखाती है। मतलब यह है कि इंडिया में कुछ चीज़ें ' एक्सक्लूसिव ' होती है - हमारा परिवार संप्रदाय किसी और देश में देखने को नही मिलता । हमारे देश में अलग - अलग भाषाएं, अलग - अलग रीति रिवाज, अलग - अलग वेश-भूषा और अलग - अलग संस्कृति हमारी विविधता को दर्शाती है। असल







में इंडिया जैसा एक वैविध्यमय देश पूरी दुनिया में नहीं है। हर चीजों की तरह हमारे राष्ट्र का भी एक ' ' पॉजिटिव साइड ' है और एक ' नेगेटिव साइड' भी पानी कुछ सकारात्मक पक्ष है तो कुछ नकारात्मक पक्ष भी । सकारात्मक पक्ष देखा जाए तो ग्लोबल हंगर इंडेक्स (GHI) में इंडिया की स्कोर 27.5 है, जिससे हम यह कह सकते है की हमारी देश में भूख की समस्या आज भी मौजूद है। GDP देखा जाए तो Q4 में इंडिया धीमी हो चुकी थी ; हमारी राजनीतिज्ञ सत्ता जो है , उन सब ने मिलकर भारत को आर्थिक संकट में डुबो दिया। निष्पक्ष होकर हम यह बात कह सकता है की हमारी राजनीतिज्ञों ने भारत को प्राइवेट कंपनियों को बेच दिया है। इन सभी आर्थिक संकटों के बीच भी हम 'इंडियन्स' जातिवाद के पीछे पड़े है। पुराने ज़माने में जो कुछ जातीय विवेचन हुआ, उन सभी का अंश आज भी इंडिया के कई जगहों में बाकी पड़ी है। त्वचा के रंग के आधार पर आज भी वर्गीकरण हमारे यहां जारी है । जाति और धर्म के आधार पर वर्गीकरण करना अच्छा कर्म है क्या? नहीं! हम सब मानव है, हमारी शरीर में एक ही रंग का खून बह रहा है, फिर भी लोगों का मन नहीं बदलता। पीढ़ी कुछ भी हो आज भी यह एक समस्या के रूप में हमारे सामने खड़ी है। असल में हम ' इंडियन्स ' मानसिक और सामूहिक विकास में बहुत पीछे है।आज इस आधुनिक युग में भी हम लोगों में कम से कम 30% पुराने सोच - विचार में जी रही है। मानवता को महत्व न देकर जाति और धर्म के ठेकेदार का वेष धारण करके कुछ लोग 'साधाचारी' बन जाती है। वह अपने आप कुछ नियमों को बनाकर उसे दूसरों पर लागू करने की कोशिश करती है। ऐसा करने की क्या ज़रूरत है?

एक व्यक्ति की मौलिक अधिकारों पर हाथ रखने केलिए ये साधाचारी लोग कौन है? , ये लोग कोई भी रिश्ता न होकर भी अत्याचार करता है, और यह आज भारत की एक बड़ी समस्या बनी है।

इंडिया इस हालत में आगे बढ़ेगा तो मौलिक अधिकारों पर भविष्य में बदलाव ज़रूर आएगा। भारतीय संविधान में कई नई नियमों को जोड़ा जाएगा। आज भारतीय संविधान में कुल 511 धाराएं है। इन धाराओं के अलावा कुछ नई धाराओं की आने की संभावना है। सबसे पहले एक ऐसी धारा को जोड़ा जायेगा जिसमें जातीय एवं धार्मिक वर्गीकरण को बल देगा, यानि की ऐसा एक नियम उत्पन्न हो जाएगा जहां दो जाति/धर्म के लोगों का एक दूसरों से बातचीत करना मना करेगा, केवल एक ही जाति/धर्म के लोग आपस में संचार कर सकता है, इसके विपरीत हो जायेगा तो जुर्माना अदा करना पड़ेगा। दूसरा यह हो सकता है की अगर श्याम 6 बजे के बाद एक अविवाहित युवक और युवती को साथ में देखा जाए तो उनके विरुद्ध मुकदमा चलाया जा सकता है। साथ ही साथ एसी नौजवान जोड़ों को पार्क में बैठना, सिनिमा देखना आदि भी माना करेगा।

निष्कर्षतः भारत ऐसी देश बन जायेगा जहां पुराने ज़माने के रीति रिवाजों को महत्वपूर्ण स्थान देगा, पुराना मर्यादाओं का पालन करेगा , ऐसी कई सारी धार्मिक एवं सांस्कारिक परिवर्तनों को लाकर भारत देश को एक नई रूप दिया जाएगा। भारतीय संविधान में परिवर्तन लाकर नया सामाजिक स्थिति में लायेगा, जिसमें मुख्य रूप में धार्मिकता को बल मिलेगा। धर्म के ठेकेदार राज करेगा ।सामाजिक स्तर पर धर्म/जाति के अनुसृत विभाजन होने की भी संभावना भविष्य में ज़रूर है। उत्तर भारत के कई गांवों में ऐसा विभाजन आज भी ज़ारी है। भविष्य के भारत कैसी होगी, उसका जवाब मिलना बहुत मुश्किल है। भारत की भविष्य कैसी होगी, क्या-क्या बदलाव आयेगा, हमका क्या होगा इन सब का जवाब हमें भविष्य में ही मिलेगा। उम्मीद किया जा सकता है कि देश को सही दिशा पर ले जाने वाले दीर्घ दृष्टि रखने वाले नौजवान आगे आये और सकारात्मक प्रयत्नों से भारत को विकास के पथ पर ले चले ।





# പ്രേരണകൾക്ക് പറയുവാനുള്ളത്

ആത്മഹത്യ ഒരു പ്രേരണയായി
പിറകേ കൂടുമ്പോൾ,
തയ്യാറായി ഇരിക്കണം.
മുറികൾ അടുക്കിപ്പെറുക്കി
ശ്വാസോച്ഛ്വാസം
തിരിച്ചറിയാവുന്ന തരത്തിൽ
തെളിമയോടെ വെയ്ക്കണം.
കടന്നു വരുന്ന ഓരോരുത്തർക്കും
വീടിനുള്ളിലെ,
വൃത്തിയുടെ ജീവനില്ലായ്മ
അനുഭവമാകണം.

കൂട്ടുകാരോട് പറയാൻ ഒന്നും
ബാക്കിയില്ലെന്നിരിക്കെ,
അവരെ ഓർക്കേണ്ടതില്ല.

എന്നാൽ, വാക്കുകളിൽ കുറുകൽ
ഒളിച്ചു കടത്തുന്ന
സൗഹൃദങ്ങൾക്കു മീതെ
വെള്ളയടിക്കുക.

പൊട്ടി വിടരാൻ ഒന്നുമില്ലാത്ത
വെള്ളയുടെ ജീവനില്ലായ്മകൾ.

പൂച്ചക്കുട്ടികളെയെന്ന പോലെ
കുഞ്ഞുങ്ങളേയും, ഓർക്കേണ്ടതില്ല.
അലിവുകളെ അപനിർമ്മിക്കാൻ
കാലത്തിനാവും.

വീണ്ടും തയ്യാറെടുക്കുമ്പോൾ
ചെടികൾനനയ്ക്കുവാൻ മറക്കരുത്.
വേനലിലെ അവസാന ജലകണിക
പോലെ,
നീ നിറയുന്ന സന്ധ്യകൾ
ഒരു വൈകുന്നേരമെങ്കിലും ഒറ്റയ്ക്ക്
നടക്കാൻ ഇറങ്ങുക.
വഴികൾക്കുമേലെ വഴികൾ വന്ന്
നിറയുമ്പോൾ
മനുഷ്യന്റെ വേഗതയെ ഒന്ന് തൊട്ട്,
നീ പിൻവാങ്ങുക.

ആത്മവും ഹർഷവും
വേർപിരിയുന്ന ഗോവണിക്കെട്ടിൽ
കാലത്തിന്റെ
പോക്കുവരവുകൾക്കിടയിൽ
നിന്റെ കാമനകൾ കാറ്റിലാടും.

ആത്മഹത്യ ഒരു കുറ്റമല്ലെന്നിരിക്കെ,
ഒരു ആകർഷണവും തോന്നാനില്ല.
എങ്കിലും, പിറകേ കൂടുന്ന
നിഴലെന്ന പോലെ, ഇടറാത്ത
പിൻതുടർച്ചകൾ...



**ലക്ഷ്മി പ്രിയ**
അധ്യാപിക,
ഇംഗ്ലീഷ്

നാല് ചെറുകവിതകൾ



**ലിഡിയ**
സൈക്കോളജി

# വെടിയുണ്ട

നിങ്ങളുയർത്തിയ തോക്കുകൾ
ചോര മണക്കും മതിലുകളായി.
നിങ്ങൾ തീർത്ത വരികൾ
നാവു തുളയ്ക്കും വെടിയുണ്ടകളാ
യി....

# കാവി

**അക്ഷരങ്ങൾ കൊണ്ടവർ**
**തയ്ച്ച ഉടയാടകൾക്ക്**
**പക്ഷെ , കാവിയുടെ**
**കറപിടിച്ച നാറ്റമായിരുന്നു.**

# കശാപ്പ്

കൊമ്പുകൾക്കിടയിലെ
മാംസത്തിന്റെ
അപൂർവ്വശക്തിയേക്കാൾ
സ്വാദുകൂടുതലാണത്രെ ,
തല്ലിച്ചതച്ചറുത്തെടുത്ത
മനുഷ്യമാംസത്തിന്...

# കലപ്പ

ഒടിഞ്ഞ കലപ്പകൾക്കുമേൽ
ടയറുകയറിയിറങ്ങിയപ്പോഴും ,
കിരീടമണിഞ്ഞ താമര
അട്ടഹസിക്കുകയായിരുന്നു.





**പ്രബിൻരാജ്**
ഡാറ്റ സയൻസ്

# കാഴ്ച്ചകളിൽ മായം ചേർക്കുന്ന വാർത്തകളെ തിരിച്ചറിയാം

**നി**ങ്ങൾ ഓൺലൈനിൽ, പ്രത്യേകിച്ച് നിങ്ങളുടെ സോഷ്യൽ മീഡിയ ഫീഡുകളിൽ വായിക്കുന്ന പല കാര്യങ്ങളും ശരിയാണെന്ന് ഒറ്റനോട്ടത്തിൽ നിങ്ങൾക്ക് തോന്നിയേക്കാം, എന്നാൽ അവ പലപ്പോഴും വസ്തുതകൾക്ക് വിരുദ്ധമായിരുന്നു എന്ന് നിങ്ങൾ തന്നെ പിന്നീട് തിരിച്ചറിഞ്ഞ സാഹചര്യങ്ങളും ഉണ്ടാവാം. ഇത്തരത്തിൽ വായനക്കാരെ ബോധപൂർവം തെറ്റിദ്ധരിപ്പിക്കാനോ കബളിപ്പിക്കാനോ വേണ്ടി സൃഷ്ടിച്ച വാർത്തകളോ വിവരങ്ങളോ ആണ് വ്യാജ വാർത്തകൾ, അഥവാ ഫേക്ക് ന്യൂസ്. സാധാരണയായി, ആളുകളുടെ കാഴ്ച്ചപ്പാടുകളെ സ്വാധീനിക്കുന്നതിനോ രാഷ്ട്രീയ അജണ്ടകൾ ഉയർത്തിക്കാണിക്കുന്നതിനോ ആളുകൾക്കിടയിൽ ആശയക്കുഴപ്പം ഉണ്ടാക്കുന്നതിനോ വേണ്ടിയാണ് ഈ വ്യാജ വാർത്തകൾ സൃഷ്ടിക്കുന്നത്, ഇത് പലപ്പോഴും ഓൺലൈൻ പ്രസാധകർക്ക് ലാഭകരമായ ബിസിനസ്സുമായിരിക്കാം. പ്രശസ്തമായ വാർത്താ സ്ഥാപനങ്ങൾക്ക് സമാനമായ പേരുകളും വെബ് വിലാസങ്ങളും ഉപയോഗിച്ച് വിശ്വസനീയമായ വെബ്സൈറ്റുകളെ പോലെ അനുകരിച്ചാണ് ഇത്തരത്തിലുള്ള തെറ്റായ വിവരങ്ങൾ സമൂഹ മാധ്യമങ്ങളിൽ കൂടി പ്രചരിപ്പിക്കുന്നത്.

ഇൻറർനെറ്റ് പൊതുവിവരങ്ങളുടെ പ്രധാന ഉറവിടമായിരിക്കുന്ന ഈ ഒരു കാലഘട്ടത്തിൽ, പൊതുജനങ്ങൾ വ്യാജ വാർത്തകൾ അഭിമുഖീകരിക്കുന്നതും പങ്കിടുന്നതും വലിയ അപകടസാധ്യത ഉയർത്തുന്നു. എല്ലാ ദിവസവും, ലോക മെമ്പാടുമുള്ള ഇന്റർനെറ്റ് ഉപഭോക്താക്കൾ അവരുടെ പ്രിയപ്പെട്ട സെലിബ്രിറ്റി മുതൽ അവർ ഇഷ്ടപ്പെടുന്ന രാഷ്ട്രീയ നേതാവ് ഉൾപ്പടെയുള്ള എല്ലാവരുടെ യും അപ്ഡേറ്റുകൾക്കായി സോഷ്യൽ മീഡിയയിൽ പ്രചരിക്കുന്ന വാർത്തകൾ വായിക്കുകയോ കാണുകയോ കേൾക്കുകയോ ചെയ്യുന്നു. എന്നാൽ, അവർ കണ്ടെത്തുന്ന വാർത്തകൾ സത്യവും വിശ്വസനീയവുമാണെന്ന് പലപ്പോഴും സ്ഥി രീകരിക്കാൻ കഴിയാതെ വരുന്ന സാഹചര്യങ്ങൾ ഉയർന്നു വരുന്നു. സമൂഹ മാധ്യ മങ്ങളും വെബ് ബ്രൗസറുകളും ഓൺലൈൻ വാർത്ത ചാനലുകളും അടങ്ങുന്ന ഇന്റർനെറ്റ് പ്ലാറ്റ്ഫോമുകൾ ലോകവ്യാപകമായി പരന്നുകിടക്കുന്നത് കൊണ്ട് തന്നെ, യാതൊരു വെരിഫിക്കേഷനും ഇല്ലാതെ പ്രചരിക്കുന്ന വ്യാജ വാർത്ത കൾക്ക് ലോകത്ത് എന്തും സാധ്യമാകും എന്ന് സൂചിപ്പിച്ച സംഭവമായിരുന്നു, 2016 യുഎസ് ഇലക്ഷൻ. 2016 ലെ യുഎസ് പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ ട്വിറ്ററി ലൂടെ പ്രചരിച്ച വ്യാജ വാർത്തകളുടെ സ്വാധീനം പിന്നീട് വ്യക്തമായതാണ്. തിരഞ്ഞെടുപ്പ് ദിവസത്തിന് മുമ്പുള്ള അഞ്ച് മാസങ്ങളിൽ സ്ഥാനാർഥികളുമായി ബന്ധപ്പെട്ട് ദശലക്ഷക്കണക്കിന് ഉപയോക്താക്കൾ പങ്കുവെച്ച 171 ദശലക്ഷം ട്വീ റ്റുകളുടെ ഡാറ്റാസെറ്റിൽ, 25% വ്യാജമോ അല്ലെങ്കിൽ അങ്ങേയറ്റം പക്ഷപാത പരമോ ആയ വാർത്തകളാണ് എന്ന് ഒരു വാർത്ത ഏജൻസി പിന്നീട് കണ്ടെ



“

***ഇതിനൊരുദാഹരണമാണ്, സോഷ്യൽ മീഡിയയിൽ പ്രചരിച്ച ഒരു വിദ്വേഷം പരത്തുന്ന വ്യാജ വീഡിയോ മൂലമുണ്ടായ 2013 മുസാഫർനഗർ കലാപം.***

”

ത്തിയിരുന്നു. ഇത് ഒരു രാജ്യത്തിന്റെ മാത്രം കാര്യമല്ല. ഈ കാലഘട്ടത്തിൽ, വ്യാജ വാർത്തകളുടെ പകർച്ചവ്യാധി ലോകത്തെ എല്ലാ ഭാഗങ്ങളിലും പിടി കൂടിയിരിക്കുന്നു. യുണൈറ്റഡ് സ്റ്റേറ്റ്സ് ഓഫ് അമേരിക്ക മുതൽ, ഇന്ത്യ, ബ്രസീൽ തുടങ്ങിയ വളർന്നുവരുന്ന രാജ്യങ്ങൾ ഉൾപ്പടെ വ്യാജ വാർത്തകളുടെ കെണിയിൽ നിന്ന് മുക്തരാണ് എന്ന് കരുതുന്നില്ല. ലോകത്തിലെ രണ്ടാമത്തെ വലിയ ജനസംഖ്യയുള്ള രാജ്യം എന്ന നിലയിലും, ഏറ്റവും വലിയ ജനാധിപത്യ രാജ്യം എന്ന നിലയിലും, വ്യാജവാർത്തകളുടെ പ്രശ്നം ഇന്ത്യയിൽ കടുത്ത ഭീഷണി ഉയർത്തുന്നു. രാജ്യത്തെ ചില ഇടങ്ങളിലെ കുറഞ്ഞ സാക്ഷരതാ നിരക്ക് ജനാധിപത്യപരമായ തീരുമാനങ്ങൾ എടുക്കുന്നതിന്റെ യഥാർത്ഥ മനോഭാവം നടപ്പിലാക്കാൻ പ്രയാസകരമാക്കുന്നു എന്ന് മാത്രമല്ല, വ്യാജവാർത്തകളും വിഭജന പ്രചാരണങ്ങളും ഒരു വിസ്ഫോടനം സൃഷ്ടിക്കുകയും രാജ്യത്തിന്റെ ജനാധിപത്യ ഘടനയ്ക്ക് തന്നെ ഭീഷണി ഉയർത്തുകയും ചെയ്യുന്നു. ഇതിനൊരുദാഹരണമാണ്, സോഷ്യൽ മീഡിയയിൽ പ്രചരിച്ച ഒരു വിദ്വേഷം പരത്തുന്ന വ്യാജ വീഡിയോ മൂലമുണ്ടായ 2013 മുസാഫർ നഗർ കലാപം. മാത്രമല്ല, ഇന്ത്യയുടെ ദേശീയ ഗാനമായ ‘ജന ഗണ മന’ ലോകത്തെ ഏറ്റവും മികച്ച ദേശീയ ഗാനമായി തിരഞ്ഞെടുത്തു എന്നും, 2016-ൽ 2000 രൂപയുടെ നോട്ടുകൾ പ്രചാരണത്തിൽ വന്നപ്പോൾ അതിൽ മൈക്രോ

ചിപ്പ് ഘടിപ്പിച്ചിട്ടുണ്ട് എന്ന പ്രചരണവുമെല്ലാം പലരും വിശ്വസിച്ചിട്ടുണ്ടായിരുന്നുവെങ്കിൽ അത് രാജ്യവ്യാപകമായി പ്രചരിച്ച വ്യാജ വാർത്തകളുടെ ഫലമാണ്. ഏറ്റവും ഒടുവിൽ, കഴിഞ്ഞ ദിവസം കേന്ദ്ര സർക്കാർ പൊതുയിടങ്ങളിൽ മാസ്ക് ധരിക്കൽ നിർബന്ധമല്ല എന്ന്ഐ.എം .എപ്രഖ്യാപിച്ചു എന്ന് പ്രമുഖ മാധ്യമങ്ങളിൽ വരെ വാർത്തകൾ വന്നതും, മണിക്കൂറുകൾക്കകം അത് വ്യാജ വാർത്തയാണ് എന്ന് കേന്ദ്ര ആരോഗ്യ വകുപ്പ് ഔദ്യോഗികമായി അറിയിക്കുന്നതും നമ്മൾ കണ്ടതാണ്. എന്നാൽ, ആ കുറഞ്ഞ സമയത്തിനുള്ള 'മാസ്ക് നിർബന്ധമല്ല' എന്ന വാർത്ത ഇന്ത്യയിലെ കോടിക്കണക്കിന് ജനങ്ങളിലേക്കാണ് എത്തിയത് എന്നാലോചിക്കുമ്പോൾ വ്യാജ വാർത്തകളുടെ ശക്തി വീണ്ടും തിരിച്ചറിയുന്നു.

കേരളത്തിലേക്ക് വന്നാലും, ഈ പ്രവണത ഒട്ടും പിന്നിട്ട് നിൽക്കുന്നില്ല. വാട്സ്ആപ്പ് എന്ന സോഷ്യൽ മീഡിയ പ്ലാറ്റ്ഫോം ആണ് കേരളത്തിൽ വളരെ ആഴത്തിലും വലിയ തോതിലും തെറ്റായ വാർത്തകൾ പ്രചരിപ്പിക്കുന്നത്.

ഇതിൽ, 'കുട്ടികളെ തട്ടിക്കൊണ്ടുപോകുന്ന സംഘം ഈ സ്ഥലത്തിറങ്ങിയിട്ടുണ്ട്', 'അന്യസംസ്ഥാന മോഷ്ടാക്കളുടെ സംഘം ഈ പ്രദേശങ്ങളിൽ കാണപ്പെടുന്നു' തുടങ്ങിയ ജനത്തെ ഭീതിയിലാക്കുന്ന യാതൊരു ഔദ്യോഗിക സ്ഥിരീകരണവും ഇല്ലാത്ത വാർത്തകൾ ഉൾപ്പെടുന്നു. കൂടാതെ, സെലിബ്രിറ്റികളെ സംബന്ധിച്ചുള്ള തെറ്റായ വാർത്തകളും കേരളത്തിൽ അരങ്ങു വാഴുന്നു. അടുത്തിടെ, മലയാള നടിമാരായ കനകയ്ക്കും, മാല പാർവതിക്കുമെല്ലാം തങ്ങൾ മരണപ്പെട്ടിട്ടില്ല, ജീവനോടെ ഇരിക്കുന്നുണ്ട് എന്ന് ലൈവ് വീഡിയോയിലും ടെലിവിഷൻ വാർത്ത ചാനലുകളിലും വന്നിരുന്ന് ജനങ്ങളെ ബോധ്യപ്പെടുത്തേണ്ട സാഹചര്യം വന്നിട്ടുണ്ടെങ്കിൽ, അത് വ്യാജ വാർത്തകൾ എത്രത്തോളം നികൃഷ്ടമാണ് എന്ന വസ്തുതയെ സൂചിപ്പിക്കുന്നു.

വ്യാജ വാർത്തകൾ നിയന്ത്രിക്കുന്നതിനായി ഇനി നമ്മൾ എന്ത് ചെയ്യും? ഈ ചോദ്യം സമകാലിക ലോകത്ത് വളരെയേറെ പ്രാധാന്യമുള്ള ഒന്നാണ്. വളർന്നുകൊണ്ടിരിക്കുന്ന സാങ്കേതിക വിദ്യകൾ തന്നെ പ്രഥമ പരിഹാരം. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഉള്ളടക്കത്തിലെ 'കോർ സ്റ്റോറി' തിരിച്ചറിയുന്നത് പ്രവർത്തനക്ഷമമാക്കുന്നതിലൂടെ വ്യാജ വാർത്തകൾക്ക് കാര്യമായ നിയന്ത്രണങ്ങൾ ഉണ്ടാകും. റഫറൻസുകൾ, ചർച്ചാ ത്രെഡുകൾ, വ്യത്യസ്ത ഉറവിടങ്ങളിൽ നിന്ന് വരുന്ന പരാതികൾ, വിവിധ ഭാഷകളിൽ വരുന്ന ഒരേ വാർത്തകൾ, ഗുണനിലവാരത്തിന്റെ തലങ്ങൾ എന്നിവയ്ക്കൊപ്പം ക്രോസ്-പോസ്റ്റുകളും ഒരേ സ്റ്റോറിയുടെ പുതിയ പതിപ്പുകളും കണ്ടെത്താൻ അക ഏജന്റുകൾക്ക് കഴിയും.

വ്യാജ വാർത്തകളിലെ ഭാഷാപരമായ സൂചനകൾ തിരിച്ചറിയുന്ന ഒരു അൽഗോരിതം അധിഷ്ഠിത സംവിധാനത്തിന്, വാർത്താ സംഗ്രഹത്തിനും ഗൂഗിൾ ന്യൂസ് പോലുള്ള സോഷ്യൽ മീഡിയ സൈറ്റുകൾക്കും വ്യാജ വാർത്തകൾക്കെതിരായ പോരാട്ടത്തിൽ ഒരു പുതിയ ടൂൾ കൊണ്ടുവരാൻ കഴിയും. മിഷിഗൺ യൂണിവേഴ്സിറ്റി പോലുള്ള യൂണിവേഴ്സിറ്റികളിലെ ഗവേഷക വി




ദ്യാർത്ഥികൾ മെഷീൻ ലേർണിങ് അൽഗോരിതങ്ങൾ ഉപയോഗിച്ച് വ്യാജ വാർത്തകളുടെ പ്രചാരണത്തെ തടയിടാൻ പുതിയ കണ്ടെത്തലുകൾ നടത്തിക്കൊണ്ടിരിക്കുന്നു. വളർന്നു വരുന്ന ഗവേഷക വിദ്യാർത്ഥികൾക്ക് ഈ മേഖലയിൽ നിരവധി അവസരങ്ങളാണ് തുറന്നുകിടക്കുന്നത്.

വ്യാജവാർത്തകളെ കുറിച്ച് ആഗോള അവബോധം വളർത്തുക എന്നത് പ്രശ്നം കൈകാര്യം ചെയ്യാനുള്ള മറ്റൊരു പ്രധാന മാർഗമാണ്. ലോകമെമ്പാടുമുള്ള വ്യാജ വാർത്തകളുടെ പ്രചാരം, സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾക്കും വാർത്താ സൈറ്റുകൾക്കും തെറ്റായ വാർത്തകൾ പ്രചരിപ്പിക്കാനുള്ള വ്യാപ്തിയും സ്വാധീനവും, മീഡിയ കമ്പനികൾ, സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾ, വ്യാജ വാർത്തകളുടെ പ്രചാരണത്തിലെ ഓൺലൈൻ ഉപയോക്താക്കളുടെ അശ്രദ്ധമായ പങ്കാളിത്തം എന്നിവയെക്കുറിച്ചെല്ലാം കേരളത്തിലെ ആളുകളെ ബോധവാന്മാരാക്കേണ്ടതുണ്ട്, പ്രത്യേകിച്ച് വിദ്യാർത്ഥികളെ. അതുകൊണ്ട് തന്നെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ, ഈ വിഷയത്തിൽ വൈദഗ്ദ്യം ഉള്ളവരെ കൊണ്ട് വിദ്യാർത്ഥികൾക്ക് ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിക്കുക. ■

# പണികഴിയാത്ത വീട്

നിനച്ചിരിക്കാതെ കടന്നുവരുന്ന
അതിഥികളോട്,  എന്റെ വീടുകണ്ട് നിങ്ങൾ
അസ്വസ്ഥരാക്കേണ്ടതില്ല,
വിചിത്രമായി നോക്കിക്കാണാൻ
ഇവിടെയൊന്നുമില്ല,
"നാല് സ്ത്രീകൾ താമസിക്കുന്ന വീട്
എന്താണിങ്ങനെ"
എന്ന ക്ലിഷേ  ചോദ്യം വേണ്ട
നിങ്ങളോടാരാണ് ഒരു അറിയിപ്പും
നൽകാതെ കടന്നുവരാൻ പറഞ്ഞത്,
നിറഞ്ഞുനിൽക്കുന്ന ഷെൽഫുകൾ
നോക്കി കണ്ണുചിമ്മേണ്ട നാല് പേരുടെ
സാധനങ്ങൾ കൊള്ളാതെയാകുമ്പോൾ
അവ വീർപ്പുമുട്ടി പുറത്തുവരും,
ചായതന്ന ഗ്ലാസ്സിലെ ജ്വല്ലറിയുടെ
പരസ്യം നോക്കി വെറുതെ
സമയംകളയണ്ട ചായകുടിച്ച് ഗ്ലാസ്
തന്നാൽ കഴുകിവെക്കാം, ഇനി സ്വന്തം
ഇഷ്ടപ്രകാരം കഴുക്കിവെക്കാൻ
അടുക്കളയിലേക്ക് കയറുന്നവരോട്
അടുക്കളയിലെ പുരാതന പാത്രങ്ങൾ
നോക്കി നിങ്ങളിങ്ങനെ വ്യാകുലപ്പെടേണ്ട
ഇവയെല്ലാം ഞങ്ങൾക്ക് പ്രിയപ്പെട്ടതാണ്,
സ്പ്രിംഗ്  പൊങ്ങിയ സോഫയിലിരുന്ന്
ബുദ്ധിമുട്ടുന്നുണ്ടോ  എങ്കിൽ നിലത്തിരിക്കാം,
ഫാൻ കറങ്ങില്ല അത് കറങ്ങാതായിട്ട്
കൊറോണയുടെ ആരംഭത്തിനേക്കാൾ
പഴക്കമുണ്ട്,

ഉമ്മറത്തിരിക്കുമ്പോൾ നിങ്ങളുടെ കാലുകളിൽ
കോൺക്രീറ്റിട്ട കല്ലുകൾ കുത്തുന്നുണ്ടോ
എങ്കിൽ മുറ്റത്തിറങ്ങിനിന്നോളൂ,
അവിടം സുന്ദരമല്ലേ, നിങ്ങൾ എന്റെ അമ്മയുടെ
ചെടിത്തോട്ടത്തിലേക്ക് നോക്കൂ ആ വിരിഞ്ഞ
പൂക്കളിലുണ്ട് ഞങ്ങളെത്ര സന്തുഷ്ടരാണെന്ന്,
വരൂ നിങ്ങൾ എന്റെ അച്ഛന്റെ മുറിയിലേക്ക്
നോക്കൂ, അവിടെ ഷെൽഫുമുഴുവൻ പുസ്ത
കങ്ങളാണ്, അവിടെ മലയാളസാഹിത്യവും
മാർക്സും ഹെഗലുമെല്ലാം കലഹിക്കുന്നുണ്ട്,
എന്നാൽ നിങ്ങളുടെ മനസ്സ് കലഹിക്കുന്നത്
തൈലത്തിന്റെയും എണ്ണയുടെയും
മണത്തിലായിരിക്കാം,
ഒരു കാര്യം പറയട്ടെ, ഞാൻ
നിങ്ങളെപ്പോലെയുള്ള ഒരു അതിഥിയെ
സ്വീകരിക്കാൻ തയ്യാറല്ല,
ഇപ്പോൾ ഇറങ്ങി നടന്നാൽ നിങ്ങളിതുവരെയും
എത്തിപ്പെടാത്ത ഓരോ നിമിഷവും നിങ്ങളെ
അസ്വസ്ഥമാക്കുന്ന ഈ ഇടത്തിൽ നിന്ന്
നിങ്ങൾക്ക് രക്ഷപ്പെടാം.
ഞാൻ നിങ്ങളെ വഴി വരെ യാത്രയാക്കാം,
വരൂ ഇറങ്ങി നടന്നോളൂ
നിങ്ങളിപ്പോൾ എന്റെ മുഖത്ത് കാണുന്ന
ചിരിയിൽ ഒരു വാക്കുണ്ട്
'ഇനിയൊരിക്കലും ഈ വഴി വരാതിരിക്കുക'
എന്റെ വീടും നിങ്ങൾ വീണ്ടും വരാൻ
ആഗ്രഹിക്കുന്നില്ല,
വന്നതിനു നന്ദി...



**നിവ്യ**
ഫിലോസഫി



# A Shopping with Society

'A white dashing Shirt'
"It is transparent"
'A pretty fish-cut Skirt'
"Are you a kid?"
'A perfect formal T'
"It's too short"
'A cool denim Shorts'
"Forgot your upbringing?"
'A printed formal Kurta'
"Its slit is too high"
'A gorgeous ethnic Saree'
"Want to show your navel?"
'A lovely Salwar Kameez'
"Don't forget the shawl"
'An elegant party Gown'
"Isn't it sleeveless?"
'How is this Burka?'
"Perfect… Pack it"




Farha Jalal
English

# ലാപിലീയ നഗരം




കലപ്പയേന്തിയ കൈകളിൽ കൊടികളുയരുന്ന പോരാട്ടം
കൊടികളും,കോടികളും തമ്മിലുള്ള പോരാട്ടം
നീതിപീഠത്തോടുള്ള പോരാട്ടം
ഇനിയും എഴുതി ചേർക്കപ്പെടാത്ത നിയമങ്ങളോടുള്ള പോരാട്ടം
ഒന്നുമില്ലാത്തവന്റെ പോരാട്ടം
പണത്തിനു മീതെ പരുന്തിനെയും പറപ്പിക്കാത്തവന്റെ പോരാട്ടം
അതിജീവനത്തിനായുള്ള പോരാട്ടം...

## അഭിമുഖം




# നിശബ്ദമായിരിക്കാൻ ആകുമോ

*തമിഴ് സാഹിത്യകാരൻ പെരുമാൾ മുരുകനുമായുള്ള അഭിമുഖം*

**തയ്യാറാക്കിയത്:**
**ഇളവരസൻ**
**ദീപു ബാലൻ**

***ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലെ സിനിമകൾ ഉൾപ്പെടെ ഇന്ത്യയുടെ പൊതുവിഷയങ്ങൾ ചർച്ച ചെയ്യുമ്പോൾ സാഹിത്യമേഖല ഇതിനെ എങ്ങനെയാണ് ഈ കാലഘട്ടത്തിൽ അഭിസംബോധന ചെയ്യുന്നത്?***

സാഹിത്യം അതിന്റെ ഭാഷയെയും സംസ്കാരത്തെയും അതീവ ജാഗ്രതയോടെ നേരിടാൻ ശ്രമിക്കുന്നതായി തോന്നുന്നു. "വടക്ക് ജീവിക്കുന്നു; തെക്ക് തേഞ്ഞുതീരുന്നു" എന്ന മുദ്രാവാക്യം ഉയർത്തിയ തമിഴ്നാട്ടിലെ സാഹിത്യപരിസരം വളരെ ജാഗ്രതയുള്ളതാണെന്ന് ഞാൻ കരുതുന്നു.

***തീവ്രദേശീയത ആവിഷ്കാരസ്വാതന്ത്ര്യ ത്തിന് മേൽ കടന്നു കയറുമ്പോൾ അത്ത രമൊരു സാഹചര്യത്തിനെ എങ്ങനെ നേ രിടുന്നു?***

ആവിഷ്കാര സ്വാതന്ത്ര്യവും തീവ്രവാദ വും തമ്മിൽ ബന്ധമുണ്ടെന്ന് കരുതുന്നത് വളരെ തെറ്റായ കാഴ്ചപ്പാടാണ്. സമൂ ഹത്തിൽ തീവ്രവാദം വ്യാപിക്കുന്നതിന് പല തരത്തിലുള്ള സാമൂഹിക-രാഷ്ട്രീയ കാരണങ്ങളുണ്ട്. അവ ശ്രദ്ധിക്കേണ്ടത് അത്യാവശ്യമാണ്. തീവ്രവാദത്തിന്റെ മറ വിൽ അഭിപ്രായ സ്വാതന്ത്ര്യം ഹനിക്കു ന്നത് ജനാധിപത്യത്തിന് ഭീഷണിയാണ്.

***അന്ധവിശ്വാസങ്ങളും, അനാചാരങ്ങളും ഭരണകൂടം ഉപയോഗിക്കുന്നതിനെ സംബ ന്ധിച്ച അഭിപ്രായം?***

രാഷ്ട്രീയ അധികാരം നിലനിർത്താൻ അവർ അന്ധവിശ്വാസങ്ങൾ മാത്രമല്ല, പൗരാണികത, ദൈവം, സംസ്കാരം, ജാ തി, മതം എന്നിവയും ഉപയോഗിക്കുന്നു. പണ്ടു മുതലേ നടക്കുന്ന തന്ത്രാഭ്യാസ മാണിത്. ചാണക്യന്റെ അർത്ഥശാസ് ത്രം, ഭഗവദ് ഗീത തുടങ്ങിയവയെല്ലാം അധികാരത്തിലുള്ളവരെ അത്തരം രീതി കൾ പഠിപ്പിക്കുന്നു. അതിനാൽ ഏറെനാ ളുകളായി അധികൃതർ ഈ ശ്രമങ്ങൾ നടത്തുകയാണ്.



***എഴുത്ത് അവസാനിപ്പിക്കുമ്പോൾ അക്ഷരമെന്ന ആയുധം താഴെ വച്ചു, ഇനി ഇത്തരം സാമൂഹിക വ്യവസ്ഥിതികൾക്കെതിരായ പോരാട്ടത്തിനുള്ള മാർഗ്ഗം ഏതാണെന്ന് വ്യക്തമാക്കാമോ?***

എഴുത്ത് എന്ന ആയുധം താഴെ വെച്ച് യുദ്ധം ചെയ്യാനുള്ള വഴിയെക്കുറിച്ച് എഴുത്തുകാരനോട് ചോദിച്ചാൽ അയാൾ എന്ത് പറയും? എഴുത്തുകാരുടെ ആയുധം എഴുത്ത് തന്നെയാണ്. മറ്റുള്ളവർ അവരവരുടേതായ സമരമാർഗങ്ങൾ കണ്ടെത്തണം.

***സൗത്ത് ഇന്ത്യൻ സംസ്ഥാനങ്ങൾക്ക് മേലുള്ള സംഘപരിവാർ കടന്നുകയറ്റവും ഇടതുപക്ഷത്തിന്റെ മുന്നേറ്റവും എങ്ങനെ നോക്കിക്കാണുന്നു ?***

അധിനിവേശം അതിവേഗം സംഭവിക്കുന്നു. എല്ലാ ദിക്കിൽ നിന്നും ആർപ്പുവിളികൾ ഉയരുന്നു. പൊടിപടലങ്ങൾ കണ്ണിനെ മറയ്ക്കുന്നു. എന്നാൽ ഏറ്റുമുട്ടൽ വളരെ സുഗമമായും വലിയ പദ്ധതികളില്ലാതെയും നടക്കുന്നു. ഇടതുപക്ഷം അതിനെ നേരിടുന്നുണ്ട്. കാര്യമായ പുരോഗതി ഉണ്ടായതായി ഞാൻ കരുതുന്നില്ല.

***വളർന്നുവരുന്ന തലമുറയുടെ ഇത്തരം വിഷയങ്ങളോടുള്ള സമീപനം എത്തരത്തിൽ നോക്കിക്കാണുന്നു?***

വളർന്നുവരുന്ന തലമുറയ്ക്ക് ഉപജീവന പ്രശ്നമാണ് പരമപ്രധാനം. എല്ലാം മീമുകളിലൂടെ കടന്നുപോകുന്ന ഒരു തലമുറ പോലെ തോന്നുന്നു.

***പെട്ടെന്നൊരു സാഹചര്യത്തിൽ തന്റേതല്ലാത്ത കാരണത്താൽ എഴുത്ത് ഉപേക്ഷിക്കേണ്ടതായി വന്നപ്പോൾ ആ സമയത്തിനെ എങ്ങനെയാണ് മറികടന്നത് ?***

ഞാൻ മനസ്സിലാണ് അപ്പോൾ എഴുതിയത്.

***മൗലിക അവകാശങ്ങളെ ഭരണകുടങ്ങൾ തന്നെ അട്ടിമറിക്കുമ്പോൾ ഇന്ത്യൻ ജനതയുടെ നിലനിൽപ്പിനെ ഇത് എങ്ങനെ ബാധിക്കും?***

അത് ഫാസിസത്തിന് കീഴിലുള്ള അടിമത്തത്തിലേക്ക് നയിക്കുന്നു. ■


# December 25: The Ashes of Manusmriti



Adwaith B
Political Science

***"You must destroy the religion of the Shrutis and Smrutis. Nothing else will avail. Hinduism is a veritable chamber of horrors and it must die for caste to vanish. I believe in religion of liberty, equality and fraternity."***
***-Dr B R Ambedkar***

On December 25,1927 the world witnessed the historical event of burning manusmriti by the great Babasaheb Ambedkar. He believed that Manusmriti is a sign rejecting the religious basis of untouchability. Millions came into Mahad in konkan, a coastal region in the state of Maharashtra during the Mahad Satyagraha to spectate the epic event. The motive of Mahad Satyagraha was to get access to public water and



to uphold dignity and humanity for the dalits. Manusmriti was all against the women and Dalits where they were not even treated as humans. The public burning of Manusmriti was a symbol of emancipation for Dalits and women as well as an approach to show disdain for upper-class Brahmanism and self-dignity. It signalled the end of humiliation, upper-caste dominance, and animosity toward Dalits. The Peshwa dynasty in Maharashtra, which had enacted the majority of the rules from Manusmriti is where one can observe the degree of heinous injustice meted out to Dalits in those laws. The Dalits had to travel with a broom staff strapped to their backs so that their footprints wouldn't contaminate the road when they enter the city. They were made to wear a pot around their necks so they could carry their spit in it. They were not permitted to possess any weapons and denied rights for education.

If Dalits disobeyed these rules, they were slaughtered. Manusmriti showed injustice to women from all the castes as well as Dalits. The worst example of this is the satanic rituals and child marriage. Dr Ambedkar recognized that Manusmriti prevents women from exercising several rights , including rights to education, independence, freedom and the ability to inherit riches. According to the book, women is nothing more than a sex object from her birth and depends entirely on her male counterpart. The upper caste men received permission from Manusmriti to not only own but to also sexually abuse Dalit women. Thus, burning Manusmriti was a step to destroy superstition




# വിശാലമായ ലോകം



**ജുബിൽ**
**പൊളിറ്റിക്കൽ സയൻസ്**

ദിനംപ്രതി അടിമുടി തിരുത്തപെടുന്ന, തിരുത്തപ്പെടേണ്ട ഒരു കാലത്തിലാണ് നമ്മൾ ഓരോരുത്തരും ഇന്ന് ജീവിക്കുന്നത്. ഒന്ന് കണ്ണ് തുറന്ന് നോക്കിയാൽ  നിറത്തിലും, രൂപത്തിലും,ജാതിയിലും, മതത്തിലും,ആശയങ്ങളിലും, ജൻഡറിലും, ലൈംഗികതയിലും എല്ലാം നമുക്ക് വൈവിധ്യമാർന്ന മഴവില്ലുകൾ കാണാൻ സാധിക്കും. എന്നാൽ പലപ്പോഴും ഈ മഴവില്ലുകൾ നമ്മൾ അവഗണിക്കുക മാത്രമല്ല, അതിനെ ഒറ്റപ്പെടുത്തുകയും അകറ്റിനിർത്തുകയും ചെയ്യുന്നു. തികച്ചും ജീവശാസ്ത്രപരമായ ലിംഗത്തെയും ലൈംഗികതയെയും, നൂറ്റാണ്ടുകൾക്ക് മുന്നേയുള്ള മത മൂല്യങ്ങൾ കൊണ്ട് തളച്ചിടേണ്ടതുണ്ടോ?

സെക്സും ജൻഡറും ലൈംഗികതയും, ഒരു ആധുനിക പൗരൻ മനസിലാക്കി ഇരിക്കേണ്ട 3 കാര്യങ്ങൾ ആണ്.ഒന്ന് ഗൂഗിളിൽ നോക്കിയാൽ എന്താണ് ഈ മൂന്നു കാര്യങ്ങൾ എന്ന് നിമിഷങ്ങൾക്കകം നമുക്ക് മനസ്സിലാക്കാൻ സാധിക്കും. എന്നാൽ എന്തിനാണ് നമ്മൾ ഇത് അറിഞ്ഞിരിക്കേണ്ടത്? ഒരൊറ്റ ഉത്തരമേ ഒള്ളു അത് നമ്മളെ അറിയാനും, മറ്റുള്ള

വരെ മനസിലാക്കാനും ആണ്. നമുക്ക് നമ്മളെ എത്രത്തോളം അറിയാം എന്നത് ഒരു ചോദ്യചിഹ്നം ആണ്. നമ്മുടെ ജൻഡർ എന്താണ്? നമ്മുടെ ലൈംഗികത എന്താണ്? ഇതൊക്കെ വളരേ എളുപ്പം ആണെന്ന് തോന്നുമെങ്കിലും അത്ര എളുപ്പമല്ല. പുരുഷധിപത്യ hetronormative സമൂഹത്തിൽ നമ്മൾ ജീവിക്കുമ്പോൾ, നമ്മൾ എത്രമാത്രം conditioned ആണെന്ന് തിരിച്ചറിയുമ്പോൾ, "എനിക്ക് എന്നെ നല്ലപോലെ അറിയാം" എന്നുള്ള നമ്മുടെ ഉത്തരം ഒക്കെ മാറും. അതൊക്കെ പുരുഷ ാധിപത്യ സമൂഹത്തിന്റെ സൃഷ്ടി ആയിരുന്നെന്നു നമുക്ക് മനസ്സിലാകും.

നമ്മുടെ കുടുംബത്തിൽ നിന്നാണ് ആദ്യമായി ഈ conditioning തുടങ്ങുന്നത്. ഏത് വസ്ത്രം ധരിക്കണം, എങ്ങനെ പെരുമാറണം, എന്തൊക്കെ ജോലികൾ ചെയ്യണം എന്ന് ലിംഗ വ്യത്യാസത്തിൽ തരം തിരിച്ചു കൊടുക്കുന്നു. ആ വ്യക്തി അത് അങ്ങനെ തന്നെ തന്റെ സമൂഹത്തിൽ ഛർദ്ദിക്കുന്നു. ഇത് കാലാകാലങ്ങളായി തുടർന്ന് പോകുന്നു. ഒരു ഇണയെ തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം പോലും ആ വ്യക്തിക്ക് ഇല്ല. കുടുംബത്തിന്റെ, മതത്തിന്റെ, സമൂഹത്തിന്റെ മൂല്യങ്ങൾ ആണ് വലുത്, തന്റെ ഇഷ്ടങ്ങൾ അല്ല എന്ന് ഊട്ടിയുറപ്പിക്കപ്പെടുന്നു. ഒരാളെ ഇഷ്ടപ്പെട്ടു പോയാൽ പിന്നെ കരച്ചിൽ ആയി പിഴിച്ചിൽ ആയി, കൊലപാതകം വരെ ആയി. ഇതിന്റെ ഏറ്റവും വലിയ ഇര സ്ത്രീകളാണ്. അടുക്കയിലെ നാലുചുവരിൽ പുരുഷൻ അവളെ ഒതുക്കി അടക്കി

> ***ആദ്യം നമ്മൾ നമ്മുടെ ശരീരത്തെ അറിയേണ്ടതുണ്ട്. എന്നാലേ നമുക്ക് മറ്റുള്ള മനുഷ്യരെ മനസ്സിലാക്കാൻ സാധിക്കു, അവരുടെ ശരീരവും മനസ്സും മനസിലാക്കാൻ സാധിക്കൂ. അവരെ ചേർത്ത് നിർത്താൻ സാധിക്കൂ.***

നിർത്തുന്നു.കിടപ്പറയിൽ പുരുഷന്റെ കാമം തീർക്കാൻ ഒള്ള ഉപകരണം ആയിട്ട്, കുട്ടികളെ പെറ്റ് ആണിന്റെ പാരമ്പര്യം നിലനിർത്താനും, പിന്നെ കുടുംബത്തിന്റെ വിളക്കുവാനും സ്ത്രീകളെ conditioning ചെയ്യുന്നു. ആ ദേവിയായ സ്ത്രീയുടെ ആർത്തവത്തെ അശുദ്ധിയായി ചിത്രീകരിക്കുന്ന പുരുഷൻ ഓർക്കുന്നില്ല അവൻ ആ രക്തത്തിൽ നിന്നാണ് ഉണ്ടായത് എന്ന്. ഇങ്ങനെ ഉള്ള സമൂഹത്തിൽ ജീവിക്കുമ്പോൾ, ജൻഡറിനെ  കുറിച്ചും, അവരുടെ പ്രശ്നങ്ങളെ കുറിച്ചും, തന്റെ ലൈംഗികതയെ കുറിച്ച് അറിയേണ്ടത് അനിവാര്യമാണ്. ആർത്തവം സ്ത്രീകൾക്ക് മാത്രമല്ല ചില ട്രാൻസ് വ്യക്തികൾക്കും ഉണ്ടാകും എന്ന് ഓരോരുത്തരും അറിയേണ്ടത് ആവശ്യം ആണ്,  ആണ്-പെണ്ണ് മാത്രമല്ല അതിനപ്പുറത്തേക്ക് വിശാലമായ ലോകം ഉണ്ടെന്ന് തിരിച്ചറിയേണ്ടതുണ്ട്, LGBTIQA+ എന്ന ആ വലിയ ലോകത്തെ അറിയേണ്ടതുണ്ട്. അതിന് ആദ്യം നമ്മൾ നമ്മുടെ ശരീരത്തെ അറിയേണ്ടതുണ്ട്. എന്നാലേ നമുക്ക് മറ്റുള്ള മനുഷ്യരെ മനസ്സിലാക്കാൻ സാധിക്കു.അവരുടെ ശരീരവും മനസ്സും മനസിലാക്കാൻ സാധിക്കൂ. അവരെ ചേർത്ത് നിർത്താൻ സാധിക്കൂ.കാലങ്ങളായി തുടർന്ന് പോകുന്ന ഈ ഒറ്റപ്പെടുത്തലുകളെ നമുക്ക് ഒരുമിച്ച് തോൽപ്പിക്കാം.പവിത്രത, ചാരിത്ര്യം എന്ന സ്ത്രീയെ തളച്ചിടുന്ന അളവുകോൽ എടുത്ത് തോട്ടിൽ കളഞ്ഞിട്ട്, പറയണം “എന്റെ ശരീരം എന്റെ അവകാശം”. കാലഹരണപ്പെട്ട മതമൂല്യങ്ങൾക്കെതിരെയുള്ള പോരാട്ടങ്ങൾ ആയിരിക്കണം നമ്മുടെ ഓരോ തിരിച്ചറിവുകളും പ്രവർത്തികളും. ■





Credits:
Hafsa Amna
Arabic



**നിരഞ്ജന എ വി**
ഫിലോസഫി

# അച്ഛന്റെ പേര്

"അച്ഛനെ ഓർക്കാത്ത ഒരു ദിവസം പോലും ഇല്ല കഴിഞ്ഞ  പതിനഞ്ച് വർഷായിട്ട്... ഒന്നുംകൂടി കാ ണണമെന്ന് എനിക്കില്ല പക്ഷേ എന്റെ യച്ഛനെന്നെ കാണാൻ കൊതികാ ണു വെന്നെനിക്കറിയണം മനൂ... കാണാതെ ശല്യപ്പെടുത്താതെ എനിക്കറിയണം..."
"എവിടെയാണെങ്കിലും അച്ഛനെ കണ്ട്പിടിച്ച് തോളിലെടുത്തിട്ട് ഞാൻ നിന്റെ മുന്നിൽ കൊണ്ട് വന്ന് വയ്ക്കും കാണണോ"
കീർത്തിയ്ക്ക് അറിയാതെ ചിരിപൊട്ടിപ്പോയി മുൻനിരയിലെ വിടവുള്ള പല്ലുകൾ കാട്ടി അവൾ കണ്ണിറുക്കി ചിരിക്കുന്നതിന്റെ വൈഡ് ഷോട്ടിൽ മനുവിന് ഒരു സുന്ദരിപ്പെണ്ണിന്റെ കാമുകനാ യതിൽ അഭിമാനം തോന്നി.
"അയ്യേ ...നീ വെറും പൈങ്കിളിയാണല്ലോ,ഞല്ല ക്ലീഷേ കാർമുകൻ"
"എന്താടീ പുച്ഛിക്കുവാണോ ഞാനൊന്ന് തുനിഞ്ഞെറങ്ങിയാലൊണ്ടല്ലോ സാക്ഷാൽ വായുദേവൻ ദാദിവിടെ വന്ന് തല കുമ്പിട്ട് നിക്കും പിന്നെയാ നിന്റച്ഛൻ ഇറ്റ്സ് ആസ് ഈസി ആസ് പ്ലക്കിങ്ങ് ഏ ബ്ലഡീ ഫ്ലവർ"
"ഉവ്വ...എങ്ങനെ കൊണ്ട് വരുവെന്നാണ് പറഞ്ഞത്??
"എന്റെ പ്രിയേ... ഈ മറിമാൻ മിഴികളും പനിനീരലർ ചുണ്ടുകളും എനിക്ക് ഭിക്ഷയായി തന്ന ഭവതിയുടെ അഭിവന്ദ്യ പിതാവിനെ അതായത് എന്റെ അമ്മാവനെ എനിക്കെന്റെ അകക്കണ്ണിൽ കാണാം ഭവതിയുടെ ഞാറയ്ക്കച്ചുവപ്പ് നിറവും ആറടിപ്പൊക്കവും സമം ചേർന്നൊരു

ഘടാഘടിയരൂപം എനിക്ക് പ
കൽപോലെ വ്യക്തമാണ്,ഇനി
എങ്ങനെ കൊണ്ട് വരുമെന്നതാണല്ലോ
ക്വസ്റ്റ്യൻ ഈ തോളിലെടുത്ത് കൊണ്ട്
വരും തൂക്കിയെടുത്ത് തോളിലിരുത്തി
കൊണ്ട് വരും"
"ആഹാ കൊള്ളാല്ലോ ഇത്ര ധൈര്യം
ഞാനെന്റെ ചാൾസ് ശോഭരാജിൽ
മാത്രമേ കണ്ടിട്ടുള്ളു!"
"തേങ്ക്സ്..."
"വെൽക്കം..."
"പിന്നേ കീത്തൂ... ശരിക്കും
എവിടെയായിരിക്കും അച്ഛൻ...!
"ആ... എനിക്കറിഞ്ഞൂട
ഇനിയെവിടെയെങ്കിലും വച്ച് കണ്ടാൽ
ഞാൻ തിരിച്ചറിയുവോ എന്ന്പോലും
എനിക്കറിഞ്ഞൂട. നിങ്ങളുടെയൊക്കെ
മുന്നിൽ എന്റച്ഛൻ ജീവിതത്തിൽ
നിന്ന് ഒളിച്ചോടിയ ഒരാളാണ് പ
ക്ഷേ നിനക്കറിയാമോ,ഞാനെന്നെ
സ്നേഹിക്കാൻ പഠിച്ചത് എന്റെ
അച്ഛന്റെയടുത്ത്ന്നാണ് അച്ഛൻ
പോയത് അച്ഛന്റെ സ്വപ്നങ്ങൾക്ക്
പിറകേയാണ്"
മനുവിന്റെ പുരികം വില്ല് പോലെ
വളഞ്ഞതിന്റെ ചന്തത്തിൽ അവൾ
തട്ടിത്തടഞ്ഞ് വീണു.അവനെ
മണലിലേക്ക് തള്ളിയിട്ട് അവൾ
അടുത്തിരുന്നു ബീച്ചിൽ ഒന്നോ
രണ്ടോ പേരുണ്ടായിരുന്നു ചെരുപ്പഴിച്ച്



“

***നിനക്കറിയാമോ എന്റച്ഛൻ എന്തൊരു സുന്ദരിയായിരിക്കുവെന്ന്? അച്ഛൻ അപ്പച്ചിയെപോലെയായിരുന്നെടാ... എന്റെയീ നിറവും അപ്പച്ചിയുടെ ചന്തവും കോലൻ തലമുടിയും  എന്റച്ഛൻ സുന്ദരിയായിരിക്കും...***

”

അടുത്ത് വച്ച് അവൾ വെറുതേ കടൽ നോക്കിയിരുന്നു കടൽക്കാറ്റ് തട്ടിപ്പറന്ന അവളുടെ ചുരുളൻ മുടികൾക്കിടയിലൂടെ അവളുടെ തവിട്ട് കണ്ണുകളുടെ ക്ലോസപ്പിൽ മനു കണ്ണീർ കണ്ടു

“അന്നെനിക്ക് മനസ്സിലായില്ലടാ അച്ഛനെന്നെക്കളഞ്ഞിട്ട് പോയ്ക്കളഞ്ഞതെന്തിനാണെന്ന് മെചർ ആയ അന്ന് മുതൽ ഞാൻ കണ്ണെഴുതുന്നതും പൊട്ട് തൊടുന്നതും അതുവരെയില്ലാത്ത കൊതിയോടെ അച്ഛൻ നോക്കി നിൽക്കുന്നത് കണ്ടപ്പോഴൊക്കെ ഞാൻ പേടിച്ച് പോയിട്ടുണ്ട്. അച്ഛനെന്നോട് വേണ്ടാത്തതെന്തോ തോന്നിപ്പോകുവാണെന്ന്.അച്ഛന്റെ കൈയ്യെന്റെ നേരെ നീണ്ട് വരുന്ന രാത്രികളുണ്ടാവുമെന്നോർത്ത് ഞാൻ ശ്വാസം വിടാതിരുന്നിട്ടുണ്ട് പക്ഷേ അപ്പോഴൊന്നും മനസ്സിലായില്ലടാ എന്നെ അച്ഛൻ കൊതിയോടെ നോക്കിയതാണെന്ന് തീരെ തീരെ നിറയുന്ന കുപ്പി വളപ്പെട്ടിയിലെന്റെ അച്ഛന്റെ കൊതികളായിരുന്നെന്ന് എന്റച്ഛൻ ഒരു പെണ്ണാണെന്ന് ഇന്നാണെങ്കിൽ എനിക്ക് മനസ്സിലായേനെ എന്റെ അച്ഛനെ ഓരോന്ന് പറഞ്ഞ് അപ്പച്ചി പ്രാകുമ്പോ എനിക്ക് നോവും. അപ്പച്ചിക്കറിയായിരുന്നു അച്ഛന് എല്ലാരെയും പേടിയായിരുന്നു, എന്റെ അമ്മയെക്കൂടെ, അമ്മ എല്ലാം അറിഞ്ഞിട്ടും അച്ഛനെ പിടിച്ച് വച്ചുകളഞ്ഞു, കൊച്ച് വിശന്ന് വിളിക്കുമ്പോ പാല് വറ്റിയ ഒറ്റമുലച്ചിയമ്മ കിടന്ന് നീറണ പോലെ എന്റച്ഛൻ പുളഞ്ഞ് കാണും.അമ്മ മരിച്ചപ്പോഴും അച്ഛന് മാത്രം രക്ഷപ്പെടാൻ പറ്റിയില്ല.അമ്മയുടെ പിറകേ മോള് വന്നു ഞാൻ പട്ടിണി കിടന്ന് ചാവാതിരിക്കാൻ അച്ഛൻ വീണ്ടും



കിടന്ന് അനുഭവിച്ചുഎല്ലാർക്കും
അറിയായിരുന്നു എനിക്കൊഴിച്ച്
ഞാനത് അറിഞ്ഞപ്പോ അത്
വെറും തിരിച്ചറിവ് മാത്രമാ
യിപ്പോയി തിരിച്ചറിവ് പോലെ
നിസ്സംഗമായതൊന്നും ഞാനിന്നേവരെ
അനുഭവിച്ചിട്ടില്ല അതുണ്ടാവുമ്പോൾ
എല്ലാം അവസാനിച്ച് പോവും കടലിൽ
വീണലിഞ്ഞ് ഇല്ലാതായിപ്പോകും
എന്നറിഞ്ഞാൽ പിന്നങ്ങോട്ടേതേലും
പുഴയൊഴുകുവോ! അറിഞ്ഞിട്ട്
ഒഴുകണ്ടെന്ന് വച്ചാ ഒഴുകാതിരിക്കാൻ
പറ്റുവോ!"
മനു പിടഞ്ഞെഴുന്നേറ്റ് അവളുടെ
തലയ്ക്കിട്ട് കൊട്ടി.
"ഇപ്പോ എളുപ്പമായില്ലേ ...!
ഇനിയെനിക്ക് നിന്നെപ്പോലൊരു
അമ്മൂമ്മയെ തിരക്കി നടന്നാപ്പോരേ,കു
പ്പിവളയിട്ടൊരു അമ്മൂമ്മ..."
"ഒഞ്ഞ് പോടാ..."
അവൾ ആവേശത്തോടെ കണ്ണ്തുടച്ചു.
"നിനക്കറിയാമോ എൻ്റച്ഛൻ എന്തൊരു
സുന്ദരിയായിരിക്കുവെന്ന്? അച്ഛൻ
അപ്പച്ചിയെപോലെയായി രുന്നെടാ
എന്റെയീ നിറവും അപ്പച്ചിയുടെ
ചന്തവും കോലൻ തലമുടിയും
എൻ്റച്ഛൻ സുന്ദരിയായിരിക്കും
ഒരിക്കലും നടന്നില്ലേലും
എവിടെയെങ്കിലും വച്ച് നീ
അച്ഛനെ കണ്ടാ ഇങ്ങോട്ട് വരാൻ
നിർബന്ധിക്കരുത്
എനിക്ക് ഇനി എന്റെ അച്ഛന്റെ
മോളാകണ്ട വെറുതെയാണീ പ
റയുന്നതെങ്കിലും പക്ഷേ അച്ഛൻ
എപ്പൊഴേലും ഒക്കെ വിചാരിച്ച് പോയ
പോലെ ഒരു നമ്പർ വൺ ശത്രു
ഇവിടെ കൊച്ച് പിച്ചാത്തിയും പിടി
ച്ചിരിക്കുവല്ലെന്ന് പറയണം പിന്നെ പ
തുക്കെ പച്ച കമ്മലിട്ട കാതിൽ നീ
കീർത്തീന്ന് വിളിക്കണം കീർത്തീന്ന്
അപ്പോ അച്ഛൻ കണ്ണിറുക്കി ചിരിക്കും
അതായിരിക്കും എന്റെ അച്ഛന്റെ പേര്...
അതാണെന്റെ അച്ഛന്റെ പേര്...



**Aadya Sain**
English

# ASEXUALITY
## AN EMERGING IDENTITY

Understanding what has commonly been viewed as dysfunctional or repressed sexuality is now coming to light, at least among youth. As per the Asexual Visibility and Education Network (AVEN), an Asexual is a person who does not experience sexual attraction, and asexuality is the lack of sexual attraction to others or low or absent interest in or desire for sexual activity. It may be considered a sexual orientation or the lack thereof. It may also be categorised more widely to include a broad spectrum of asexual sub-identities. Attention to human asexuality came mainly from the medical and psychological discourse, which was, in the beginning, marked as “inhibited sexual desire”, “hypoactive sexual desire disorder”, etc., in the 1980s. There is a marked difference between those who experience a decrease in libido and those who do not experience sexual desire. Our primary focus is on the latter group, locating asexuality as a viable sexual and social identity. Anthony F. Bogaert, in his 2004 article, endorsed that approximately 1% of the population is asexual. However, a recent 2019 Williams Institute survey identified an estimated 1.7% of

sexual minorities as asexual adults. The study also found that asexuals are more likely to be women or gender non-binary, assigned female at birth, and younger than non-asexual lesbians, gay men, and bisexual adults. People often confuse asexuality with celibacy or impotence. AVEN repeatedly opposes that celibacy and asexuality are not the same. They claim that celibacy is a choice to abstain from sexual activity. But asexuality is not a choice but a sexual orientation describing people who don't experience sexual attraction. The main problem of the mass is that they don't believe that any category of LGBTQIA+ is natural. The irony is that they stick hard with the term 'natural' when people live in an artificial house and travel in manufactured automobiles. If we look close enough, there are more artificial things

*"International Asexuality Day (IAD) is an annual celebration of the asexuality community that takes place on 6 April. The first International Asexuality Day was celebrated in 2021."*

created from the brilliance of the human mind than natural objects in this world. But they're not ready to accept something out of the ordinary for human reason. Having a transgender person or a different sexual orientation is nothing new. This is also natural as far as medicine and psychology are concerned. As per Michel Foucault, sexuality is a socially constructed norm where heterosexual relationships are considered normal. The importance of this article is because nowadays, with the help of the internet and other media, queer identities like gay, lesbian, and transgender are getting recognised and accepted by most people and the government. In contrast, asexuality is ignored or considered as a hard-to-believe concept. Both homosexual and heterosexual communities thought of asexuals as not only cold but also animalistic and unrestrained. Asexual activist, author, and blogger Julie Decker has observed that sexual harassment and violence, such as corrective rape, commonly victimise the asexual community. Sociologist Mark Carrigan sees a middle ground, arguing that while asexuals often experience discrimination, it is not phobic but "more about marginalisation because people genuinely don't understand asexuality." The general reaction of people towards asexual is like: "It can't be real as it goes against evolution." or "You'll be ok when you find the right person." One among the asexual symbols, the dragon symbol, partially came about from jokes that no one thinks asexuals exist. The counter is basically, "Well, no one thinks dragons exist either, so we get the dragons. The typical attitude towards the ace community when they reveal their identity to the public is: "Sounds fake, but ok." Which will make them hard to come out and forever suppress themselves as a closeted identity. Talking this cliché dialogue to the next level, a weekly comedy podcast that focuses on asexuality and aromanticism, hosted by the University of Michigan and was honoured with the 2020 Discover Pods Award for "Best LGBTQ+ Culture Podcast." Hesitance in intimacy is often shown as laughable or shameful by the media. Overall, the messaging around sexuality in media has long told us that firstly, there's always an explanation for why a character does not want intimacy- they're lying, shy, impotent, insecure, or anything other than simply un-



interested. And secondly, lack of experience is a funny pathology that can and should be "fixed." The asexuality of characters is erased from the media by either ignoring their existence or shipping them with other characters. Sherlock Holmes, too, in the original work, is an asexual. But later in the adaptations and live actions, he's portrayed as a romantic. Another example is Sheldon Cooper from the Big Bang Theory, where he was initially described as an asexual. Still, in the latter series, he turned out to be in a relationship for the satisfaction of the fans. Asexual and aromantic characters like Elsa from FroZen, Sherlock Holmes, Sheldon Cooper from The Big Bang Theory, and Lord Varys from The Game of Thrones remind us that self-actualisation is possible beyond romance. They demonstrate how work and friendship can provide a great sense of fulfilment and meaning. Some of the characters are portrayed as "married to job" types. They're often creative geniuses and passionate about their work. Being asexual doesn't mean not wanting love. Some asexual people want to be in a romantic relationship. Like most human beings, they want to connect with people deeply and meaningfully. Also, some asexuals don't seek a relationship- they're called aro-

mantics. as the saying goes, 'all asexuals are not aromantics, but all aromantics are asexual.' Now, coming to the regional context, where family is the base of the whole existence, anything out of the norms is taboo. Marrying first off their children is the number one priority of most parents. When we welcome the cuisine, fashion, business ideas, films and literature to our culture from the west, it should also be applicable to ideas and concepts in life. In a social context like this, it is hard to accept that one's child is not getting married and cannot give them grandchildren. Will this change the fact that the love and care they provided until now will stop? Sadly, some families disown them. Think about the possibility of forcing marriage on an asexual person? Their failed marriage will cause stress and often becomes domestic violence and marital rape. Many women among us are married off as it is a duty to be fulfilled and are experiencing abuse and depression.

"


*Asexual and aromantic characters like Elsa from FroZen, Sherlock Holmes, Sheldon Cooper from The Big Bang Theory, and Lord Varys from The Game of Thrones remind us that self-actualisation is possible beyond romance.*

"

It is like someone forcing you to eat a food item you don't like, saying it is healthy and everyone around you eats it. This article should be an eye-opener. Asexuality is not something that emerged as a part of the post-modernist idea. It is a human condition of the mind which has existed as long as humans come into being. It is just that, until now, we mark them under some known medical terms. Asexual people are around us. They're scared to come out because of the heterosexual biased society and are ignorant about their feelings and existence.

International Asexuality Day (IAD) is an annual celebration of the asexuality community that takes place on 6 April. The first International Asexuality Day was celebrated in 2021. It involved asexuality organisations from at least 26 countries. Its activities included virtual meet-ups, online and offline advocacy programs, and sharing stories in various art forms. Ace Week (formerly Asexual Awareness Week) occurs on the whole last week in October. It is an awareness period created to celebrate and bring awareness to asexuality (including grey asexuality), founded by Sara Beth Brooks in 2010. Asexuality is an emerging identity of this era. There are many people who struggle with mixed up feelings and signs, which could result in existential and identity crises or even depression and lesser social involvement. So, it is essential to solve this mental crisis. It is always better to stay loyal to yourself than to live in a façade made by society. Everyone has different appearances, intellects, and behaviours. Therefore, it is natural that sexuality is also diverse. It's perfectly normal. Accepting who you are is of utmost importance.

# "My sexual preferance is nope"



# ഓർമ്മകൾ മരിക്കട്ടെ

നാളെ നീ നാം കണ്ട നാളകളൊക്കെയും
നീരാഞ്ജനത്തിൽ എരിച്ചു കളയുക..
കാറ്റെടുത്തിട്ടോരിലഞ്ഞിപ്പൂക്കൾ
വാരിയെൻ പട്ടുപാവാട വിരിയിൽ വിതറുക..
നമ്മുടെ ഓർമ്മതൻ അപ്പുപ്പൻതാടിയെ
വിത്തിറുത്തിട്ട് പറത്തിവിട്ടീടുക...
എങ്ങും അത് പോയ് മുളയ്ക്കാതിരിക്കട്ടെ..
ഇന്നുകൾ നാളയെ ഇല്ലാതെ ആക്കുകിൽ
എന്നെ നീ ചേർത്തു...ചേർത്തണച്ചീടുക...
മാനത്തുക്കണ്ണികൾ തുള്ളിക്കളിക്കുന്ന
പാടക്കുളത്തിൻ ചെരുവിലിരുന്ന് നാം
കോരിക്കുടിച്ച ധനുനിലാവെള്ളത്തിൻ
ആമ്പൽമണത്തെ എന്നേയ്ക്കായ് മറന്നിടാം...
ഇലകളില്ലാത്ത ശിഖരത്തിലെക്കൂട്ടിൽ,
വെയിലേറ്റ് പൊട്ടിയ കുയിൽമുട്ട പോലെ ഞാൻ,
സ്മരണകൾ മാഞ്ഞ മരുവിലായ് മറയുമ്പോൾ,
ഓർമകൾ തൻ ഇലഞ്ഞിക്കാട്ടിലേക്കെന്റെ
വിണ്ട പാദങ്ങളെ നീ വലിക്കാതിരിക്കുക...



സ്നേഹ ബിജു
മലയാളം



**ஜென்சி ஜெ**
தமிழ்

# மறந்துப் போகாதே...

தெருவோரங்களில் கிடக்கும் குப்பையல்ல
நகரோரங்களில் வைக்கப்பட்டிருக்கும்
குப்பைத்தொட்டியும் அல்ல...
நம்மை அணு அணுவாக நேசித்து
ஆழமான அன்பு வைத்து
தேவைகளையும் சந்தித்து
தேவைக்கு
அப்பாற்பட்டவைகளையும்
கொடுத்து அலங்கரிக்கும் நம்
பெற்றோர்கள்
மாதா பிதா குருவின் மொத்த உருவமே
பெற்றோர்!...
இங்ஙனம் வைத்து பார்க்க வேண்டிய
பெற்றோர்களை முதிர்வுற்ற பிறகு

தெருவோரங்களிலும்
நகர்ப்புறங்களிலும்
ஆதரவற்றவர்களாக்கி
குப்பையைப்போல எறிந்து விட்டு
போகின்றோம்
பத்து மாதம் சுமந்து பெற்ற தாயைப் பாதுகாக்க
மறுக்கிறாய்
கல்லுடைத்து  மூட்டைச்சுமந்து தன்னையும்
மறந்து
உன்னை வளர்த்த தந்தையை தார் ரோட்டில்
தவிக்க வைக்கிறாய்
இளமை என்பது இருக்கும் வரை
முதுமை வந்தால் நீயும் முறிந்து விடுவாய்
மறவாதே!.....



# Where Lilies Fall



Sreeju B
M.Tech
Optical Electronics

Where Lilies fall. “Joseph, make sure that arch can stand the wind. Be careful.” Kevin requested the decoration supervisor as he entered the vibrant hall. Xavier’s recreational hall was getting ready for another event for the dawn. Facing the white-sand shores of the Indian Ocean, the place was breathtakingly beautiful. The guests were slowly pouring in and Hailey, the golden retriever, distinguished Kevin’s cologne and followed his footsteps. He stopped and gave her a ruffle over the head, as the tail wagged and ears bent backwards highlighting her puppy eyes

“Everyone is running around and you





are playing with Hailey?" a familiar sound enunciated from the hallway. Kevin looked up to see Mr. Sharma with a playful giggle. Kevin wrapped his arms around the unexpected guest. "You came?" he shouted in excitement. Patting on his back, Krunal replied, "I wouldn't have missed it, ever." He continued, "Now, where is our groom?" "The party starts around sunset. He is getting ready. Third room to the left." Kevin pointed at a twirling stair. Krunal turned around, stopped after a few steps, and looked back and said, "Come on, Hailey. Let's visit your master." The paws gladly led the way. As Mr. Sharma ascended the stairs, he saw the tensed complexion in Kevin's face. 'Poor lad, he is doing everything to make it a perfect evening' he thought to himself. He had a smile on his face as he made the left turn. Kevin had taken the responsibilities of the evening all by himself. He was everywhere. From the decorators to the caterers, he was there where his legs could take him. Michelle, Kevin's wife,

was due to give birth in a month or two. Still, she was also there helping him while trying to keep an eye on their son, Ronny. Ronny jumped over Kevin as he came to check on his wife. "Dad, where is Hailey?" the kid raised the question towards his sweating father, who was trying to catch a breath. "She is with Sharma uncle, upstairs" Kevin answered to his young one, playfully raising the kid over his head. Upstairs, Hailey reached the door. She could recognize her master's scent even amidst an immense crowd. Her tail would wag when she sees him in a distance, as she did every night when he came back from work to home. "Peter, you there?" Krunal cleared his throat in front of the locked door. "You bugger, you came?" an enthusiastic sound emerged behind the door. It was Krunal's turn to reply. He started with a laugh and continued, "Well, London is not as far as it seems to be. For our special ones, even the moon will be around the corner, right?" the words passed through the keyhole. The groom inside giggled to that response. "Yes. See, you too are getting the hang of talking in poetic verses. It looks like you are the poet of the two of us now." They both laughed to that remark. "Oh, I forgot. Let me open the doors. Since I have only heard you for the past few years through a mobile, I forgot you had a physical form. It has been long." Peter sounded in a hurry inside the room. "Never mind. You should get ready and I really want to see you walking down that aisle, all dressed up." Krunal leaned back on the door as he expressed his wish. "Please tell me you are wearing a tux, Pete." "Yes indeed, the same one." Peter's voice was sweeter now. "Oh boy, the same one? It's been so long, right?" Krunal's voice jumped in excitement. Peter smiled and replied, "Yes, too long that everything feels like it happened yesterday. Too long to remember, yet too long to be forgotten." "You had to ruin my day as the poet with that, huh?" Krunal pointed out sarcastically. The closed door was opening to a time much farther down their memory lane. The guests had taken their seats in the hall. Everything was falling in place under Kevin's sur-

veillance. He was going through all the decorations for a final check for the evening when he noticed the podium was not fully done yet. “Where are the flowers?” Kevin enquired to Joseph, the decorations supervisor, “It should have been hanging over the podium by now.” Joseph looked around to find that some boxes were still unopened behind the curtains. Both men sighed. “Hang them fast, come on. I’ll help.” Kevin sounded a little stressed as he offered a hand. Behind the closed door, Peter was almost dressed up. Krunal was chiseling up their old memories as the other got ready. Hailey was lying down with her eyes fixed on the wooden door. “Have you ever thought how your life would have been if you didn’t go to that place? If you had never met her?” Krunal asked. “I don’t know, mate. Some things are meant to happen. Good thing is I went there, where the lilies fell, met her, and fell in love.” Peter said in a calm voice. Krunal embarked upon his memories. “I was always jealous of both of you. Joey was an angel. Her sharp look made you tremble when all of us were afraid of you.” He giggled softly and continued, “I was there each time when you two would meet, sat there holding hands. Both of you barely exchanged words and always sat staring deep into a distance.” “She could understand me in the silence. No flimsy bullshit. We had both found peace in the silence, in the emptiness.” Peter replied. “Yes, I know. She was one of a kind. She was like another lily that bloomed in the early spring. Joey made you what you are.” Krunal noticed his eyes were a little moist. A brief silence passed between the two friends. Peter was the one to break the silence by asking his friend to join him in a visit to that place once again, where the lilies fall. Krunal replied, “You would remember the place so sweet and nice. For a few of us, it was the place where Joey’s brothers broke our bones.” adding a laughter in the end. Somehow, he noticed the watch during the laugh. “I think it’s time, Pete. You ready?” Krunal aired the question. “Since the moment I met her.” Peter’s voice reverberated in the room. With a smile, Mr. Sharma

walked towards the stairs. The hall was lit with lantern lights and braided with flowers, mostly lilies. Beethoven's notes breezed in the air as Peter walked down the aisle. He ascended the podium, smiling at the crowd and settled on the cushion chair. Kevin stood by his side with a mic and started the speech as soon as everyone settled down. "Friends and family, we are gathered here to celebrate the 50th anniversary of my parents, Mr. and Mrs. Peter" his speech was cut off by a loud applause from the crowd. "On this auspicious day," he continued "Dad will retake his wedding vows once again in celebration of 50 years of marriage." He paused



for a while and spoke again, "If only mum was here, she would have loved all this." Kevin broke down in tears as he spoke. Peter looked at the empty chair beside him. On the chair was a smiling picture of young Joey. She was trapped in one of her happiest moment in that frame. Peter smiled at the photograph, and she smiled back. Peter stood up and embraced his son. Patting the junior on the back, he took the mic into his hands. "He misses his mom. I miss her too, we all do. But a few years back, when she left us, she was not in any pain. She promised to be with me always, and she never breaks a promise." "Today is the celebration of love. Joey and I promised we would marry each other again, if we were to cross fifty years together. She even made me do the pinky promise," the crowd giggled along with him. "Now, she is not here with us, God bless her soul, but I will not break that promise. For me, she never left me because true love never dies. And here, love is in the air" Peter pointed his finger around the hall. "To love… is to celebrate" Peter concluded with broken words. The guests rose from their seats, and applauses showered within the brightly colored walls. Eyes were moist, and lips carried a smile. As the proceeding started after the claps settled in the hall, Peter noticed a lily slowly falling down from the bundle hanging above the podium. The lily fell on the empty seat in front of the framed picture. Peter looked at it, his face struggling to choose between happiness and sadness. He held Kevin's hand and with a trembling sound he said, "See, she is with me like she promised. She has been with me always, where the lilies fell." ■

സിനിമ നിരൂപണം



**അനുപമ**
കേരളപഠനം

# ആവാസവ്യൂഹം തിരയുമ്പോൾ

"**എ**ന്നെപ്പറ്റി പറയാണെങ്കിൽ ഞാൻ പത്താംക്ലാസ്സ് തോറ്റതാണ്" എന്ന് ഒരു മനുഷ്യജീവി സ്വയം പരിചയപ്പെടുത്തുന്നിടത്ത്, തുടർന്നുപോന്ന സാമ്പ്രദായിക രീതിയിൽ നിന്നും മാറി അവലോകനത്തിന്റെയും പ്രതിരോധത്തിന്റെയും വിശകലനങ്ങളിലൂടെയും റീടേക്കുകൾ കൊണ്ട് പൂർണതയുടെ മറുതലയ്ക്കലേക്കുയർത്തപ്പെടുന്നുണ്ട് ആവാസവ്യൂഹം. പ്രപഞ്ചത്തിന്റെ നിഗൂഢതകളിൽ ഏറ്റവും വലുത് അതിന്റെ വൈവിധ്യമാണെന്ന തിരിച്ചറിവിലേക്ക് പ്രേക്ഷകരെ കൈപിടിച്ചുയർത്തുന്നതിനൊപ്പം തന്നെ മനുഷ്യനോളം വൈകൃതങ്ങളുള്ള മറ്റൊരു സ്പീഷീസിനെ കണ്ടെടുക്കാനേ കഴിയില്ലെന്ന തിരിച്ചറിവിലേക്ക് കൂടി സിനിമ വഴികാട്ടുന്നുണ്ട്. ഒരു മനുഷ്യജീവി സ്വയം അടയാളപ്പെടുത്തുന്നത് "ഞാൻ പത്താംക്ലാസ്സ് തോറ്റതാണ്" എന്നാകുമ്പോൾ, വലിപ്പമുള്ള കറുത്ത മനുഷ്യനെ ശ്രീലങ്കൻ ചാരനെന്ന് യാതൊരറിവിന്റെയും അടിസ്ഥാനമില്ലാതെ മുദ്രകുത്തുമ്പോൾ, സമൂഹത്തിന്റെ so called 'യോഗ്യതകൾ' എങ്ങനെയാണ് മനുഷ്യജീവിതത്തെയും ചുറ്റുപാടിനെയും നിർണയിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നതെന്ന ഏറ്റവും അടിസ്ഥാനപരമായ ചോദ്യം മുന്നോട്ടു വച്ചുകൊണ്ട് ചോദ്യശരങ്ങൾക്ക് തന്നെ പന്തം കൊളുത്തുന്നുണ്ട് 'ആവാസവ്യൂഹം'.

തന്റെ ഇഷ്ടാനുസരണം കുറച്ചു ഭൂമി കണ്ടെത്തുകയും അതിനു വേണ്ടി കാലങ്ങളോളം കാത്തിരുന്ന് വലിയ വിലയ്ക്ക് ഭൂമി വാങ്ങുകയും അന്നുവരെ അധ്വാനിച്ചുണ്ടാക്കിയതും ഇനിയുണ്ടാക്കാൻ പോകുന്നതുമായ സമ്പത്തു മുഴുക്കെയിറക്കി അതിലൊരു വീടു

ണ്ടാക്കുകയും പരാതികളും അസഹിഷ്ണുതയും അസൂയയും പരിഭവവും പരിഭ്രാന്തിയുമായി ആ വീട്ടുചുമരിനുള്ളിൽ ചടഞ്ഞുകൂടിയിരിക്കുകയും പിന്നീട് മരിച്ചു പോവുകയും ചെയ്യുന്ന മനുഷ്യന് ഒരിക്കലും മനസ്സിലാക്കാൻ കഴിയാത്ത, അഞ്ചു മാസം മാത്രം ആയുസ്സുള്ള ഓണത്തുമ്പിയുടെ, കർണ്ണാടകയിൽ നിന്ന് കേരളത്തിലേക്കും തുടർന്ന് മാലിദ്വീപിലേക്കും ഒടുക്കം ആഫ്രിക്കയിലേക്കും നീളുന്ന ജീവിതയാത്രയെക്കുറിച്ച് കൂടിയാണ് ആവാസവ്യൂഹം സംസാരിക്കുന്നത്.

പകയും വിദ്വേഷവും അഹങ്കാരവും അക്രമവും അധിനിവേശവും കൂടിക്കുഴഞ്ഞ, മൃഗം എന്നതിനപ്പുറം എന്താണു മനുഷ്യൻ എന്ന ആവാസവ്യൂഹത്തിന്റെ ചോദ്യത്തിനു മുന്നിൽ തലതാഴ്ത്താതെയിരിക്കാനാവില്ല.ആണധികാരബോധത്തിൽ നിന്ന് ഇനിയും ചുവടുമാറ്റം സാധ്യമല്ലാത്ത ഒരു ജീവിവർഗ്ഗത്തെക്കുറിച്ചെന്തോർത്തഭിമാനിക്കാനാണ്?! എവിടെ നിന്നു വന്നു എന്നറിയാത്ത നിറയെ പ്രത്യേകതകളുള്ള ജോയ് എന്ന മനുഷ്യനെപ്പറ്റിയുള്ള അയാളെച്ചുറ്റിപ്പറ്റി വളരുകയും ജീവിക്കുകയുമൊക്കെ ചെയ്തിട്ടുള്ള മറ്റു മനുഷ്യരുടെ വർത്തമാനങ്ങളിലൂടെ മുന്നോട്ടു പോകുന്ന രീതിയാണ് സിനിമയുടേത്.

സന്തോഷം അഥവാ 'ജോയ്' മുഖ്യകഥാപാത്രമായെത്തുകയും പലകൈമറിഞ്ഞ് ഒടുവിൽ അത്യാഗ്രഹത്തിനപ്പുറം സന്തോഷം കണ്ടെത്താൻ മനുഷ്യനു കഴിയില്ലെന്ന് തിരിച്ചറിയുമ്പോൾ ഏറ്റവും വികൃതവും ഭയാനകവുമായ രൂപത്തിലേക്ക് വേദനയോടെ ഞെരുങ്ങി ഒടുക്കം ഒറ്റുകാരന്റെ കൈകൊണ്ടു വെടിയേറ്റു മരിക്കുകയും ചെയ്യുന്നുണ്ട് ജോയ്. മനുഷ്യനെ സംബന്ധിച്ചിടത്തോളം സന്തോഷങ്ങൾ പോലും എന്താണ് എന്ന പുനഃപരിശോധന ജോയിലൂടെ സാധ്യമാകുന്നു. സൂശീലൻ വാവയോടൊപ്പം ജോയ് ഉണ്ടായിരുന്ന ചുരുങ്ങിയ നാളുകൾ കൊണ്ട് തന്നെ, അയാൾ ആഗ്രഹിക്കുന്ന

> **“*ആവാസവ്യൂഹത്തിന്റെ തുടക്കത്തിൽ പറയുന്ന ഒരു മോണോലോഗുണ്ട്, കരയിലുള്ളതെല്ലാം കടലിലുമുണ്ട്, പക്ഷേ കരയിൽ തിമിംഗലമില്ല കടലിൽ മനുഷ്യനും.*”**

ജീവിതം അയാൾക്ക് ലഭിക്കുകയും സ്വന്തമായി ബോട്ടുകൾ വാങ്ങി മത്സ്യക്കൃഷിയിൽ മുൻപന്തിയിലേക്കെത്തുകയും ചെയ്യുന്നുണ്ട്.പണത്തോടുള്ള ആർത്തി അയാളിൽ സന്തോഷമുണർത്തുകയും പിന്നീടത് അയാളെ അഹങ്കാരിയാക്കുന്നുമുണ്ട്. ഇവയൊക്കെ തന്നെയും വരച്ചുകാട്ടുന്നത് ഹോമോ സാപിയൻസിന്റെ ജൈവീകചോദനകളെയാണ്. ആവാസവ്യൂഹം മധുസ്മിതയിലേക്കെത്തുമ്പോൾ ജോയ് പൂർണമായും തവളമനുഷ്യനിലേക്കും ചുറ്റുമുള്ള മനുഷ്യർ പ്രാകൃതസ്വഭാവങ്ങളിലേക്കും മടങ്ങുന്നത് കാണാം. എന്തിനേയും വിറ്റു കാശാക്കാനുള്ള മനുഷ്യരുടെ ത്വര പോലീസിന്റെ പ്രവൃത്തികളിലൂടെ വ്യക്തമാകും.

സിനിമ സംസാരിക്കുന്ന മറ്റൊരു പ്രധാന വിഷയം മലയാളികൾക്ക് പൊതുവെയുള്ള ശാസ്ത്രാവബോധത്തിന്റെ കുറവ് തന്നെയാണ്. കാലാവസ്ഥാ വ്യതിയാനത്തെത്തെക്കുറിച്ചും ദിനംപ്രതി വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന നൂറുകണക്കിന് സ്പീഷിസുകളെക്കുറിച്ചും നമ്മൾ ആവലാതിപ്പെടാറുണ്ടോ?! ഇല്ലെന്നതു തന്നെയാണ് സത്യം. പാരിസ്ഥിതികാവബോധമുണ്ടായിരുന്നെങ്കിൽ സുസ്ഥിര വികസനം ഒരു കീറാമുട്ടിയാണെന്ന ധാരണ ഒരിക്കലുമുണ്ടാകില്ലായിരുന്നു. പ്രഥമപ്രാധാന്യം പ്രകൃതിക്കു തന്നെയാകുമായിരുന്നു. ഒരുപാട് ആഴത്തിലും പരപ്പിലും ചിന്തിച്ച് ചർച്ചകൾ നടത്തി ദീർഘവീക്ഷണത്തോടെ മുന്നോട്ടു കൊണ്ടുപോകേണ്ടതാണ് വികസന പ്രവർത്തനങ്ങളെ.

മറ്റൊരു വസ്തുതയെന്തെന്നാൽ ജീവജാലങ്ങളുടെ ശാസ്ത്രീയമായ കിടപ്പുവശം അറിയാത്തതുകൊണ്ടു തന്നെ നമ്മുടെ കാഴ്ചപ്പാടുകൾ വളരെ ഇടുങ്ങിയതാണ് എന്നതാണ്. ഒരു ഭീകരജീ





വിയെ വീട്ടിനുള്ളിൽ കണ്ടെത്തി എന്നു പറയുമ്പോൾ ഉടനെ പോലീസിനെ വിളിച്ചു വരുത്തുകയും ഭീകരാന്തരീക്ഷം സൃഷ്ടിക്കുകയും ചെയ്യുന്ന രംഗം സിനിമയിൽ വളരെ റിയലിസ്റ്റിക്കായി അവതരിപ്പിച്ചിട്ടുണ്ട്.

വീട്ടിനകത്തിരിക്കുന്ന സാധനം എന്താണെന്ന് പരിശോധിക്കാൻ വിദഗ്ദ്ധർ ഇല്ലാത്ത നാടായിത്തീരുന്നുണ്ടവിടെ കേരളം, ജ്യോതിഷികൾ കവടി നിരത്തിയും മതാചാര്യന്മാർ ലോകാവസാനത്തിന്റെ ലക്ഷണങ്ങളെപ്പറ്റി വാചാലരാവുന്നതിനുമപ്പുറം ഇവിടെ ഒന്നും നടക്കുന്നില്ല, അവസാനം വരെയും ഊഹാപോഹങ്ങൾ ക്കപ്പുറം കേരളത്തിൽ പുതുവൈപ്പിനടുത്ത് വീട്ടിൽ കണ്ടെത്തിയ തവളമനുഷ്യനെക്കുറിച്ച് ആർക്കും ഒന്നും അറിയില്ല. ഇത് വലീയ പ്രശ്നമാണ് ശാസ്ത്രീയയുക്തിയോടു കൂടി ലോകത്തെ നോക്കിക്കാണാൻ സാധിക്കാത്തത് വലീയ പ്രശ്നം തന്നെയാണ്. നാളെ കേരളത്തിൽ എവിടെയെങ്കിലും സമാനമായ രീതിയിൽ ഒരു മ്യൂട്ടേഷൻ കണ്ടെത്തിയാൽ സിനിമയിൽ കാട്ടിയിരിക്കുന്ന ബഹളങ്ങൾക്കപ്പുറം ഒന്നും സംഭവിക്കില്ല എന്നത് ദയനീയമായ വസ്തുതയാണ്. ഒടുക്കം പാരീസിലെ മ്യൂസിയത്തിൽ ഏറ്റവും വിലപിടിപ്പുള്ള വസ്തുവായി ജോയിയുടെ അസ്ഥികൂടം പരിഗണിക്കപ്പെടുന്നത് കാണാം. എന്തുകൊണ്ട് ജോയിക്ക് അങ്ങനെ ഒരു മ്യൂട്ടേഷൻ സംഭവിച്ചു എന്നുള്ള ആലോചനയിലേക്കു പോലും നമ്മുടെ അധികാരികളോ മറ്റു മനുഷ്യരോ കടക്കുന്നില്ല, ആരാണ് ജോയി, എന്താണ് ജോയി, എവിടെ നിന്നു ജോയി വന്നു തുടങ്ങിയ ചോദ്യങ്ങൾക്കൊന്നും തന്നെ ഉത്തരമില്ല.എല്ലാത്തിനും ഊഹങ്ങളും കേട്ടുകേൾവിയും മാത്രമാണുള്ളത്.

ആവാസവ്യൂഹത്തിന്റെ തുടക്കത്തിൽ പറയുന്ന ഒരു മോണോലോഗുണ്ട്, കരയിലുള്ളതെല്ലാം കടലിലുമുണ്ട് പക്ഷേ കരയിൽ തിമിംഗലമില്ല കടലിൽ മനുഷ്യനും.മനുഷ്യൻ മനുഷ്യനു തന്നെ വലിയ പ്രതിസന്ധിയായി തുടരുന്നതിന്റെ കൂടി സാക്ഷ്യമാണ് ആവാസവ്യൂഹമെന്നു പറയാതെ വയ്യ.■



കാടിന്റെ ചൂരും ചൂടും പതിഞ്ഞ പാട്ടിൽ തുളുമ്പുന്നതത്രയും
നൈർമല്യസ്നേഹമതൊന്നുമാത്രം...
ചേലും ശീലുമൊന്നിച്ചുചേർത്തു തുടികൊട്ടിയുണരുന്ന പാട്ടിന്
പ്രകൃതിയുടെ ഹൃദയരക്തം കൊണ്ടൊരർച്ചന...
കാടറിഞ്ഞു കനവറിഞ്ഞു മനം നിറച്ച വരികളിലൊക്കെയും
പെണ്ണും പ്രകൃതിയും നിറഞ്ഞാടുന്ന പാട്ടിന്റെ വിപ്ലവം...
ശ്രുതി ചേർത്തുമീട്ടിയ രുദ്രവീണപോൽ
ആരണ്യമാകെയലയടിക്കുമാനന്ദമകതാരിൽ
വർഷിക്കുമമൃതം...

# യൂണിവേഴ്സിറ്റി കലോത്സവം വിജയികൾ



കൃപ
ചെറുകഥ-ഇംഗ്ലീഷ്
ഒന്നാം സ്ഥാനം



ആദർശ്
സംവാദം-മലയാളം
ഒന്നാം സ്ഥാനം



റിഥിക്
സംവാദം-മലയാളം
ഒന്നാം സ്ഥാനം



ദേവേന്ദു
കഥാപ്രസംഗം
ഒന്നാം സ്ഥാനം



ആന്റണി ആഗ്നസ്
കവിത-തമിഴ്
ഒന്നാം സ്ഥാനം



ജിൻസി
പ്രബന്ധം-തമിഴ്
ഒന്നാം സ്ഥാനം



ഹാഷിർ
കവിത-അറബിക്
ഒന്നാം സ്ഥാനം



ജിതിന
കവിത-ഇംഗ്ലീഷ്
ഒന്നാം സ്ഥാനം



നിയാസ്
പ്രസംഗം-അറബിക്
ഒന്നാം സ്ഥാനം



അനഘ
കുച്ചിപ്പുഡി
രണ്ടാം സ്ഥാനം




ദിവ്യഞ്ജന
ഹിന്ദുസ്ഥാനി
രണ്ടാം സ്ഥാനം



അർജുൻ
പ്രസംഗം-സംസ്കൃതം
രണ്ടാം സ്ഥാനം



വട്ടപ്പാട്ട്-ഒന്നാം സ്ഥാനം



ഒപ്പന-രണ്ടാം സ്ഥാനം



**വൈഷ്ണവ്**
കഥാപ്രസംഗം
മൂന്നാം സ്ഥാനം



**അർജുൻ**
അക്ഷരശ്ലോകം-സംസ്കൃതം
മൂന്നാം സ്ഥാനം



**ബോധി**
ശാസ്ത്രീയ സംഗീതം
മൂന്നാം സ്ഥാനം



**ഹസീബ**
അക്ഷരശ്ലോകം-അറബിക്
മൂന്നാം സ്ഥാനം



**അമൽ**
കഥകളി
മൂന്നാം സ്ഥാനം



**സംഗീത്**
ഗസൽ ഒന്നാം
മൂന്നാം സ്ഥാനം



നാടകോത്സവം-മൂന്നാം സ്ഥാനം


a few moments ago
DEPARTMENTS' UNION | UNIVERSITY OF KERALA
UNION & ARTS CLUB
INAUGURATION








mxf-piqy-ktt
Jerin
Ilma Afroz
You






STUDENTS' UNION OFFICE


അഭിമാനം
വാനോളം
കേരള സർവകലാശാലക്ക് NAAC A++ അംഗീകാരം
കേരളത്തിൽ NAAC A++ ഗ്രേഡ്
ലഭിക്കുന്ന ആദ്യ സർവകലാശാല






WHO DEFINES
UNNATURALITY
DEPARTMENT OF SOCIOLOGY
BLOOD DONATION CAMP
SFi


CAMPUS
DAY
മൾട്ടിമീഡിയ തീയേറ്റർ ഹാളുകൾ,
UNIVERSITY OF KERALA
STOLEN
MOTHER
t's Union

Photos by: Harikrishnan(MSW),Anupa(Politics)




Ku
Gala





DEPARTMENT OF LINGUISTICS
संस्कृतविभाग:
DEPARTMENT OF SANSKRIT
हिन्दीविभाग
DEPARTMENT OF HINDI



# DEPARTMENTS UNION 2021-22


THANZEEL AHAMMED
CHAIRPERSON


MAMATHA PRADEEP
VICE-CHAIRPERSON


ANAGHA T J
GENERAL SECRETARY


NIKHIL C P
ARTS CLUB SECRETARY



DEEPU BALAN
MAGAZINE EDITOR


RAHUL KRISHNAN
UUC


FATHIMATH SUHARA
UUC


VAISHNAVI A
LADY REPRESENTATIVE


NAMITHA K V
LADY REPRESENTATIVE


HARIVINDNATH V B
FACULTY REP:
EDUCATION


PRABINRAJ
FACULTY REP:
APPLIED SCIENCE


ILAVARASAN M
FACULTY REP:
ORIENTAL STUDIES


VIVEK P B
FACULTY REP:
SCIENCE


NADER ASHRAF ALI
FACULTY REP:
ARTS


ABHIRAMI S M
FACULTY REP:
LAW


ADARSH
FACULTY REP:
MANAGEMENT


SACHIN
FACULTY REP:
COMMERCE


JERIN
FACULTY REP:
SOCIAL SCIENCE


BODHI
FACULTY REP:
FINE ARTS

# RESEARCHER'S UNION 2021-22



**AJINTH AJAY**
SENATE MEMBER



**JIBIN FRANCIS**
CHAIRPERSON



**VIVEK A S**
VICE CHAIRPERSON



**LAVANYA SIVAN**
GENERAL SECRETARY



**ANJITHA J M**
GENERAL SECRETARY



**VISHNURAJ R S**
SECRETARY



**DARRIS M S**
SECRETARY



**DEEPCHAND V**
UUC


ജനകീയ പ്രസാധനത്തിന്റെ
50 വർഷം
സുവർണ ജൂബിലി
(1973 - 2023)
ഒരു വർഷം നീണ്ടു നിൽക്കുന്ന ആഘോഷപരിപാടികൾ

ചിന്തയ്ക്കൊപ്പം കാലത്തിനൊപ്പം



**മാർക്സിസ്റ്റ് ക്ലാസിക്കുകൾ**
ആധികാരികം സമഗ്രം

ലോകസാഹിത്യത്തിലെ
**200 ലധികം ക്ലാസിക്കുകളുടെ**
പുതിയ പരിഭാഷകൾ

**വിജ്ഞാനവർഷം**
100 ലധികം വ്യത്യസ്ത വിഷയങ്ങൾ
നൂറിലധികം പുസ്തകങ്ങൾ

**സ്കൂൾ പ്ലസ്**
അധികവായനയ്ക്കുള്ള
100 പുസ്തകങ്ങളുടെ പരമ്പര

**സൈദ്ധാന്തിക പഠനങ്ങൾ**
സൈദ്ധാന്തിക വിഷയങ്ങളെ
പരിചയപ്പെടുത്തുന്ന
ലഘുഗ്രന്ഥപരമ്പര

**നവകേരള ശിൽപികൾ**
കേരളത്തിന്റെ സാംസ്കാരിക
നവോത്ഥാന ചരിത്രം
രചിച്ചവരെക്കുറിച്ചുള്ള
പുസ്തകങ്ങൾ

**ഇ എം എസ്**
**സമ്പൂർണ്ണ കൃതികൾ**

**നോവൽ പഴമ**
19-ാം നൂറ്റാണ്ടിലെ 15 നോവലുകൾ
ഒരുമിച്ച് മലയാളത്തിലാദ്യമായി

**ദർശനം രാഷ്ട്രീയം**

**ബാലസാഹിത്യം**
പ്രശസ്ത ബാലസാഹിത്യകാരന്മാരുടെ
200 ലധികം രചനകൾ

**ലോകരാഷ്ട്രങ്ങൾ**
ലോകരാഷ്ട്രങ്ങളെ പരിചയപ്പെടുത്തുന്ന
പുസ്തകപരമ്പര

**ചിന്ത പബ്ലിഷേഴ്സ്**

**പുസ്തകപ്രസാധനത്തിൽ അനുകരിക്കാനാകാത്ത അടയാളങ്ങൾ**

കഥ, കവിത, നോവൽ, ഓർമ്മ, ജീവിതം, അനുഭവം യാത്ര...

**മലയാളത്തിലെ ഈടുറ്റ ഗ്രന്ഥങ്ങളുമായി ചിന്ത പബ്ലിഷേഴ്സ്**

**ചിന്ത പബ്ലിഷേഴ്സ് ★ ദേശാഭിമാനി ബുക്ക്ഹൗസ്**
എ കെ ജി സെന്ററിനുസമീപം, കുന്നുകുഴി, തിരുവനന്തപുരം, ഫോൺ: 0471 2303026

# എല്പിസ് നഗരം



ഭൂപടത്തിലെങ്ങുമില്ലാത്ത ഒരിക്കലും
എത്തിച്ചേരാത്ത രാജ്യത്തിലേക്കൊരു
വഴി തെളിയിക്കണം...
കാലത്തിനനുസരിച്ചോടാത്ത,
കാലുകളെ പിടിച്ചുകെട്ടാത്ത, കാലന്മാർ ഇല്ലാത്ത
നാട്ടിലേക്കൊരു വഴി തെളിയിക്കണം...

# നല്ലകാലം വരുംവരെ...

അവന്റെ കാമുകനും
അവളുടെ പ്രണയിനിയും
നമ്മുടെയിടയിലൊക്കെ
തലയുയർത്തി നടക്കുന്നൊരു കാലം
വരെ,
കെട്ടസദാചാരം ആക്രമണം
നിർത്തുന്നതുവരെ,
ലൈംഗിക ബോധത്തിന്
ഇവിടെയൊരു
അടിത്തറ  പാകുംവരെ
പെണ്മയ്ക്കും ആണത്തതിനും ശരീരം
വിലങ്ങുവയ്ക്കാത്ത നേരം വരെ,
ഞാനവർക്കായെഴുതിയ വരികളെല്ലാം
ഉറക്കെയുറക്കെ പാടിയേക്കാം...
എഴുതിയെഴുതി മഷിതീർക്കാം...
കേട്ടുതുടങ്ങിയോരെ തുടരെത്തുടരേ
കേൾപ്പിച്ചുകൊണ്ടിരിക്കാം,
കേൾക്കാത്തവർ കേൾക്കുന്നതുവരെ
ഒച്ചയുയർത്താം,
ഇനിയൊരു സമയം
ഒരുമയുടേതുണ്ടെങ്കിൽ
അതുവരെ തൊണ്ടപൊട്ടി
പറഞ്ഞുകൊണ്ടിരിക്കാം...



**തരൾ**
ഫിസിക്സ്



സാഗർ വി.എസ്
പൊളിറ്റിക്കൽ സയൻസ്

# ഇന്ത്യയുടെ ഭാവിയും സോഷ്യലിസവും

"ഇന്ത്യ മാറുകയാണ്" ഈ ഒരു മുദ്രാവാക്യം സ്വാതന്ത്ര്യത്തിനു മുൻപും ശേഷവും എല്ലായ്പ്പോഴും മുഴങ്ങി കേട്ടു കൊണ്ടിരിക്കുന്ന ഒരു വാക്യം ആണ്. എന്നാൽ ഇത് കേവലം വാക്കുകളിലൂടെ ജനങ്ങളെ കബളിപ്പിക്കാൻ ഉപയോഗിക്കുന്ന വലതുപക്ഷ രാഷ്ട്രീയത്തിൻറെ പ്രഹേളിക മാത്രമാണ് എന്നുള്ളതാണ് വസ്തുത. ബഹുഭൂരിപക്ഷം വരുന്ന ജനങ്ങളും ദാരിദ്ര്യത്തിലും പട്ടിണിയിലും ആണെന്നുള്ളത് നമ്മുടെ കൺമുന്നിൽ പ്രകടമായി കൊണ്ടിരിക്കുകയാണ്. കൊളോണിയൽ കാലഘട്ടത്തിന് മുന്നേ ആരംഭിച്ച അധ്വാനിക്കുന്ന തൊഴിലാളി വിഭാഗത്തിന് നേരെയുള്ള ചൂഷണവും മർദ്ദിത നിലപാടും ഇന്നും നിലനിൽക്കുന്ന സമ്പ്രദായമാണ് ഇന്ത്യയിലുള്ളത്.

മനുഷ്യൻറെ ഓരോ ചിന്താഗതികളും പരിണമിച്ച് ഓരേ ആശയത്തിൽ അധിഷ്ഠിതമായ ഒരു സമൂഹം സൃഷ്ടി



“


***സോഷ്യലിസ്റ്റ് കമ്മ്യൂണിസ്റ്റ് ചിന്താഗതി അധിഷ്ഠിതമായ ആശയങ്ങൾ ക്ക് അല്ലാതെ മറ്റൊന്നിനും ഇന്ത്യയിലെ അധ്വാനിക്കുന്ന കർഷക തൊഴിലാളി ബഹുഭൂരിപക്ഷം വരുന്ന ജനങ്ങളുടെ ജീവിതത്തിന് ഉണർവു പകരാൻ സാധിക്കുകയില്ല***

”

ക്കാൻ കഴിയുമെന്ന് തെളിയിച്ച ഒരു രാജ്യമാണ് ഇന്ത്യ. എന്നിരുന്നാൽ പോലും അത് പ്രാവർത്തികമാക്കാൻ കഴിയാതെ പോയത് നമ്മുടെ പരാജയമാണ് വലതുപക്ഷ രാഷ്ട്രീയത്തിന് കീഴിൽ ഇന്ത്യൻ ജനസമൂഹം കാലങ്ങളായി ജീവിതം മാറ്റമില്ലാതെ ജീവിക്കുകയാണ് .ദേശീയ ബൂർഷ്വാസികളുടെ നയങ്ങൾ ഇന്ത്യയിൽ ആവിഷ്കരിക്കുമ്പോൾ ബഹുഭൂരിപക്ഷം വരുന്ന അധ്വാനിക്കുന്ന തൊഴിലാളി കർഷക ജനങ്ങളുടെ സാമ്പത്തിക അധിഷ്ഠിത ജീവിതത്തിൽ എന്നും വിലങ്ങുതടി ആകുന്നു.

ഭൂപരിഷ്കരണം പോലുള്ള വിപ്ലവാത്മകമായ തീരുമാനങ്ങൾ കൊളോണിയൽ കാലഘട്ടത്തിന് ശേഷം വന്ന ജനാധിപത്യ ഗവൺമെൻറ് എന്ന് സ്വയം അവകാശപ്പെടുന്ന ദേശീയ ബൂർഷ്വാസികൾ നയിച്ച സർക്കാർ ഇന്ത്യ മുഴുവൻ കൊണ്ടുവരാൻ ശ്രമിച്ചു പരാജയപ്പെട്ടതാണ്.ഇന്ത്യയിൽ ഭൂപരിഷ്കരണ നയം പ്രാവർത്തികമാക്കാനും കൃഷിഭൂമി കർഷകന് എന്ന വിപ്ലവ മുദ്രാവാക്യം മുഴങ്ങി കേട്ടതും ദേശീയ ബൂർഷ്വാസികളോ വലതുപക്ഷ വർഗീയ ഫാസിസ്റ്റുകളോ ഭരിച്ച സംസ്ഥാനങ്ങളിൽ ആയിരുന്നില്ല.സോഷ്യലിസ്റ്റ് കമ്മ്യൂണിസ്റ്റ് ചിന്താഗതിയിൽ അധിഷ്ഠിതമായ ഇടതുപക്ഷ സർക്കാർ ഭരിച്ച കേരളത്തിലും ബംഗാളിലും മാത്രമാണ് ഭൂപരിഷ്കരണം വ്യക്തമായി നടപ്പിലാക്കാൻ സാധിച്ചിട്ടുള്ളത്. ഏതെങ്കിലുമൊരു ആശയത്തിന് ഇന്ത്യയിലെ അധ്വാനിക്കുന്ന തൊഴിലാളി കർഷകരുടേയും പട്ടിണി അനുഭവിക്കുന്ന ജനങ്ങളുടെയും ജീവിതത്തിൽ മാറ്റം വരുത്താൻ സാധിക്കും എങ്കിൽ അത് സോഷ്യലിസ്റ്റ് ഇടതുപക്ഷ ആശയങ്ങൾ ക്ക്

മാത്രമായിരിക്കും. സോഷ്യലിസത്തിൻറെ ഭാവി സംഗീതം ക്യൂബയിൽ മുഴങ്ങിയത് പോലെ, ലെനിൻറെ സോവിയറ്റ് യൂണിയനിൽ അധ്വാനിക്കുന്ന തൊഴിലാളികളുടെയും പാവപ്പെട്ട ജനങ്ങളുടെയും ജീവിതം വിപ്ലവത്തിലൂടെ മാറ്റിമറിച്ചു അവിടെ നിലനിന്നിരുന്ന എല്ലാ അസമത്വങ്ങളും തകർത്തത് പോലെയുള്ള ഒരുപാട് ഉദാഹരണങ്ങൾ നമുക്ക് മുന്നിലുണ്ട്.ഉദാരവൽക്കരണവും നവലിബറൽ സിദ്ധാന്തങ്ങളും ഇന്ത്യയെ എത്തിച്ചിരിക്കുന്നത് മുതലാളിത്ത കോർപ്പറേറ്റുകളുടെ



കാൽച്ചുവട്ടിലാണ്. ഇന്ത്യയിലെ ജനങ്ങളെ ഈ ഒരു അവസ്ഥയിലേക്ക് തള്ളിവിട്ടത് ദേശീയ ബൂർഷ്വാസികൾ നയിച്ച കോൺഗ്രസ് സർക്കാർ ആണെന്നുള്ളത് ചരിത്രത്തിൽ നിലനിൽക്കുന്ന വസ്തുതയാണ്. ദേശീയ ബൂർഷാസി കളിൽ നിന്നും വർഗ്ഗീയ വലതുപക്ഷ ഫാസിസ്റ്റ് ഗവൺമെൻറ് ഭരണം കൈയ്യാളുംമ്പോൾ ചൂഷണം ജനങ്ങൾക്കും മുകളിലേക്ക് കൂടുതൽ ആഴ്ന്നിറങ്ങുകയാണ്. മുതലാളിത്ത സാമ്പത്തിക വ്യവസ്ഥയിലേക്ക് കൂടുതൽ അടുക്കാൻ ശ്രമിക്കുന്ന നിലവിലെ ഗവൺമെൻറ് അദാനിക്കും അംബാനിക്കും ഉപകാരപ്രദമായ നയങ്ങൾ ആവിഷ്കരിക്കുമ്പോൾ ഇന്ത്യയിലെ ബഹുഭൂരിപക്ഷം പട്ടിണി അനുഭവിക്കുന്ന ജനങ്ങൾ ദാരിദ്രത്തിൽ നിന്നും അധിദാരിദ്രത്തിത്തിലേക്ക് കൂപ്പുകുത്തുകയാണ് ചെയ്യുന്നത്. കുത്തക മുതലാളികൾക്കും കോർപ്പറേറ്റുകൾക്കും വേണ്ടി മാത്രമാണ് ഇന്ത്യൻ സർക്കാർ ശബ്ദമുയർത്തുന്നത്. ഇന്ത്യ ഒരു സോഷ്യലിസ്റ്റ് രാജ്യമാണെന്ന് ഭരണഘടനയിൽ മാത്രം ചുരുങ്ങിപ്പോയിരിക്കുന്ന ഒരു അവസ്ഥയാണ് നിലവിലുള്ളത്. ഇന്ത്യ മാറുന്നു എന്ന പഴഞ്ചൻ മുദ്രാവാക്യം കാണിച്ചു ഇന്ത്യയിലെ ജനങ്ങളെ വീണ്ടുമൊരു കൊളോണിയൽ കാലഘട്ടത്തിലേക്ക് നയിക്കുകയാണ് ഇന്ത്യയിലെ ഫാസിസ്റ്റ് ഗവൺമെൻറ്.

സോഷ്യലിസ്റ്റ് കമ്മ്യൂണിസ്റ്റ് ചിന്താഗതി അധിഷ്ഠിതമായ ആശയങ്ങൾക്ക് അല്ലാതെ മറ്റൊന്നിനും ഇന്ത്യയിലെ അധ്വാനിക്കുന്ന കർഷക തൊഴിലാളി ബഹുഭൂരിപക്ഷം വരുന്ന ജനങ്ങളുടെ ജീവിതത്തിന് ഉണർവു പകരാൻ സാധിക്കുകയില്ല. ഒരു നക്സൽ ബാരിയോ വസന്തത്തിൻറെ ഇടിമുഴക്കം അല്ല നമുക്ക് ആവശ്യം. ജനകീയ ജനാധിപത്യ വിപ്ലവത്തിലൂടെ യുള്ള സോഷ്യലിസ്റ്റ് മാതൃകയിലുള്ള ഭരണവ്യവസ്ഥ ആണ് നമുക്ക് ആവശ്യം. ■



**നിഖിൽ സി.പി**
ഐ.എം.കെ

# റോബോട്ടുകൾ ഇനി നമ്മളിൽ ഒരാൾ: നിത്യജീവിതത്തിൽ റോബോട്ടുകളുടെ കടന്നുവരവ്

2020-ന് മുമ്പ് മലയാളിക്ക് റോബോട്ടുകൾ തീർത്തും അപരിചിതരായിരുന്നു. കേരളത്തിൽ വളരെ ചുരുക്കം മേഖലകളിൽ പ്രവർത്തിച്ചിരുന്ന റോബോട്ടുകൾ മലയാളികൾക്ക് ഇടയിൽ സുപരിചിതരായത് 2020-ന് ശേഷം ആണ്. 2020-ൽ കോവിഡ്-19 എന്ന പകർച്ചവ്യാധി നമ്മുടെ ലോകത്തെ മാറ്റിമറിക്കുകയും നമ്മുടെ സമൂഹത്തിന്റെ വിവിധ തലങ്ങളെ സ്വാധീനിക്കുകയും ചെയ്തു. മനുഷ്യൻ കോവിഡിനോട് പോരാടുമ്പോൾ നമ്മളെ സഹായിക്കാൻ മുൻനിരയിൽ പ്രവർത്തിക്കുന്നവരാണ് ആരോഗ്യ പ്രവർത്തകർ. എന്നാൽ ആരോഗ്യ പ്രവർത്തകർ, പ്രത്യേകിച്ചും രോഗികളുമായി നേരിട്ട് സമ്പർക്കം പുലർത്തുന്നവർ വലിയ അപകടസാധ്യതയിലാണ്. രോഗവ്യാപനം ലഘൂകരിക്കുന്നതിനും ആരോഗ്യ പ്രവർത്തകരെയും രോഗികളെയും സംരക്ഷിക്കുന്നതിനും വേണ്ടി വാർദ്ധക്യ രോഗികളുടെ സ്ഥിരമായിട്ടുള്ള ആശുപത്രി സന്ദർശനം മുതൽ അത്യാവശ്യ ശസ്ത്രക്രിയകൾ ഒഴിച്ചുള്ളവ റദ്ദാക്കുന്നത്

ഉൾപ്പെടെയുള്ള മെഡിക്കൽ സേവനങ്ങൾ പ്രധാനമായും നിയന്ത്രിച്ചിരിക്കുന്നു, ഇത് രോഗികൾക്ക് വളരെ അധികം ബുദ്ധിമുട്ട് സൃഷ്ടിക്കുന്നു. കോവിഡ് കാലത്ത് ചികിത്സ കിട്ടാതെ മരണപ്പെടുന്നവരുടെ എണ്ണം വർധിക്കുന്നതും ഒരു ശ്രദ്ധേയമായ കാര്യമാണ്. ആരോഗ്യ പ്രവർത്തകരും രോഗികളും ശാരീരികമായി അകലം പാലിക്കുക എന്നുള്ളത് മാത്രമാണ് ഈ സാഹചര്യത്തിൽ എടുക്കാൻ കഴിയുന്ന മുൻകരുതൽ. ഇതിനായി മെഡിക്കൽ റോബോട്ടുകളുടെ സഹായം കേരളം ഉൾപ്പെടെ ഇന്ത്യയിലെ നിരവധി സംസ്ഥാനങ്ങൾ തേടി. ആരോഗ്യപ്രവർത്തകരെയും രോഗികളെയും ശാരീരികമായി വേർതിരിക്കുന്ന ഒരു കവച പാളിയായി മെഡിക്കൽ റോബോട്ടുകളെ ഉപയോഗിക്കാം. കേരളത്തിലെ വൈദ്യശാസ്ത്രരംഗത്തിന് മികച്ച നേട്ടമായി റോബോട്ടുകളുടെ കടന്നു വരവ്. ഇന്ന് കേരളത്തിലെ വിവിധ സർക്കാർ മെഡിക്കൽ കോളേജുകളിൽ ഉൾപ്പെടെ റോബോട്ടുകളുടെ സേവനം ലഭ്യമാണ്. ആശുപത്രികൾക്ക് പുറമെ കേരളത്തിലെ വിവിധ ബാങ്കുകൾ, വ്യാപാര സ്ഥാപനങ്ങൾ, ഇൻഡസ്ട്രികൾ മുതലായവ റോബോട്ടുകളെ ഉപയോഗിക്കുന്നു. റോബോട്ടുകളെ കുറിച്ച് കൂടുതൽ അറിയാൻ അവയുടെ ചരിത്രത്തിലൂടെ ഒന്ന് കണ്ണോടിക്കാം.

**റോബോട്ടുകളുടെ ഉൽഭവം:**

ചെക്ക് എഴുത്തുകാരനായ കരേൽ സിഅപ്പെക്കിന്റെ ഒരു സാങ്കൽപ്പിക നാടകത്തിലാണ് റോബോട്ട് എന്ന പദം ആദ്യമായി പരാമർശിച്ചത്. എന്നാൽ അതിൽ ചില ഇൻഡസ്ട്രികൾ നിർമ്മിച്ച തൊഴിലാളികളെ പ്രതിനിധീകരിച്ച ഒരു സാങ്കൽപ്പിക കഥാപാത്രമാണ് റോബോട്ട് . റോബോട്ട് എന്നതിന്റെ ശരിയായ വിശദീകരണം എന്തെന്നാൽ, മനുഷ്യന്റെ പരിശ്രമത്തെ മാറ്റിസ്ഥാപിക്കാൻ കഴിവുള്ള സ്വപ്രേരിതമായി പ്രവർ

“

***കേരളത്തിൽ ആദ്യമായി എച്ച്.ഡി.എഫ്.സി ബാങ്കിന്റെ കൊച്ചി ശാഖയിൽ ഉപഭോക്താക്കൾക്ക് സഹായകമായി റോബോട്ടുകളെ നിയമിച്ചു. പോലീസ് ആസ്ഥാനത്ത് സന്ദർശകരുമായി സംവദിക്കുന്നതിന് കേരള പോലീസിന്റെ ടെക്നിക്കൽ വിഭാഗം നിർമ്മിച്ച കെ.പി – ബോട്ട് തിരുവനന്തപുരത്ത് നിയമിച്ചു.***

”

ത്തിക്കുന്ന ഏതൊരു യന്ത്രത്തെയും റോബോട്ട് എന്ന് വിളിക്കാം. റോബോട്ടുകളുടെ രൂപകൽപ്പന, നിർമ്മാണം, പ്രവർത്തനം എന്നിവ കൈകാര്യം ചെയ്യുന്ന എഞ്ചിനീയറിംഗ് വിഭാഗമാണ് റോബോട്ടിക്സ്. ബിസി 428 നും ബിസി 347 നും ഇടയിൽ ജീവിച്ചിരുന്ന ഗ്രീക്ക് തത്ത്വചിന്തകനായ ആർക്കൈറ്റാസ്, തന്റെ ജീവിതകാലത്ത് ഒരു നീരാവിയിൽ പ്രവർത്തിക്കുന്ന പറക്കുന്ന പ്രാവിനെ സൃഷ്ടിച്ചു. ഇതാണ് റോബോട്ടിക്സിന്റെ തുടക്കമായി കണക്കാക്കുന്നത്. പിൽക്കാലത്ത് 1495-ൽ ലിയനാർഡോ ഡാവിഞ്ചി രൂപകൽപ്പന ചെയ്ത ലിയോനാർഡോ മെക്കാനിക്കൽ നൈറ്റ് ആദ്യത്തെ ഹ്യൂമനോയിഡ് റോബോട്ട് ആയി കണക്കാക്കുന്നു. തുടർന്ന്, ആധുനിക വ്യവസായത്തിന് പ്രാധാന്യമുള്ള റോബോട്ട് ഉപകരണങ്ങളുടെ സമൃദ്ധമായ കണ്ടുപിടുത്തക്കാരനായ ജാക്വസ് ഡി വോകാൻസൺ, 1738-ൽ 'ടാംബോറിൻ പ്ലെയർ', 'ദി ഡക്ക്' എന്നിവ നിർമ്മിച്ചു. അവസാനത്തേത് പ്രത്യേകിച്ചും ശ്രദ്ധേയമായിരുന്നു, ഒരു താറാവിന്റെ ചലനങ്ങൾ അനുകരിക്കുക മാത്രമല്ല, ഭക്ഷണം കഴിക്കുക , ദഹനം, എന്നിവയുടെ ചലനങ്ങളും പ്രകടിപ്പിച്ചിരുന്നു.

**ഹ്യൂമനോയിഡ് റോബോട്ട്:**
മനുഷ്യനെവെല്ലും യന്ത്രമനുഷ്യൻ മനുഷ്യ ശരീരത്തെ പ്രതിഫലിപ്പിക്കുന്നതിനായി നിർമ്മിച്ച ശരീര ആകൃതിയിലുള്ള ഒരു റോബോട്ടാണ് ഹ്യൂമനോയിഡ് റോബോട്ട്. ലോകത്തിലെ ആദ്യത്തെ പൂർണ്ണ ആൻഡ്രോയിഡ് ഹ്യൂമനോയിഡ് റോബോട്ടായി 1972 ൽ വാബോട്ട്-1 നിർമ്മിച്ചു. ജാപ്പനീസ് ഭാഷയിലുള്ള ആളുകളുമായി നടക്കാനും ആശയവിനിമയം നടത്താനും ഒരു മുറി നാവിഗേറ്റുചെയ്യാനും വസ്തുക്കൾ പിടിക്കാനും കഴിയുന്ന ആദ്യത്തെ റോബോട്ടാണിത്. രണ്ട് പതിറ്റാണ്ടിലേറെ നീണ്ട ഗവേഷണത്തിനുശേഷം 2000-ൽ ഹോണ്ട അസിമോയെ അവതരിപ്പിച്ചു, പടികൾ ഓടാനും ചാടാനും കഴിവുള്ള ആദ്യത്തെ റോബോട്ടാണ് അസിമോ. ഇത് തുടർച്ചയായി വികസിപ്പിച്ചെടുത്തു, ഇന്നും ലോകത്തിലെ ഏറ്റവും നൂതനമായ റോബോട്ടുകളിലൊന്നാണ് അസിമോ. കാലത്തേക്കാൾ വേഗതയിൽ കണ്ടുപിടിത്തങ്ങൾ കുതിച്ചപ്പോൾ, 2005 - 2014 കാലഘട്ടം റോബോട്ടുകളുടെ വളർച്ചയിലെ സുവർണ്ണകാലമായി രേഖപ്പെടുത്താം. കമ്പനി റിസപ്ഷനുകളിൽ സഹായം, കെയർ ഹോമുകൾ, ഓട്ടിസ്റ്റിക് കുട്ടികളെ സഹായിക്കുക, ബഹിരാകാശ പര്യവേഷണങ്ങളിൽ ഉപകരണങ്ങൾ ഉപയോഗിക്കുക എന്നിങ്ങനെയുള്ള നിരവധി കാര്യങ്ങൾ ചെയ്യാൻ പ്രോഗ്രാം ചെയ്തിട്ടുള്ള റോബോട്ടുകൾ നിർമ്മിച്ചു. ഹോങ്കോംഗ് ആസ്ഥാനമായുള്ള ഹാൻസൺ റോബോട്ടിക്സ് വികസിപ്പിച്ചെടുത്ത ഒരു സോഷ്യൽ ഹ്യൂമനോയിഡ് റോബോട്ടാണ് സോഫിയ. ഒരു രാജ്യം പൗരത്വം നൽകുന്ന ആദ്യത്തെ റോബോട്ടാണ് സോഫിയ റോബോട്ട്.കണ്ടുപിടിത്തങ്ങൾക്കും അപ്പുറം ഇന്ന് വാണിജ്യപരമായും റോബോട്ടുകൾ ഏറെ മുന്നിലാണ്.

**മെഡിക്കൽറോബോട്ട്:** വൈദ്യശാസ്ത്രരംഗത്തെ പ്രതിസന്ധി

> *1495 – ൽ ലിയനാർഡോ ഡാവിഞ്ചി രൂപകൽപ്പന ചെയ്ത ലിയോനാർഡോ മെക്കാനിക്കൽ നൈറ്റ് ആദ്യത്തെ ഹ്യൂമനോയിഡ് റോബോട്ട് ആയി കണക്കാക്കുന്നു.*

കൾ മറികടക്കാം ഇന്ന് മെഡിക്കൽ പരിതസ്ഥിതിയിൽ വൈവിധ്യമാർന്ന മേഖലകളിൽ സേവനമനുഷ്ഠിക്കുന്നതിനായി വൈവിധ്യമാർന്ന റോബോട്ടുകൾ വികസിപ്പിച്ചുകൊണ്ടിരിക്കുന്നു. ഹൃദയാഘാതം, ഗുരുതരമായ അവസ്ഥകളിൽ നിന്ന് രോഗികളെ പുനരധിവസിപ്പിക്കാൻ സഹായിക്കുന്ന റോബോട്ടുകൾ, പ്രായമായവരേയും ശാരീരികമോ മാനസികമോ ആയി ബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന വ്യക്തികളെയും പരിപാലിക്കാൻ സഹായിക്കുന്ന റോബോട്ടുകൾ, മുറികൾ അണുവിമുക്തമാക്കുക, മെഡിക്കൽ സപ്ലൈകൾ വിതരണം ചെയ്യുക എന്നിങ്ങനെയുള്ള പതിവ് ജോലികൾ ചെയ്യുന്ന വ്യാവസായിക റോബോട്ടുകൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു. കോവിഡ്-19 ന് മുമ്പ്, മിക്ക ആളുകൾക്കും റോബോട്ടുകളെക്കുറിച്ചും കൃത്രിമബുദ്ധിയെക്കുറിച്ചും ഒരു പരിധിവരെ ആശങ്കയുണ്ടായിരുന്നു. എന്നാൽ വൈറസിന്റെ വ്യാപനം ലഘൂകരിക്കുന്നതിന് റോബോട്ടുകൾ സഹായമാകും എന്ന് കണ്ടപ്പോൾ ഈ ആശങ്കകൾക്ക് ഒരു പരിധി വരെ മാറ്റം വന്നു. ഈ കോവിഡ് കാലത്ത് രോഗികളെ പോലെ തന്നെ ഏറ്റവും കൂടുതൽ അപകടസാധ്യത ഉള്ളവരാണ് രോഗികളോട് ഇടപഴകുന്ന നഴ്സുമാരും ഡോക്ടർമാരും ഉൾപ്പെടുന്ന ആരോഗ്യപ്രവർത്തകർ. സാമൂഹിക അകലം എന്ന ആശയം പിന്തുടരുന്നതിനാൽ മാരകമായ രോഗം പടരുന്നത് തടയാൻ രോഗികൾക്ക് ഭക്ഷണം, മരുന്ന് എന്നിവ വിതരണം ചെയ്യാൻ റോബോട്ടുകളെ ഉപയോഗിക്കാം. മാത്രമല്ല ആശുപത്രി അണുവിമുക്തമാ




UN Deputy Chief Interviews Social Robot Sophia

ക്കാനും, രോഗികളെ നിരീക്ഷിക്കാനും റോബോട്ടുകളെ ഉപയോഗിക്കാം. ഇതുമൂലം ഡോക്ടർമാർക്കും നഴ്സുമാർക്കും തങ്ങളുടെ ജോലി ഭാരം കുറക്കാനും, കൂടുതൽ പ്രാധാന്യമേറിയ ചുമതലകൾ നിർവഹിക്കാനുമാവും. ഈ റോബോട്ടുകളിൽ ഭൂരിഭാഗവും സ്വയം നാവിഗേഷനായി പ്രവർത്തിക്കുന്നവയാണ് എന്നാൽ ചില റോബോട്ടുകൾ മനുഷ്യ നിയന്ത്രിതമാണ്. മാത്രമല്ല രോഗികളുമായി ഇടപഴുകിയാലും, കൃത്യമായ ഇടവേളകളിൽ റോബോട്ടുകൾ അണുവിമുക്തമാക്കുന്നത്കൊണ്ട് വൈറസ് വ്യാപിക്കാനുള്ള സാധ്യതയും ഇല്ലാതാവുന്നു.

**ടെലിപ്രസൻസ് റോബോട്ടുകൾ**:കോവിഡ് കാലത്ത് കോവിഡ് -19 രോഗികളുടെ ചികിത്സക്ക് പുറമെ അനവധി കാര്യങ്ങൾ ജനങ്ങൾക്കും ആരോഗ്യപ്രവർത്തകർക്കും വെല്ലുവിളിയായിക്കൊണ്ടിരിക്കുകയാണ്. ഇതിൽ പ്രധാനമായും രോഗികളുടെ ചികിത്സയാണ്.ഇതിനൊരു പരിഹാരമാണ് ടെലിപ്രസൻസ് റോബോട്ടുകൾ, ടെലിപ്രസൻസ് റോബോട്ടുകൾ ഡോക്ടറും രോഗിയും തമ്മിൽ പരസ്പര ബന്ധമില്ലാതെ വിദൂര സ്ഥലങ്ങളിലെ രോഗികളെ പരിശോധിക്കാനും ചികിത്സിക്കാനും ഡോക്ടർക്ക് സഹായകമാവും. മറ്റൊരു വിഭാഗം റോബോട്ടുകൾ ആണ് ശുചീകരണം, അണുനശീകരണം റോബോട്ടുകൾ. ഈ റോബോട്ടുകൾക്ക് ഏതെങ്കിലും ബാക്ടീരിയയുടെയും വൈറസിന്റെയും അംശങ്ങളെ മിനിറ്റുകൾക്കുള്ളിൽ അണുവിമുക്തമാക്കാനാവും. നിലവിൽ അണുവിമുക്തമാക്കുന്നതിനുള്ള പ്രാഥമിക

മാർഗ്ഗങ്ങൾ അൾട്രാവയലറ്റ് ലൈറ്റ്, ഹൈഡ്രജൻ പെറോക്സൈഡ് എന്നിവയാണ്. ആശുപത്രിയിൽ അൾട്രാവയലറ്റ് ലൈറ്റ് അടങ്ങിയ യു.വി.ഡി റോബോട്ടുകളെ അണുനശീകരണത്തിനായി ഉപയോഗിക്കുന്നു. മറ്റൊരു വിഭാഗം റോബോട്ടുകളാണ് സർജിക്കൽ അസിസ്റ്റന്റുമാർ, ഇവ ശസ്ത്രക്രിയാവിദഗ്ധരെ ശസ്ത്രക്രിയകൾക്ക് സഹായിക്കുന്നു. കോവിഡ് -19 മറ്റുള്ളവരിലേക്ക് പകരാൻ സാധ്യയുള്ള മറ്റൊരു സാഹചര്യമാണ് കോവിഡ് പരിശോധന നടത്താൻ തൊണ്ടയിൽ നിന്ന് സ്രവം എടുക്കുന്നത്. ഡെന്മാർക്കിൽ ഒരു സംഘം ഡോക്ടർമാർ ചേർന്ന് നിർമ്മിച്ച ഓട്ടോമാറ്റഡ് സ്വാബ് റോബോട്ട് മനുഷ്യന്റെ തൊണ്ടയിൽ നിന്ന് സ്രവം കണ്ടെത്തി അവ സ്വരൂപിച്ച് രോഗികളുടെ സ്രവ പരിശോധനക്ക് സഹായകമാവുന്നു.


**ഇന്ത്യക്കാരായ റോബോട്ടുകൾ**: ഇന്ത്യയിലെ കോവിഡ് ആശുപത്രികളിലും ഇന്ന് റോബോട്ടുകളുടെ സഹായം തേടുന്നുണ്ട്. ആന്ധ്രയിലും, തമിഴ്നാട്ടിലും ക്വാറന്റെൻ ഇരിക്കുന്നവർക്ക് ഭക്ഷണം എത്തിച്ചു കൊടുക്കാൻ സാഫി റോബോട്ടുകളെ ഉപയോഗിക്കുന്നു. വേഗതയും കൃത്യതയുമാണ് റോബോട്ടുകളുടെ ഏറ്റവും വലിയ ഗുണങ്ങൾ, ഫാർമസികൾക്ക് വേണ്ടവളരെ പ്രധാനമായ രണ്ട് സവിശേഷതകളും ഇവയാണ്. കുറിപ്പടി മുതൽ മരുന്ന് ടെൻഡർ ചെയ്യുന്നത് വരെ റോബോട്ടുകൾ കൈകാര്യം ചെയ്യും. രോഗ നിർണ്ണയത്തിന് തെർമൽ ക്യാമറ ഘടിപ്പിച്ച മിത്ര റോബോട്ടുകൾ ബാംഗ്ലൂരിലെ, ഫോർട്ടിസ് ആശുപത്രിയിൽ ഉപയോഗിച്ച് വരുന്നു.

> “*എന്നാൽ ചില റോബോട്ടുകൾ മനുഷ്യ നിയന്ത്രിതമാണ്. മാത്രമല്ല രോഗികളുമായി ഇടപഴുകിയാലും, കൃത്യമായ ഇടവേളകളിൽ റോബോട്ടുകൾ അണുവിമുക്തമാക്കുന്നത് കൊണ്ട് വൈറസ് വ്യാപിക്കാനുള്ള സാധ്യതയും ഇല്ലാതാവുന്നു.*”

ബാലാജി വിശ്വനാഥൻ സ്ഥാപിച്ച ബാംഗ്ലൂരിലെ റോബോട്ടിക് കമ്പനിയായ ഇന്ത്യൻ സ്റ്റാർട്ടപ്പ് ഇൻവെന്റോ റോബോട്ടിക്സ് രൂപകൽപ്പന ചെയ്ത് വികസിപ്പിച്ചെടുത്ത ഒരു ഹ്യൂമനോയിഡ് റോബോട്ടാണ് മിത്ര റോബോട്ട്. ഐസൊലേഷനിൽ കഴിയുന്ന രോഗികൾക്ക് തങ്ങളുടെ കുടുംബവുമായി സംസാരിക്കാനും, വ്യത്യസ്ത മുറികളിലുള്ള ആരോഗ്യപ്രവർത്തകർക്ക് തമ്മിൽ ചർച്ചകൾ നടത്താനും മിത്ര റോബോട്ട് വഴി സാധ്യമാണ്. ഡൽഹിയിലെ എയിംസ് ആശുപത്രിയിലും മിത്ര റോബോട്ടുകൾ ഉപയോഗിക്കുന്നു. ഇന്ത്യയിലെ ആദ്യത്തെ 3 ഡി ഹ്യൂമനോയിഡ് റോബോട്ടായ മാനവ് വികസിപ്പിച്ചെടുത്തത് ദില്ലിയിലെ എ-സെറ്റ് ട്രെയിനിംഗ് ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടാണ്. രണ്ട് കിലോഗ്രാം ദൈർഘ്യമുള്ള ഈ രണ്ടടി ഹ്യൂമനോയിഡ് പ്രധാനമായും ഗവേഷണത്തിനായി രൂപകൽപ്പന ചെയ്തിട്ടുള്ളതാണ്.

കെമ്പെഗൗഡ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി സിറീന ടെക്നോളജീസ് സൃഷ്ടിച്ച ഹ്യൂമനോയിഡാണ് കെംപ. ഈ ചെറിയ റോബോട്ടിന് ഇംഗ്ലീഷിലും കന്നഡയിലും യാത്രക്കാരുടെ അഭ്യർത്ഥനകൾക്ക് ഉത്തരം നൽകാൻ കഴിയും. ഇന്ത്യയിലെ ഏറ്റവും ഉയർന്ന ഹ്യൂമനോയിഡ് റോബോട്ടായ ഇന്ദ്രോയെ ഗവേഷകൻ സന്തോഷ് വാസുഡിയോ ഹുലവാലെ സൃഷ്ടിച്ചു.വിനോദം, പരിശീലനം, കുറച്ച് വീട്ടുജോലികൾ എന്നിവപോലുള്ള ജോലികൾക്കായി, ഇന്ദ്രോ ഉപയോഗിക്കാം.

**മലയാള മണ്ണിലും റോബോട്ടുകൾ**: കോവിഡ് -19 വ്യാപനം തടയുന്നതിന്റെ ഏക മാർഗമായ സാമൂഹിക അകലം പാലിക്കുക എന്ന നടപടി നിലനിർത്താൻ, കേരളത്തിലെ എറണാകുളം സർക്കാർ മെഡിക്കൽ



കോളേജ് ആശുപത്രിയിൽ കോവിഡ് രോഗികൾക്ക് ഭക്ഷണം, മരുന്ന് മുതലായവ വിതരണം ചെയ്യാൻ കർമി-ബോട്ട് റോബോട്ടിനെ വിന്യസിച്ചു. കേരളത്തിലെ ആദ്യ റോബോട്ടിക് റെസ്റ്റോറന്റ് ആയി കണ്ണൂരിലെ 'ബി @ കിവിസോ' പ്രവർത്തനം ആരംഭിച്ചു. കേരളത്തിൽ ആദ്യമായി എച്ച്ഡിഎഫ്സി ബാങ്കിന്റെ കൊച്ചി ശാഖയിൽ ഉപഭോക്താക്കൾക്ക് സഹായകമായി റോബോട്ടുകളെ നിയമിച്ചു. പോലീസ് ആസ്ഥാനത്ത് സന്ദർശകരുമായി സംവദിക്കുന്നതിന് കേരള പൊലീസിന്റെ ടെക്നിക്കൽ വിഭാഗം നിർമ്മിച്ച കെപി-ബോട്ട് തിരുവനന്തപുരത്ത് നിയമിച്ചു.

റോബോട്ട് - മനുഷ്യൻ വേർതിരിവില്ലാത്ത ഭാവി റോബോട്ടുകൾ നമ്മുടെ ദൈനംദിന ജീവിതത്തെ മാറ്റിമറിക്കുന്ന രീതിയെക്കുറിച്ച് ചിന്തിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ഭാവിയിൽ ആരോഗ്യസംരക്ഷണ സംവിധാനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും, രോഗിയും ആരോഗ്യ പരിരക്ഷാ ദാതാവും തമ്മിലുള്ള സമ്പർക്കം കുറയ്ക്കുകയും, കുറഞ്ഞ സമയങ്ങളിൽ പരമാവധി ശേഷിയിൽ പ്രവർത്തിക്കാനും റോബോട്ടുകൾക്ക് കഴിയും. കോവിഡ് -19 ലക്ഷണങ്ങളുടെ സമ്പർക്കരഹിതമായ സ്ക്രീനിംഗിനും പൊതുജനങ്ങളിൽ നിന്നുള്ള ചോദ്യങ്ങൾക്ക് ഉത്തരം നൽകുന്നതിനും ഹെൽത്ത് കെയറും സർക്കാർ സ്ഥാപനങ്ങളും മെഷീൻ ലേണിംഗ് പ്രാപ്തമാക്കിയ ചാറ്റ്ബോട്ടുകൾ ഉപയോഗിക്കാം. വിദ്യാഭ്യാസ രംഗത്തും, ബാങ്കിംഗ്, പൊതു സ്ഥലങ്ങൾ തുടങ്ങിയ രംഗങ്ങളിൽ എല്ലാം റോബോട്ടുകൾക്ക് മാറ്റങ്ങൾ സൃഷ്ടിക്കാൻ കഴിയും. കോവിഡ് -19 നുള്ള വാക്സിൻ വികസിപ്പിച്ചെടുത്തതിനുശേഷം, 2022 ന്റെ തുടക്കത്തിലുള്ള ജീവിതം എങ്ങനെയായിരുന്നുവെന്ന് സങ്കൽപ്പിക്കാൻ പ്രയാസമാണ്. റോബോട്ടുകളുമായി കൂടുതൽ സമയം ചെലവഴിച്ച ഉപഭോക്താക്കൾ അത്തരം ആശയവിനിമയത്തിന് ശീലിച്ചേക്കാം. ഒരു റോബോട്ട് വിതരണം ചെയ്യുന്ന ഭക്ഷണം നിങ്ങൾ ഉപയോഗിക്കുമ്പോൾ, ഒരു മനുഷ്യൻ ഒരിക്കൽ കൈവശം വച്ചിരുന്ന ജോലിയുടെ തിരോധാനം നിങ്ങൾ ശ്രദ്ധിച്ചിരിക്കില്ല. വാസ്തവത്തിൽ, ചില ആളുകൾ ഇനിമേൽ കർശനമായി ആവശ്യമില്ലാത്തപ്പോൾ പോലും സാമൂഹിക അകലം പാലിക്കാൻ താൽപ്പര്യപ്പെട്ടേക്കാം. ഈ യന്ത്രങ്ങൾ നമ്മുടെ ആരോഗ്യം സംരക്ഷിക്കാനും, വിവിധ തലങ്ങളിൽ നമ്മളെ സഹായിക്കുവാനും പ്രാപ്തരാണെങ്കിൽ അവയിലുള്ള നമ്മുടെ വിശ്വാസം തീർച്ചയായും വർദ്ധിക്കുക തന്നെ ചെയ്യും. ■





**अन्विता सी**
हिन्दी

# अपने सपने को साकार करें...

जन्म के बाद
हम सब फेंके जाते हैं,
बदलती दुनिया में
हम अपना जीवन जीते हैं,
हम प्यार करना सीखते हैं
ऊपर से सपने भी देखे जाते हैं।

जैसे-जैसे हम बड़े होते हैं,
हम देखना भी सीखते हैं
वास्तव में दुनिया एक डरावनी जगह हैं,
जिसमें भूले हुए सपने हैं।

धीरे-धीरे हम आसफलताओं से मिलेंगे
आँसू बंद हो जायेंगे
हम उन ख्वाबों का ख्वाब रखते हैं,
इसके माध्यम से हम दुनिया की रोशनी देखेंगे।



**ഹിമ മാണിയാലിൽ**
ഹിന്ദി

# ജെൻഡർ ഫ്ളൂയിഡ്

കല്യാണിൽ നിന്നും സബർബൻ ട്രെയിൻ പിടിച്ച് അന്ധേരിയിൽ എത്തുമ്പോൾ സമയം രാത്രി പത്തരയോടടുത്തിരുന്നു .ആദ്യമായിട്ടാണ് നാട്ടിൽ നിന്നും തനിച്ച് ഇത്രയും ദൂരത്തേക്കൊരു യാത്ര.അതും ഭാഷ പോലും തീരെ വശമില്ലാത്തൊരിടത്തേക്ക്! മുംബൈയുടെ നെറുകയിൽ ട്രെയിൻ ഇറങ്ങുമ്പോൾ സരോജിന് ഇതുവരെ ഇല്ലാത്ത ഒരു ധൈര്യം താനേ വന്നു. രാത്രിയിൽ നഗരത്തിലെ തിരക്ക് ഇമ്മിണി കൂടിയിട്ടുണ്ടെങ്കിലേ ഉള്ളൂ.സ്റ്റേഷനിൽ നിന്നും ഒരു ഓട്ടോ പിടിക്കാനായി അയാൾ റോഡിലേക്കിറങ്ങി.

രാത്രിയിലെ ട്രാഫിക് കണ്ട് സരോജിന്റെ കണ്ണുതള്ളി. ബൈക്ക്, കാർ, ബസ് ഓട്ടോ...ഹെന്റമ്മോ.... ഇതിനും മാത്രം വണ്ടികളാ....ഇവിടുത്തുകാർക്ക് ഇപ്പളാ നേരം വെളുത്തേന്നു തോന്നണ്... മുംബൈ ഇവളൊരപ്സരസ്സ്... ഇവളിൽ മതിമറന്നവർ ഇവൾക്കടിമ... ജാംബുൽ മാലിന്റെ ഉച്ചിയിൽ നിന്നും അയാൾക്ക് വിളിച്ചു കൂവാൻ തോന്നി. രാത്രിയെ ആഘോഷമാക്കി ലിംഗ ഭേദമന്യേ ജനസംഖ്യയിൽ മുക്കാൽ ഭാഗം ആളുകളും അവരവരുടേതായ തിരക്കുകളിൽ തിങ്ങി ഞെരുങ്ങി പലേടത്തേക്കായി ഒഴുകി. നിശാ പാർട്ടികളും രാത്രി ഭക്ഷണ ശാലകളും എല്ലാം കൊണ്ടും ഒരു കരൺ ജോഹർ പടം പോലെ കളർഫുൾ ആയി ഇരുട്ടിൽ കത്തി നിൽക്കുന്ന മുംബൈ നഗരം സരോജിനെയും ഇരുകരങ്ങളും നീട്ടി സ്വീകരിച്ചു.

നാട്ടിലെ പോലെ ഓട്ടോ കാത്തു നിന്നു മുഷിയേണ്ടി വന്നില്ല. കിട്ടിയ ഒരു ഓട്ടോയ്ക്ക് കൈകാണിച്ചു.സ്പിനെർ ലഗേജ് ഓട്ടോയിലേക്ക് തള്ളി കയറ്റി തോളിൽ ഇട്ടിരുന്ന ബാഗ് ഊരി കയ്യിൽ

പിടിച്ച് ഇരുപ്പുറപ്പിച്ചു.
കിദർ ജാനാ ഹൈ സാഹബ്?ഓട്ടോ ക്കാരൻ ചോദിച്ചു.
ഭായ് .... ആസ് പാസ് ഇദർ ....അച്ഛേ ലോഡ്ജ് ... ദോ തീൻ ദിൻ കേലിയെ...സരോജ് മുക്കീം മൂളീം ചോദിചൊപ്പിച്ചു.
ജി....
ഓട്ടോക്കാരൻ ഒരു ജീ യും പറഞ്ഞു അഞ്ചു മിനിറ്റ് കഴിഞ്ഞപ്പോഴേക്കും സ്ഥലമെത്തി എന്ന് തല വെട്ടിച്ച് ആംഗ്യം കാണിച്ചു.പെട്ടിയും ബാഗുമെടുത്തിറങ്ങി അയാൾ പേഴ്സെടുത്തു.
കിത്നാ?...
പച്ചീസ്... ത്വന്റി ഫൈവ്..
പൈസ കൊടുത്ത് ഒരു താങ്ക്സും പറഞ്ഞ് ചുറ്റുപാടൊന്നു നിരീക്ഷിച്ചു.യാത്രാക്ഷീണത്താൽ മനോജിന്റെ കണ്ണുകൾ തൂങ്ങുന്നുണ്ടായിരുന്നു.ശരീരത്തിൽ നിന്നുള്ള വിയർപ്പിന്റെ നാറ്റം അസഹ്യമായി തോന്നി.ക്രൈ ബേബി ഹെയർ സ്റ്റൈലിൽ മുഖത്തേക്ക് ഞാണ്ടുകിടന്ന മുടിയിഴകൾ തട്ടി മാറ്റി റിസപ്ഷനിൽ കണ്ട വെള്ളക്കാരനടുത്തേക്ക് അയാൾ നീങ്ങി.
ഡോർമെറ്ററി ആണ് കിട്ടിയത്.ഭക്ഷണം ട്രെയിനിൽ നിന്നും കഴിച്ചതുകൊണ്ട് വല്യ വിശപ്പും തോന്നിയില്ല.അയാൾ ബെഡിലേക്ക് ചാഞ്ഞു.

മുംബൈയെക്കുറിച്ച് കേട്ടുപഴകിയ കഥകളിലത്രയും അധോലോകവും റെഡ്സ്ട്രീറ്റും മുൻ നിരയിൽ സ്ഥാനം പിടിച്ചിരുന്നു.കേട്ടുപഴകിയതെങ്കിലും പഴങ്കഥകളിലെ അരങ്ങൊഴിയാത്ത കഥാപാത്രങ്ങൾ ഇന്നും ഈ തെരുവുകളിൽ സജീവം.ഒരിക്കെ യൂ ട്യൂബ് ചാനലിനു വേണ്ടി കാമാത്തിപ്പുരയിൽ ഒളിക്യാമറയുമായി കയറിയ കൂട്ടുകാരന്റെ വാചക



*തിരുവനന്തപുരത്തു നിന്നും മുംബൈ എം. എൻ. സി.തന്നെ ജോലിക്കായി തിരഞ്ഞെടുത്തത്തിൽ സരോജിന് വ്യക്തമായൊരു ഉദ്ദേശം കൂടി ഉണ്ടായിരുന്നു.നാളുകളായി അയാളെ അസ്വസ്ഥമാക്കിക്കൊണ്ടിരുന്ന അയാൾക്കുള്ളിലെ മറ്റൊരുവൾ!*

മടിയിൽ വീണതാണ്.ഒരു രാത്രിക്ക് 300 രൂപ ഓഫറുമായി വന്ന പൂച്ചക്കണ്ണുകാരിയെക്കുറിച്ച് അവൻ വാചാലനായന്നു മുതൽ ആശ തോന്നിയിട്ടുണ്ട് അവരുടെ ഉള്ളറിയാൻ. ഒന്ന് മിണ്ടാൻ.ഉന്നത കുലജാതർ വരെ പെണ്ണുടലുകൾ തേടി ഇരുട്ടിനെ മറയാക്കി മതിമറക്കുന്നിടം. സത്യത്തിൽ പകൽ പോലെ പൊള്ളയാണ് പുരുഷൻ. ഏച്ചുകെട്ടലുകളില്ലാതെ ഇരുളിൽ ഒളിച്ചിരിക്കുന്നത് കാണാം. വെളിച്ചത്തിൽ അതിര് നിർണയിക്കുന്നവൻ.ഇരുട്ടിൽ അവയത്രയും താണ്ടും..അവളിൽ നിന്നുദിച്ച് അവളിൽ അസ്തമിക്കുന്ന ഭൂഗോളത്തിന് അതിര് തീർക്കുന്ന പമ്പര വിഡ്ഢികൾ!

അയാൾ ഉറക്കെ ചിരിച്ചു.

തിരുവനന്തപുരത്തു നിന്നും മുംബൈ എം. എൻ. സി.തന്നെ ജോലിക്കായി തിരഞ്ഞെടുത്തത്തിൽ സരോജിന് വ്യക്തമായൊരു ഉദ്ദേശം കൂടി ഉണ്ടായിരുന്നു.നാളുകളായി അയാളെ അസ്വസ്ഥമാക്കികൊണ്ടിരുന്ന അയാൾക്കുള്ളിലെ മറ്റൊരുവൾ!

കുട്ടിക്കാലത്ത് അമ്മയുടെ നൈറ്റ് ഡ്രസ്സുകൾ അയാളെ കൊതിപിടിപ്പിക്കുമായിരുന്നു.വലുതായതോടൊപ്പം മിനുസമുള്ള പെൺ വേഷങ്ങളോടുള്ള അടങ്ങാത്ത കമ്പവും കൂടി വന്നു.കണ്ണാടിക്ക് മുന്നിൽ നിന്നും ആരും കാണാതെ സ്വന്തം ശരീരവടിവുകൾ കൺനിറയെ ആസ്വദിച്ചും കുളിക്കാൻ കയറുമ്പോൾ ബാത്റൂമിൽ അമ്മ ഉടുത്തുമാറിയ മുഴിഞ്ഞ വസ്ത്രങ്ങൾ ഇട്ടുനോക്കിയും ഭിത്തിയിൽ ഒട്ടിച്ച അമ്മയുടെ വലിയ കറുത്ത വട്ടപ്പൊട്ടുകൾ നെറ്റിയിൽ തൊട്ടും അയാൾ അവളായി!അന്ന് അവനിൽ നിന്നും അവളിലേക്കുള്ള ദൂരം വിദൂരം - ബഹുദൂരം!

രണ്ടുമൂന്നു ആഴ്ച കഴിഞ്ഞപ്പോഴേക്കും വിരാറിൽ പുതുതായി ഒരു ഫ്ലാറ്റ് എടുത്ത് താമസം അങ്ങോട്ടേക്കാക്കി.അന്ധേരി വരെയുള്ള യാത്ര അൽപ്പം കട്ടിയുള്ളതാണെങ്കിലും കയ്യിലൊതുങ്ങുന്ന തരത്തിൽ ഒരു ഫ്ലാറ്റ് വിരാറിലേ തരപ്പെട്ടുള്ളു.മഞ്ഞ പെയിന്റ് അടിച്ച അഞ്ചു നില കെട്ടിടം.. നാലാമത്തെ നിലയിൽ ഗോവണിയോട് ചേർന്ന വൺ BHK മുറി.പെട്ടിയും സാധനങ്ങളും ഒരു വശത്തേക്ക് ഒതുക്കി വെച്ച് അയാൾ റൂമിലേക്കൊന്നു കണ്ണോടിച്ചു.

മ്മ്.... വീട്ടിലെ മുറീടത്രേം വലിപ്പൊന്നും ഇല്ല... .ഇടക്കാലാശ്വാസം.

ആ... ഹ്ഹ ഹാാാച്ചി... സരോജ് മൂക്കും വായും പൊത്തിപ്പിടിച്ചു തുമ്മി... ച്ഛെ... അപ്പാടെ പൊടി പിടിച്ച് കിടക്കേണല്ലോ...

പണി എമ്പാടുണ്ട്...

പിറുപിറുത്തുകൊണ്ട് ബാഗിൽ നിന്നും ഒരു വാൻഗോഗ് പെയിന്റിംഗ് പുറത്തെടുത്ത് ഹാളിലെ വാതിലിനു മുകളിൽ കണ്ട ഹാങ്ങറിൽ തൂക്കി...

പിറ്റേന്ന് രാവിലെ വീട്ടിലേക്കാവശ്യമായ അല്ലറ ചില്ലറ സാധനങ്ങൾ വാങ്ങുവാൻ ബസാറിൽ പോകുമ്പോൾ ഇടുങ്ങിയ വഴിവക്കിലെ തുണി കടയിൽ അറിയാതെ കണ്ണൊന്നുടക്കി.സാറ്റേൺ നൈറ്റികൾ, സാരികൾ,വള, മാല, ചാന്ത്, വിഗ്, പാന്റി, ബ്രാ,.... കണ്ണാടി ചില്ലിലെ കാണ്ണഞ്ചിപ്പിക്കുന്ന കാഴ്ച അയാൾ കുറച്ചുനേരമങ്ങിനെ നോക്കി നിന്നു.ചെറിയ ഒരു പരുങ്ങലോടെ ഏങ്ങി വലിഞ്ഞ് കടയിലേക്ക് ചുവടടുപ്പിക്കുമ്പോൾ ഹൃദയമിടിപ്പ് കാതുകളിൽ കേൾക്കാമായിരുന്നു.അകത്തെ കാഴ്ചകൾ കണ്ണുകളെ മത്തുപിടിപ്പിച്ചു..മനസ്സിനെ മോഹിപ്പിച്ചു.ഡിസ്പ്ലേയിൽ തൂക്കിയ ചുവപ്പ് നിറമുള്ള ബനിയൻ ക്ലോത്ത് നൈറ്റി അയാൾ കയ്യിലേക്കെടുത്തു. ശരീരം തരിച്ചു കയറുന്നപോലൊരു തോന്നൽ .പറന്ന് പറന്ന് പറന്ന് ആകാശം മുട്ടെ എത്തിയപോലെ!

മുംബൈ നഗരത്തിൽ തന്നെ ശ്രദ്ധിക്കാൻ ആർക്കാണ് നേരം.കടയിൽ നിന്നും ഒരു മെഗാ ഷോപ്പിംഗ് കഴിഞ്ഞ ഗമയോടെ സരോജ് പുറത്തേക്കിറങ്ങി.ഫ്ളാറ്റിലേക്കുള്ള ഓട്ടോ പിടിക്കുമ്പോൾ അയാളുടെ ഉള്ള് അസ്വസ്ഥമായിരുന്നു.ഒരു സുഖമുള്ള അസ്വസ്ഥത. റൂമിലെത്തിയപ്പോഴേക്കും സന്ധ്യയോടടുത്തിട്ടുണ്ട് .ചുവപ്പ് കിരണങ്ങൾ ജനൽ പാളിയിലൂടെ ഹാളിലേക്കെത്തി നോക്കി.സ്റ്റാറി നൈറ്റ് ഈ രക്ത വർണ്ണത്തിൽ മറ്റൊരു സൃഷ്ട്ടിയായി തോന്നിക്കുന്നു. ആഹാ ബഹുകേമം

അയാളുടെ നെഞ്ചിലെ തിരമാല ഇനിയും കെട്ടടങ്ങിയിട്ടില്ല.അരക്കുപ്പി ഐസ് വാട്ടർ ഒറ്റ മോന്തിന് കുടിച്ച് ആഞ്ഞൊന്നു ശ്വാസം പുറത്തേക്കു വിട്ടു . വായുവിൽ പറന്നുപൊന്തിയ ജല കാണികകൾ വെള്ളി നക്ഷത്രം പോലെ അയാൾക്കുചുറ്റും ചുവട് വച്ചു.

ചുവപ്പ് നൃത്തമാടുന്ന ഈ അന്തരീക്ഷത്തിൽ മറ്റൊരു വിപ്ലവത്തിനായി അയാൾ ഒരുങ്ങി. വാങ്ങിയ സാധനങ്ങളത്രയും കട്ടിലിലേക്ക് കുടഞ്ഞു .ചുമന്ന വളയിലും , ചാന്തിലും സാരിയിലും വീണ്ടും ചുവക്കാനായി...

രണ്ട് കൈകൾക്കൊണ്ടും അവയെല്ലാം വകഞ്ഞു നെഞ്ചോട്ടുടുപ്പിച്ച് അതിനു മുകളിലേക്കയാളും അമർന്നു.

രക്തത്തിൽ ഈ ചുവപ്പത്രയും ഒന്നായൊഴുകും പോലെ...

കണ്ണുകൾ തിളങ്ങി... ശ്വാസം രാഗങ്ങൾ പാടി...



അവൾ ഫോൺ എടുത്ത് ഫേസ്ബുക് തുറന്നു സുമ സരോജ് എന്ന പുതിയ ഫേസ്ബുക് അക്കൗണ്ടിലെ പ്രൊഫൈൽ ഫോട്ടോയിൽ ചുവന്നൊരഴകി ഉദിച്ചു നിന്നു.

പെണ്ണല്ല,പക്ഷേ ഇവൾ ഞാനാ #genderfluid ബയോയിൽ കുറിച്ചു. ആദ്യത്തെ പോസ്റ്റ് അവൾ ടൈപ്പ് ചെയ്തു തുടങ്ങി...

ഹായ് ഫ്രണ്ട്സ്...

ആണായി ജീവിക്കുമ്പോഴും ഈ നിമിഷങ്ങൾക്കായി ഞാൻ കൊതിച്ചിരുന്നു. എന്നിലെ ആണിന് കൂട്ടായി ഒരു പെണ്മയും എന്നുള്ളിൽതന്നെ!അധികമാർക്കും ലഭിക്കാത്തൊരു ഭാഗ്യം .ഇനി എന്നെയൊന്നു സ്വാതന്ത്ര്യയാക്കണം..എനിക്കായൊരിടം. എന്റെ ഇടം! എന്റെ ചിറകുകൾക്കിപ്പോൾ പറന്നുയരാനാവുന്നുണ്ട്... എന്റെ കണ്ണുകൾ അങ്ങ് നോക്കെത്താ ദൂരത്തേക്ക് പായുന്നുണ്ട്.. എന്റെ തൊണ്ടയിൽ കുടുങ്ങിയ കല്ല് പുറത്തേക്ക് തുപ്പിയിരിക്കുന്നു എന്റെ ശബ്ദം നാലുപാടും അലയടിക്കുന്നുണ്ട്... കേൾക്കുന്നില്ലേ നിങ്ങൾ? ഇതെന്റെ ശബ്ദമാണ്, ഇത് ഞാനാണ്. ■



**അനഘ ടി ജെ**
കേരളപഠനം

# അവൻ മണം

പതഞ്ഞു പൊങ്ങി
അടിച്ചു കേറണ തിരയില്
പരക്കെ മീൻനാറ്റം.
ഇക്കരെ തേങ്ങയരച്ച്
മാങ്ങയിട്ട് വച്ച മീൻകറി.
അക്കരെ ചുട്ടെടുത്ത കരിവാട്.
ചുറ്റിലും നീലപ്പരപ്പ്
അടിത്തട്ടിൽ കൊമ്പൻസ്രാവ്
ആകാശത്ത്  കടൽക്കാക്ക
തുഴയെടുത്ത ചെക്കൻ
ദൂരമളന്ന് തുഴഞ്ഞ് കുഴഞ്ഞ് മറിഞ്ഞു..
തേങ്ങയരച്ച മീൻകറിയും
ചുട്ട കരിവാടും ഒന്നിച്ചിളക്കി
ഏമ്പക്കം വിട്ടേണീക്കണത്
അവൻ കിനാവ് കണ്ടു.
അവൻ സ്രാവുകളോട് കൊമ്പുകോർക്കുന്നെന്നും
കാക്കകളോടൊപ്പം കൂക്കിവിളിക്കുന്നെന്നും
കപ്പലോട്ടക്കാർ കഥപറഞ്ഞു.
മീൻകറിയിലും കരുവാട്കറിയിലും
അവന്റെ മണം പതഞ്ഞുപൊങ്ങുന്നെന്ന്
ഉണ്ടവരും ഉണ്ടാക്കിയവരും ഉറപ്പുപറഞ്ഞു.





# രാജറാണി എക്സ്പ്രസ്

നീണ്ട ഒന്നര വർഷത്തെ പോരാട്ടത്തിന് ഒടുവിൽ ഒന്നാം സെമസ്റ്റർ പി.ജി പരീക്ഷ കഴിഞ്ഞു.കുറച്ചു വിശ്രമത്തിനും പിന്നെ മനസിന്റെ ക്ഷീണം മാറാനും ഒരു യാത്ര തന്നെ ആവശ്യം. കുറെ കണക്കുകൂട്ടലുകൾക്കൊടുവിൽ അവസാനം നിലമ്പൂർ കാട്ടിലേയ്ക്ക് തന്നെ പോകാൻ തിരുമാനിച്ചു. നിലമ്പൂർ എന്ന പേര് കേൾക്കുമ്പോൾ തന്നെ ആദ്യം മനസ്സിലേയ്ക്കെത്തുന്നത് തേക്കും ചാലിയാറും ആണ്. കൂട്ടുകാരന്റെ വണ്ടിയിൽ നേരെ കൊച്ചുവേളി റെയിൽവേ സ്റ്റേഷനിൽ, അതേ തുടക്കം അവിടെ നിന്ന് തന്നെ. ദേ കിടക്കുന്നു നീണ്ടു നിവർന്ന് നിലമ്പൂർ കാടിനെ തലസ്ഥാനവുമായി ബന്ധിക്കുന്ന മ്മ്ടെ രാജ്യറാണി എക്സ്പ്രസ്. നിലമ്പൂർക്ക് പോകാൻ



**ആകാശ് കൃഷ്ണ**
എം.സി.ജെ

കേറിയ ഞാൻ പെട്ടന്ന് തന്നെ ഏതോ കിഴക്കൻ സംസ്ഥാനത്തിലെ ലോക്കൽ ട്രെയിനിൽ കേറിയ അവസ്ഥ. അറിയാവുന്ന ഹിന്ദിയിൽ എന്റെ സീറ്റിൽ സ്ഥാനം ഉറപ്പിച്ചു. ഒരു വർഷം കൊണ്ടു ഞാൻ പറയുന്ന ഹിന്ദി അവർ ഒരു നേരം കൊണ്ടു എന്നോട് പറഞ്ഞു. യാത്ര തുടങ്ങുന്നതിനു മുൻപ് തന്നെയുള്ള അപരിചിതത്വം കൊണ്ട് ഇപ്പോൾ ഒരു സുഖം തോന്നുന്നുണ്ട് .ഗൂഗിൾ ചേച്ചിയും ജിയോ നെറ്റ്-വർക്കിന് റേഞ്ച് ഉള്ളത്കൊണ്ട് ഒരു വിധം പിടിച്ചു നിന്നു. അങ്ങനെ നീണ്ട ഹിന്ദി ക്ലാസിന് ശേഷം പുലർച്ചയോടെ നല്ല നിലമ്പൂർ തേക്കിന്റെ നാട്ടിൽ ട്രെയിൻ ഇറങ്ങി. ആദ്യമായി അക്ഷരം പഠിക്കാൻ പള്ളിക്കുടത്തിൽ പോയ അവസ്ഥയായിരുന്നു. ഇനി എന്ത് ?എങ്ങനെ ? കുറെ ചോദ്യങ്ങൾ മുന്നിൽ. ദീർഘമായ ചിന്തയിൽ നിന്നും പോലീസ് ചേട്ടൻ എന്നെ മോചിപ്പിച്ചു... എന്താ ഇവിടെ നിക്കുന്നേ കുറെ നേരം ആയല്ലോ? ചോദ്യം കഴിഞ്ഞു.. അടുത്ത് ഉത്തരം പറയണമല്ലോ, മുഖത്തു നിഷ്കളങ്ക ഭാവം വരുത്തി വിനയത്തോടെ എന്റെ പൊന്നു സാറേ ...എന്നു ഒരു വിളിയോടെ ചെറുതായി അങ്ങു തള്ളി മറിചു ..പുള്ളി പുള്ളിയുടെ പണി നോക്കി പോയി ..ഇനി എന്റെ വിനയം കൂടിപോയോ? ദൈവമേ വിളിക്കാൻ വരാം എന്ന് പറഞ്ഞവനെയും കാണുന്നില്ല എന്നു ചിന്തിച്ചിരിക്കുമ്പോൾ ... കൂട്ടുകാരൻ അയച്ച ഒരു കൂട്ടുകാരൻ വന്നിരിക്കുന്നു.... നിലമ്പുർ എത്തിയപ്പോൾ എന്റെ സമയം ശരിയായെന്ന് തോന്നുന്നു.... ദൈവത്തെ വിളിച്ചാൽ പുള്ളി പെട്ടെന്ന് തന്നെ വിളി കേൾക്കുന്നു. അപ്പോഴും ലെ പോലീസ് ചേട്ടൻ എന്നെ ഒരു നോട്ടം...നമ്മളും ഒന്നു നോക്കി... ഒരു മനസു:ഖം...അങ്ങനെ സുഹൃത്തിന്റെ വണ്ടിയിൽ നേരെ അടുത്ത് വാസ സ്ഥലത്തേയ്ക്ക്... കുറച്ചു കഴിഞ്ഞപ്പോൾ വണ്ടി ഓടിക്കുന്നവൻ.... ചേട്ടാ കൈയിൽ ഫോൺ ഉണ്ടോ എന്ന് ഒരു ചോദ്യം. പകച്ചു പോയി. (ആകെ ഒരു മരവിപ്പ്. യൂണിവേഴ്സ്റ്റി പരീക്ഷക്ക് പോലും എനിക്കു ഇത്രക്കും സംശയം വന്നിട്ടില്ല..) ഉണ്ടല്ലോ എന്താ ..? ലെ അവൻ ചേട്ടാ നമ്മൾ പോകുന്ന വണ്ടിക്കു ലൈറ്റ് ഇല്ല, അപ്പോൾ മൊബൈലിന്റെ ഫ്ളാഷ് ലൈറ്റ് ഒന്നു ഓൺ ചെയ്താൽ നമുക്കു ഈ രാത്രിയിൽ ദേഹത്തു മണ്ണ് പറ്റാതെ അങ്ങു എത്താം...അങ്ങനെ ലൈറ്റ് ഓൺ ചെയ്തു പോകാൻ തുടങ്ങി ...കുറേ ദൂരം ഉണ്ടോ? പോകാൻ..

ലെ അവൻ 2 വളവു കഴിഞ്ഞാൽ നമ്മൾ എത്തും ആയേ അത്രയും ഉള്ളോ?... അഞ്ച് മിനുട്ട് കഴിഞ്ഞപ്പോൾ മനസിലായി ആ രണ്ടു വളവിനായി കുറച്ചധികം കാത്തിരിക്കണമെന്ന്. ..അങ്ങനെ 2 വളവു കഴിഞ്ഞു.പൂക്കോട് പാടം എന്ന ഒരു ചെറിയ ടൗണിൽ വണ്ടി എത്തി... ഇനി ഉള്ള കുറച്ചു ദിവസം താമസിക്കാൻ ഉള്ള വാസസ്ഥലതത്തിന്റെ മുന്നിൽ വണ്ടി എത്തി. ഒരു കുളി, പിന്നാലെ ഒരു ഉറക്കം എല്ലാം വളരെ പെട്ടന്ന്. അവിടെ നിന്നു പുതിയതായി ഒരു അഞ്ച് കൂട്ടുകാരെയും കിട്ടി. തീരെ

> *അടുത്ത ലക്ഷ്യം നിലമ്പൂർ ടൗണിൽ നിന്നും 2 കിലോ മീറ്റർ അകലെ ചന്തക്കുന്ന് എന്ന സ്ഥലത്തുള്ള ബംഗ്ലാ വ് കുന്നിലിലേയ്ക്ക് 1929 ൽ ബ്രിട്ടീഷ് ഭരണകൂടം പണിഞ്ഞ ഒരു ബംഗ്ലാവ് (അപ്പോൾ അതായിരിക്കും ബംഗ്ലാവ് കുന്ന് എന്ന പേരു വരാൻ കാരണം)*

അവിചാരിതമായി ഡിഗ്രിക്ക് കോളജിൽ ഭൂമിശാസ്ത്രം പഠിപ്പിച്ച അദ്ധ്യാപകൻ അടുത്തുള്ള റൂമിൽ ഉറങ്ങുകയായിരുന്നു. പുള്ളിയെ വിളിച്ചുണർത്തി ഉച്ചവരെ ബഡായി പറഞ്ഞിരുന്നു. ഉച്ചയോടെ പ്രധാന പരിപാടിയിലേക്ക് കടന്നു. ഊര് തെണ്ടൽ ആണല്ലോ മുഖ്യം. നിലമ്പൂർ എന്നു കേൾക്കുമ്പോൾ തന്നെ ആദ്യം വരുന്നത് തേക്കിൻ തോട്ടം ആണ്. എന്നാൽ ആദ്യം കുറച്ചു ചരിത്രം പഠിച്ചിട്ടു പോകാം എന്നു കരുതി നേരെ കേരള വനഗവേഷണ കേന്ദ്രത്തിലുള്ള (KFRI) നിലമ്പൂർ തേക്ക് മ്യൂസിയത്തിലേയ്ക്ക് തിരിച്ചു. റോൾസ് റോയ്സ് കാറിന്റെ ഇന്റീരിയർ ചെയ്യാൻ നിലമ്പൂർ തേക്ക് ആണ് ഉപയോഗിക്കുന്നത്. കുറ്റം പറയരുതല്ലോ, ചരിത്രം പഠിക്കാൻ പോയ എന്റെ മുന്നിൽ ഗേറ്റ് അടഞ്ഞിരിക്കുന്നു. ഒരു ചെറിയ കുറുപ്പും ഉണ്ട് . ഇനി ഒരു അറിയിപ്പ് ഉണ്ടാകുന്നത് വരെ മ്യൂസിയം തുറന്നു പ്രവർത്തിക്കുന്നതല്ല. അവിടെ വരെ വന്നത് അല്ലെ തെളിവിനെന്ന പോലെ ആ ബോർഡിന് മുന്നിൽ നിന്ന് തന്നെ ഒരു ഫോട്ടോ അങ്ങു എടുപ്പിച്ചു. പൊന്നിൻ വിലയുള്ള പെട്രോൾ വെറുതെ കത്തിച്ചുകളഞ്ഞ ആദ്യ ദിവസം തന്നെ പാളി.

അടുത്ത ദിവസം ലോകത്തു ആദ്യമായി തേക്കിൻ തോട്ടം നട്ട് വളർത്തിയ സ്ഥലം ആയ കനോലി പ്ലോട്ട് (ചാലി




യാർ നദി കരയിൽ 1846 ൽ ഏകദേശം 14.8 ഏക്കറിൽ ബ്രിട്ടീഷ് മലബാർ കലക്ടർ ആയിരുന്ന H. V. Conolly തുടങ്ങിയ തോട്ടം) കാണാൻ തീരുമാനിച്ചു. 80 രൂപ ടിക്കറ്റ് എടുത്തു ഞാനും കൂട്ടുകാരനും കാട്ടിൽ കൂടെ തേരാ പാരാ നടക്കാൻ തുടങ്ങി, അവസാനം ചാലിയാറിന്റെ കരയിലെത്തി.നദിക്കു കുറുകെ തൂക്കുപാലം (ചാലിയാർ നദിയുടെയും കുരുവാൻപുഴയുടെയും മനോഹര ദൃശ്യം കാണാൻ കഴിയും എന്ന് അറിയാൻ കഴിഞ്ഞു) ഉണ്ട് പകുതി പൊളിഞ്ഞു അക്കരയും ഇക്കരയും ഉണ്ട്, പകുതി കഴിഞ്ഞ പ്രളയത്തിൽ ഒലിച്ചു പോയി.

അടുത്ത ലക്ഷ്യം നിലമ്പൂർ ടൗണിൽ നിന്നും 2 കിലോ മീറ്റർ അകലെ ചന്തക്കുന്ന് എന്ന സ്ഥലത്തുള്ള ബംഗ്ലാവ് കുന്നിലിലേയ്ക്ക് 1929 ൽ ബ്രിട്ടീഷ് ഭരണകൂടം പണിഞ്ഞ ഒരു ബംഗ്ലാവ് .(അപ്പോൾ അതായിരിക്കും ബംഗ്ലാവ്കുന്ന് എന്ന പേരു വരാൻ കാരണം) അതിനു ചുറ്റുമായി 100 വർഷം പഴക്കമുള്ള മഹാഗണി മരങ്ങളാണ്. അവിടെയും ടിക്കറ്റുണ്ട് വണ്ടി ഉൾപ്പെടെ ?90. ഏകദേശം വൈകിട്ട് 5 മണിക്ക് അടയ്ക്കും. നമ്മൾ 4.30 കഴിഞ്ഞു എത്തി. 90 രൂപ അങ്ങോട്ടു പോകുന്നതിനു ഇനി കുറച്ചു സമയം കൂടെ അല്ലെ ഉള്ളു ചേട്ടാ ഡിസ്കൗണ്ട് ഉണ്ടോ എന്ന് ചോദിച്ചു? അവസാനം ചേട്ടൻ വണ്ടിയ്ക്ക് ഉള്ള 10 രൂപ കുറച്ചു തന്നു. ഒരു ചായയ്ക്കുള്ള ക്യാഷ് കിട്ടി. കാട്ടിൽ കൂടെ കുന്നു കേറി നേരെ ബംഗ്ലാവിന്റെ മുന്നിൽ. ഒരു പ്രേത കോട്ട പോലെ ഉണ്ട് കണ്ടിട്ടു. ഇന്ത്യയിൽ എവിടെ പോയാലും കാണുന്ന ഒരു ആചാരം ഉണ്ട്

പേര് (രാജേഷ് ഹീല അഞ്ജലി തിക ച്ചും സങ്കല്പികം) അതു അവിടെയും ഉണ്ട്.എഴുതുന്നവന് ഒരു മനസു:ഖം. കുറെ ഒഴിഞ്ഞ മുറികൾ, നല്ല അന്തസായി തല കുത്തിമറിഞ്ഞു വായിനോക്കുന്ന കുറെ വവ്വാൽ എല്ലാം ശുഭം. പുറത്തിറങ്ങി നേരെ ഇടത്തോട്ടു തിരിഞ്ഞു ഒരു ആകാശപാലം മരത്തിനു മുകളിലൂടെ ബംഗ്ലാവിൽ നിന്നും താഴെ വരെ. സംഗതി കൊള്ളാം കൊടുത്ത കാശ് വെറുതെ ആയില്ല. ബംഗ്ലാവിന്റെ താഴെ കൂടെ കേരളത്തിലെ നീളം കൂടിയ നാലാമത്തെ നദി ചാലിയാർ ശുദ്ധമായി ഒഴുകുന്നു. നഗരത്തിൽ എത്തുന്നത്തിനു കുറച്ചു മുൻപ് മാത്രം.

അവസാന ദിവസം നിലമ്പൂർ കോവിലകം തന്നെ പോകാൻ തീരുമാനിച്ചു. കോഴിക്കോട് സാമൂതിരി രാജാവിന്റെ സാമന്തരാജാക്കന്മാരായിരുന്നു നിലമ്പൂർ കോവിലകം ഭരിച്ചിരുന്നത് .പഴയ ഏറനാട്ടിലെ ഏറ്റവും വലിയ ഭൂവുടമകളായിരുന്നു. ചാലിയാറിന്റെ കരയിൽ ഇന്നും തലയെടുപ്പോടെ കോവിലകമുണ്ട്. നിലമ്പൂർ ടൗണിന്റെ തൊട്ടടുത്ത് കോവിലകത്ത്മുറിയെന്ന സ്ഥലത്താണ് നിലമ്പൂർ കോവിലകം. ഒരു ചെറിയ കോട്ടവാതിലും കഴിഞ്ഞ് അകത്തു പ്രവേശിക്കുമ്പോൾ സമീപത്തായി വേട്ടയ്ക്കൊരുമകൻ ക്ഷേത്രവും. ഈ ക്ഷേത്രത്തിന്റെ ചുറ്റിനുമായി നിരവധി കോവിലകങ്ങൾ കാണാം. എന്നാൽ പ്രധാന കോവിലകത്തിന്റെ മതിൽക്കെട്ടിനപ്പുറം പോകാൻ ഉള്ള അനുവാദം മാത്രം ലഭിച്ചില്ല. അതും

“

***തെക്കൻ നാട്ടിലെ ക്ഷേത്രങ്ങളിൽ നിന്നു വളരെ വ്യത്യസ്തമായ നിർമാണം. വർഷങ്ങൾ പഴക്കം തോന്നിക്കുന്ന പ്രധാന ശ്രീകോവിൽ. എന്നാൽ അവിടെയും വിധി വീണ്ടും വേട്ടയാടി. പാന്റ് ധരിച്ചു ക്ഷേത്രത്തിൽ പ്രവേശിക്കാൻ പാടില്ല.***

”



തീരുമാനമായി, ഈ നാട്ടിൽ വന്നിട്ടു ഇവിടെയുള്ള ക്ഷേത്രവും അതിന്റെ ഭംഗിയും കാണാതെ പോകുന്നതു ശെരിയല്ലല്ലോ? അടുത്ത സ്ഥലം ആയ അമരമ്പലം കോവിലകത്തിന്റെ ഭാഗമായ ശിവ ക്ഷേത്രം .തെക്കൻ നാട്ടിലെ ക്ഷേത്രങ്ങളിൽ നിന്നു വളരെ വ്യത്യസ്തമായ നിർമാണം. വർഷങ്ങൾ പഴക്കം തോന്നിക്കുന്ന പ്രധാന ശ്രീകോവിൽ. എന്നാൽ അവിടെയും വിധി വീണ്ടും വേട്ടയാടി. പാന്റ് ധരിച്ചു ക്ഷേത്രത്തിൽ പ്രവേശിക്കാൻ പാടില്ല. വളരെ ഭംഗിയായി ആ ദിവസം മുഴുവൻ പാളി പോയി. തിരികെ റൂമിൽ എത്തിയതിനു ശേഷം പോകാനുള്ള ടിക്കറ്റ് ബുക്ക് ചെയ്തു, അവിടെ വളരെ ഭംഗിയായി റെയിൽവേയും ചതിച്ചു. ടിക്കറ്റ് വെയ്റ്റിംഗ് ലിസ്റ്റിൽ, കുറേ കാത്തിരിപ്പിന് ഒടുവിൽ പോകാൻ ഉള്ള ടിക്കറ്റ് റെഡിയായി. അതും ട്രെയിന്റെ അവസാന ലഗ്ഗേജ് ബോഗിയിൽ. കുറേ പുതിയ അനുഭവങ്ങളും കാഴ്ചകളും സമ്മാനിച്ച നിലമ്പൂരിനോടും മൂന്ന് ദിവസം താമസവും ,ആഹാരവും തന്ന കൂട്ടുകാരോടും നന്ദി പറഞ്ഞു വെട്ടം ഇല്ലാത്ത ബൈക്കിൽ ടോർച്ചും ഓൺ ആക്കി നേരെ നിലമ്പൂർ റെയിൽവേ സ്റ്റേഷനിൽ. തിരികെ തലസ്ഥാനം തേടി പോകാൻ രാജ്യറാണി ചൂളം അടിച്ച് നിൽക്കുകയാണ്. അവസാന ബോഗിയിൽ ഞാനും പിന്നെ രണ്ട് യുവമിഥുനങ്ങളും. അടുത്ത യാത്ര വരെയ്ക്കുള്ള ഓർമകളും കൈക്കലാക്കി പ്രിയ കൂട്ടുകാരോട് യാത്ര പറഞ്ഞു നാട്ടിലേക്കു മടക്കം... ■



ആർദ്ര ഉണ്ണി ടി
എം.കോം

# ജീവശ്വാസം

ആരംഭമായ്., ആഘോഷമായ്..
പരസ്പരമുള്ള സംഭാഷണം
കുറവായിരുന്നു,
എന്നാൽ മനംക്കൊണ്ട് എല്ലാം പറഞ്ഞിരു
ന്നു,
നിശബ്ദമായി വിരലുകൾ
പരസ്പരം ചലിച്ചിരുന്നു,
ചുണ്ടുകൾ പലതും മൊഴിഞ്ഞിരുന്നു,
കഴിഞ്ഞ ഓരോ ദിനരാത്രങ്ങൾ
നിൻ ചൂടേറ്റിരുന്ന കിളിയുടെ..
ഒരുജീവശ്വാസമായ്
എൻ നിഴലായ്
നിന്നൊരാന്നാളുകൾ
മായാതെ നിൽപ്പൂ
കടലെന്ന സത്യംപോൽ...





**കവിത ഹരീന്ദ്രൻ**
കേരളപഠനം



# ഒരുവൾ പ്രണയിനിയാകുന്നത്

ഒരുവൾ പ്രണയിനിയാകുന്നത്
എപ്പോഴെന്നോ
അവൾ മറ്റൊരാളുടെ
കവിതയായി മാറുമ്പോൾ
അക്ഷരങ്ങൾ പൂക്കുന്ന
കാടായി മാറുമ്പോൾ
അകം കണ്ടിറങ്ങുമ്പോൾ
അർത്ഥങ്ങളും അന്തരാർത്ഥങ്ങളും
മത്സരിച്ചു പൂക്കുന്ന
ഉൾക്കാടായി മാറുമ്പോൾ



**നീതു**
കൊമേഴ്സ്

# മഗ്ദലീന

ചിത്രപ്പലകയുടെ മുഖഭാഗത്ത് ഉദാസീനമായി ആടിക്കൊണ്ടിരുന്ന ക്യാൻവാസ് വികാരാദ്വേഗത്തോടെ അഴിഞ്ഞു നിലത്തുവീണു. അപൂർണ്ണമായ ഒരു ഛായാപടം നീലാകാശത്തിലെ വിളറിവെളുത്ത മേഘത്തെപ്പോലെ ക്യാൻവാസിന്റെ ഒരൊഴിഞ്ഞ മൂലയിൽ കിടന്നുഴറുകയായിരുന്നു. ചിറക് നഷ്ടപ്പെട്ട പക്ഷിയെപ്പോലെ ചിത്രപ്പലക ഒന്നിളകി. പിന്നെ യഥാസ്ഥാനത്ത് തിരികെയെത്തി. നിലത്ത് വീണുകിടന്ന വോഡ്കയുടെ കാലിക്കുപ്പികൾ തമ്മിൽ കൂട്ടിമുട്ടി ഇടതടവില്ലാതെ സന്ദേശം തൊടുത്തുവിട്ടു. വിറകൊണ്ടാടിയ ചുഴലിപിടിച്ച കാറ്റ് കൊട്ടിയടച്ച ജനൽപാളിയുടെ ഭീതിയുണർത്തുന്ന ശബ്ദം കേട്ട് അയാൾ ചാടിപ്പിടഞ്ഞെണീറ്റു. ലഹരിയുടെ കുതിരപ്പുറം കേറിയ അയാൾ ഒന്നുറച്ചു നിൽക്കാൻ ബദ്ധപ്പെട്ടു. അപരിചിതമായ ഇടത്തിൽ എത്തിപ്പെട്ട ഒരു ബാലന്റെ ഉൾത്താപത്തോടെ അയാൾ ചുറ്റുപാടും വീക്ഷിച്ചു. ഒടുവിൽ ഒരു നെടുവീർപ്പോടെ ക്യാൻവാസിൽ നോട്ടം തെന്നിച്ചു. അയാളുടെ കണ്ണുകൾ ക്യാൻവാസിലെ അവ്യക്തമായ ചിത്രത്തിൽ നട്ടു. കിടുകിടാവിറയ്ക്കുന്ന കൈകൾ ക്യാൻവാസിൽ പിടുത്തം മുറുക്കുമ്പോഴും കണ്ണുകൾ ചിത്രത്തിന്റെ കുടുക്കുകൾ അഴിച്ച് ഭോഗിക്കാൻ തുടങ്ങിയിരുന്നു. അയാൾ ചിത്രപ്പലകയ്ക്കുമേൽ ക്യാൻവാസിനെ ഒട്ടിച്ചുചേർത്തു. മദ്യക്കുപ്പിയിലെ അവസാനതുള്ളിയും വായിലേയ്ക്കു കമഴ്ത്തുമ്പോൾ മാത്രമാണ് അയാൾ തന്റെ ചിത്രമാതൃകയെ അവിടെ തിരഞ്ഞത്. അയാളുടെ കണ്ണുകൾ അവളെ ആവേശത്തോടെ കണ്ടെത്തിയപ്പോൾ, കോടിച്ചചുണ്ടിന്റെ വികൃതമായ ചിരിയോടെ അയാൾ ക്യാൻവാസിലേയ്ക്കും

***അയാൾ അപ്പോഴും ഒരു വാക്കുപോലും ശബ്ദിക്കാതെ നിൽക്കുന്നതു കണ്ടപ്പോൾ അവൾ അയാളുടെ ക്യാൻവാസിലെ ശൂന്യതയിൽ നിന്നും വാക്കുകൾ പറിച്ചെടുത്തു: "പെറ്റതള്ളയുടെ നഗ്നത വരച്ച് വിറ്റുതിന്നുന്ന ഒരുവന്റെ മുന്നിൽ ചിത്രമാതൃകയായത് എന്റെ തെറ്റ്."***

അവളിലേയ്ക്കും മാറിമാറി കണ്ണുകൾ കുതറിച്ചു. വില്ലീസ്സുപട്ടിന്റെ ഞൊറികളോടുകൂടിയ വീതിയുള്ള പീഠത്തിൽ മലർന്നുകിടക്കുന്ന ചിത്രമാതൃക അർദ്ധമയക്കത്തിൽ നിന്നും ഞെട്ടറ്റുണരാനുള്ള യത്നത്തിലായിരുന്നു. തെളിഞ്ഞ മാനത്തിൽ ഓടിയടുത്ത കാർമേഘം അവിടവിടായി ഞാന്നു കിടന്നു. അവൾ ഒന്നു കുലുങ്ങി എഴുന്നേറ്റു.തിരക്കാറ്റ് ആഞ്ഞടിച്ച് കടലോളങ്ങളെ തീരത്തടുപ്പിച്ചു. അവൾ എഴുന്നേറ്റപാടെ ക്യാൻവാസിൽ പതിഞ്ഞ തന്റെ കണ്ണുകൾ പറിച്ചെടുത്തുകൊണ്ട് അയാൾക്കു നേരെ കയർത്തുചാടി: "ഈ കാണുന്ന കഴുത്തോളം പോന്ന ചിത്രം വരയ്ക്കാനാണോ നിനക്ക് മുന്നിൽ ഉടുതുണിയില്ലാതെ ഞാൻ..." അവളുടെ തുടർന്നുള്ള സ്വരം അയാളുടെ ഹൃദയമിടിപ്പിൽപ്പെട്ട് ഉയർന്നുപറന്നു. അതു പറന്നുചെന്ന് നിലത്തു പടർന്നൊലിച്ചുകൊണ്ടിരുന്ന ചായവും വടിച്ചെടുത്ത് ക്യാൻവാസിലെ അപൂർണ്ണചിത്രത്തിന്മേൽ പരന്നൊഴുകി. ഒടുവിൽ ക്യാൻവാസിൽ ഒരു നഗ്നചിത്രം പിറന്നുവീണു.അയാൾ വിറയലോടെ

ക്യാൻവാസിൽ നിന്നും കണ്ണുകൾ വിടുവിച്ച് പീഠത്തിൽ ഞെളിഞ്ഞിരിക്കുന്ന ചിത്രമാതൃകയെ നോക്കി. അയാളുടെ നോട്ടം അവരുടെ കഴുത്തുവരെ ചെന്ന് തടഞ്ഞുനിന്നു. അയാളുടെ കണ്ണുകളിൽ ഭൂതകാലം തള്ളിത്തുറക്കുകയാണ്. എന്തോ പറയാൻ ഭാവിച്ച അയാളുടെ ഇടറിയ ശബ്ദത്തിനുമേൽ അവളുടെ ഉത്തരവ് തെറിച്ചുവീണു.

"എനിക്ക് കൂലി തന്നേക്കുക. ഇനിയും സമയം കളയാൻ എനിക്കാകില്ല. അല്ലങ്കിൽത്തന്നെ താനൊരു നല്ല ചിത്രകാരൻ ആണെന്ന് എനിക്കു തോന്നുന്നില്ല. മിനിറ്റുകൾക്കുള്ളിൽ എന്നെ പകർത്തിവയ്ക്കുന്ന അസാധാരണ ചിത്രകാരിൽ നിന്നും തന്നെപ്പോലെയൊരു നേരമ്പോക്കുകാരനു വേണ്ടി മണിക്കൂറുകൾ നഷ്ടപ്പെടുത്തിയതിൽ എനിക്ക് നീരസം തോന്നുന്നു."

അയാൾ അപ്പോഴും ഒരു വാക്കുപോലും ശബ്ദിക്കാതെ നിൽക്കുന്നതു കണ്ടപ്പോൾ അവൾ അയാളുടെ ക്യാൻവാസിലെ ശൂന്യതയിൽ നിന്നും വാക്കുകൾ പറിച്ചെടുത്തു:

"പെറ്റതള്ളയുടെ നഗ്നത വരച്ച് വിറ്റുതിന്നുന്ന ഒരുവന്റെ മുന്നിൽ ചിത്രമാതൃകയായത് എന്റെ തെറ്റ്."

അവൾ അത് പറഞ്ഞുനിർത്തുമ്പോൾ അയാളുടെ കയ്യിൽ നിന്നും ചുവന്നചായത്തിൽ മുക്കിയ ബ്രഷ് അറിയാതെ നിലത്തുവീണു. അത് ഒരു സ്ത്രീയുടെ തടിച്ചു ചുവന്ന ചുണ്ടുകൾ പോലെ വിടർന്നുവന്നു. മദ്യലഹരി കെട്ടടങ്ങിയ അയാളുടെ കാലുകൾ നിലത്തുറച്ചുനിന്നു. മൂടിയില്ലാത്ത ബൾബിൽ നിന്നും കുത്തിയൊഴുകുന്ന വെളിച്ചംകണക്കെ അയാൾ നിശ്ചേതനായി തുടർന്നു. അവൾ പീഠത്തിൽ നിന്നും എഴുന്നേൽക്കുമ്പോൾ അയാളുടെ കണ്ണുകൾ അവളിൽ ഉറയ്ക്കാതെ വിരണ്ടുമുരളുകയായിരുന്നു.

തണുത്ത കാറ്റിന്റെ കുസൃതി ചൂളമടിക്കാൻ കോട്ടിയ ചുണ്ടിൽ അമർന്നുകിടന്ന് ശ്വാസംമുട്ടിക്കുന്നുണ്ടായിരുന്നു. അവൾ ഊർന്നുവീഴാൻ തുടങ്ങിയ ചിരി മറച്ചുപിടിച്ച് ഗൗരവത്തോടെ അയാളെത്തന്നെ നോക്കിനിന്നു. അയാൾ എന്തോ പറയാൻ വിഫലമായ ഒരു ശ്രമം നടത്തി. എന്നാൽ ചലിക്കാൻ ആവതില്ലാത്തതുപോലെ തോന്നിച്ച നാവിനെ പഴിച്ചുകൊണ്ട് അയാൾ അവളെത്തന്നെ നോക്കിനിന്നു. അയാളുടെ കൈയിൽ നിന്നും തനിക്ക് പ്രതിഫലം കിട്ടില്ലെന്നുറപ്പായപ്പോൾ അവൾ ധൃതിയിൽ എഴുന്നേറ്റ്, ദേഹത്ത് തുണി ഒട്ടിച്ചുവച്ച്, വാതിലിന്റെ സാക്ഷ മാറ്റി കതക് വലിച്ചടച്ചു പോയതുമാത്രമെ അയാളുടെ ബോധതലത്തിൽ സ്പർശിച്ചുള്ളു. അയാൾക്കുനേരെ ഉതിർന്നുവീണ തെറിവാക്കുകൾ നിലത്തുവീണുടഞ്ഞ പിഞ്ഞാണങ്ങളെപ്പോലെ അൽപായുസ്സിൽ കിടന്നുപിടഞ്ഞു. പിന്നെ വല്ലാത്തൊരു വെപ്രാളത്തോടെ അത് നിലത്ത് വീണുമരിച്ചു.അയാൾ ആ മുറിയുടെ നാലുപാടും ഉറ്റുനോക്കി. ഫ്രെയിമുകൾക്കുള്ളിലെ ഛായാചിത്രങ്ങൾ കണ്ണാടിക്കൂട്ടിലെ അസ്ഥികൂടങ്ങളെപ്പോലെ തന്നെ മിഴിച്ചുനോക്കുന്നതായി അയാൾക്കനുഭവപ്പെട്ടു. ഇടതുകൈയിലിരുന്നെരിയുന്ന സിഗരറ്റിന്റെ പുക വലിച്ചെടുക്കുമ്പോൾ അയാൾ മനസ്സിൽ പറഞ്ഞു:

"നന്ദികെട്ടവൾ! പറഞ്ഞതു കേട്ടില്ലേ, താൻ ഒരു നല്ല ചിത്രകാരനല്ലെന്ന്!"

മുറിയിലെ ചിത്രങ്ങൾ അതംഗീകരിച്ച മട്ടിൽ തലകുലുക്കി.

"പിന്നെ എന്തോ ഒന്നു കൂടി അവൾ പറഞ്ഞല്ലോ..."

അയാൾ അതോർമ്മിക്കാൻ അവസരം കൊടുക്കാത്തതുപോലെ അലംകൃത മായ മുറിയിലൂടെ പരക്കെ കണ്ണെറി ഞ്ഞു. പൊടുന്നനെ ഒരു ഛായാപടം ചില്ലുടച്ച് പുറത്തുവന്നു. അത് ഉറക്കത്തി ലെന്നപോലെ മുരണ്ടുപിടഞ്ഞപ്പോൾ അയാളിൽ പൂർവ്വകാലോർമ്മകൾ ചി തയൊരുക്കി. ആ ചിത്രം തറയിലഴി ഞ്ഞുകിടന്ന മേശവിരിപ്പെടുത്തു പറന്ന് സ്വയം പുതപ്പിച്ചു. ഒടുവിൽ ആ ചു വരിൽത്തന്നെ ഒട്ടിച്ചേർന്നു കിടന്നു. അതിലേയ്ക്കു കണ്ണുപതിഞ്ഞപ്പോൾ അയാൾ ഇതാദ്യമായി പറഞ്ഞു:


"അമ്മ, എന്റെ അമ്മ"

ഫ്ലോറൻസ് പട്ടണപ്രാന്തങ്ങളിലൂടെ അയാൾ മദ്യഷാപ്പുകൾ തേടി അലഞ്ഞു. വിശന്നുവലഞ്ഞ ചെന്നായയെപ്പോലെ മുരണ്ടു. എങ്ങും ഉറയ്ക്കാത്ത കാലു കൾ വേച്ചുവേച്ചു മുന്നോട്ടായുമ്പോൾ, താൻ ഒരാവിയായി മുകളിലേയ്ക്കു പറന്നുയരുന്നതായി അയാൾക്കു തോ ന്നി. തിരക്കുപിടിച്ച നടക്കാവുകളിലൂടെ അയാൾ അലഞ്ഞുതിരിഞ്ഞു. തന്നെ സൂ ക്ഷിച്ചു നോക്കുന്ന കാൽനടക്കാർക്കു നേരെ തിരിഞ്ഞ് ഗോഷ്ടി കാണിക്കാ തിരിക്കാൻ അയാളുടെ മദ്യലഹരിക്ക് കഴിഞ്ഞില്ല. അയാൾ അങ്ങനെ നഗരത്തി ലൂടെ ഇഴഞ്ഞുനീങ്ങിക്കൊണ്ടിരുന്നു.

മദ്യഷാപ്പിന്റെ മുന്നിലെത്തിയപ്പോൾ അയാൾ ഗേറ്റിനു മുന്നിൽ നിന്ന കാവൽ ക്കാരനെയും തട്ടിമറിച്ചിട്ട് ഉള്ളിലേയ്ക്കു കടന്നു. കുളിരുകോരുന്ന വിശാലമായ മുറിയും കടന്ന് അയാൾ ഒരൊഴിഞ്ഞ മൂ ലയിൽ കൂനിപ്പിടിച്ചിരുന്നു. വെയ്റ്റർക്കു ചട്ടംകെട്ടി. ഉടനെതന്നെ ആവശ്യസാ ധനങ്ങളെല്ലാം മേശപ്പുറത്തു നിരന്നു. അയാൾ ആർത്തിപ്പണ്ടാരത്തെപ്പോലെ മദ്യക്കുപ്പി കാലിയാക്കി. ഉഴന്നുതുട ങ്ങിയ നാവ് കടിഞ്ഞാണിൽ നിന്നും പിടുത്തംവിട്ടുപോയ നായയെപ്പോലെ കുരച്ചുചാടാൻ തുടങ്ങി.

അടുത്ത മേശയ്ക്കു ചുറ്റിലും ഇരി ക്കുന്നവർ സംസാരം നിർത്തി അയാ ളെത്തന്നെ അന്ധാളിപ്പോടെ നോക്കി ക്കൊണ്ടിരുന്നു. അയാൾ ഇടയ്ക്കിടക്ക് കരയുകയും ചിരിക്കുകയും പിന്നെ താ ടിക്കു കൈകൊടുത്ത് നിശ്ചേതനായും ഇരുന്നു. കുഴഞ്ഞുവീണുപോയ കണ്ണു കളെ പെറുക്കിയെടുക്കാൻ ബദ്ധപ്പെട്ടി ട്ടെന്നപോലെ അയാളുടെ പുരികങ്ങൾ രസാഭിനയം കൊണ്ടു വിറച്ചു. ചുറ്റു മുള്ള കണ്ണുകൾ തന്നെ വേട്ടയാടുകയാ ണെന്ന് അയാൾക്ക് മനസ്സിലായി. ആ വിശാലമായ മുറിക്കുള്ളിൽ മുഴങ്ങി ക്കേൾക്കുന്ന അട്ടഹാസങ്ങൾക്കു പിന്നി ലെ കഥ താനാണോ എന്നറിയാനുള്ള അയാളുടെ വ്യഗ്രത അധികം നീണ്ടു നിന്നില്ല. അവരുടെ സംഭാഷണത്തിലെ മുള്ളിന്റെ അരം അയാളുടെ കാതിലൂ ടെ പുറപ്പെട്ടു തുടങ്ങുന്നതിന്റെ ചെറിയ വിടവിലൂടെ അയാൾ ഇത്രമാത്രം കേ ട്ടു: "ആ മാന്യൻ ഒരു ചിത്രകാരനാണ്. വരച്ചു തുടങ്ങുന്നതോ, ഉറങ്ങിക്കിടന്ന തള്ളയുടെ..."

പിന്നെ അവിടെ അമർന്നുകേട്ടത് ഒരു അട്ടഹാസമായിരുന്നു. ഒരക്ഷരം പോ ലും ഉരിയാടാൻ കഴിയാതെ അയാൾ വീർപ്പുമുട്ടി. അയാൾ എഴുന്നേറ്റു. തന്റെ കാൽപ്പെരുമാറ്റം ആരെയും അലോസ രപ്പെടുത്തുന്നില്ലെന്ന ഉറപ്പോടു കൂടി ത്തന്നെ മുന്നോട്ടുനടന്നു. അയാളുടെ നിശ്ശബ്ദത ഒരുപക്ഷേ, അവിടുത്തെ അന്തരീക്ഷം ശാന്തമാക്കാൻ മാത്രം പോ ന്നതായിരുന്നു. മേശയിലിരുന്ന ഒഴിഞ്ഞ



മദ്യക്കുപ്പികൾ നിലത്തു വീണുടഞ്ഞു. ലക്ഷ്യബോധമില്ലാതെ അയാളുടെ കാലുകൾ മേയാൻ തുടങ്ങി. കുത്തിനിറയ്ക്കപ്പെട്ട പുസ്തക അലമാര അഴിച്ചുമരും തള്ളിത്തുറന്ന് ശ്വാസം കഴിക്കാൻ കിടന്നു പിടയുന്നതു പോലെ അയാളുടെ അന്തരംഗം വീർപ്പുമുട്ടി. പകലിനെ കൈക്കുടന്നയ്ക്കുള്ളിൽ അമർത്തിപ്പിഴിഞ്ഞ സന്ധ്യ മുറുക്കി ചുമപ്പിച്ച പല്ലുകൾക്കിടയിൽ ഞെരിച്ചമർത്താൻ തക്കം പാർത്തിരുന്നു. മാനത്തിന്റെ മുഖം കറുത്തൊട്ടിക്കിടന്നു...

അയാൾ ഡ്രെയിനേജിനു കുറുകെ കാലുകൾ നീട്ടിവച്ച്, കെട്ടിടത്തിന്റെ ആദ്യനിലയിൽ കയറിക്കൂടി. ഇരുട്ടിലൂടെ തപ്പിത്തടയുമ്പോൾ തനിക്കു നേരെ പാഞ്ഞടുക്കുന്ന കണ്ണുകളിലേയ്ക്ക് വഴുതിവീഴാതിരിക്കാൻ അയാൾ ശ്രദ്ധിച്ചു. വാടകയ്ക്കു പാർക്കുന്ന ഒറ്റ മുറിയുടെ വാടക ഒടുക്കാത്തതിനാൽ ഉടമസ്ഥനിൽ നിന്നും ഒളിച്ചും പാത്തും ശീലിച്ച അയാൾക്ക് ഏതിരുട്ടിലും തന്റെ മുറി കണ്ടുപിടിക്കാൻ ഒരു ബുദ്ധിമുട്ടും നേരിട്ടില്ല. പടിക്കെട്ടുകൾ ചാടിക്കേറി ഒരു മൂലയിൽ ഒറ്റപ്പെട്ടിരിക്കുന്ന തന്റെ മുറിയുടെ വാതിൽ

തള്ളിത്തുറന്ന് അകത്തു കയറി കുറ്റിയിടുമ്പോൾ നെഞ്ചിടിപ്പിന്റെ ആക്കം നേർത്തു തുടങ്ങി.

കൈ സ്വിച്ചിലേയ്ക്കമർന്നപ്പോൾ മൂടിയില്ലാത്ത ബൾബ് ചിതറിക്കിടന്ന ചിത്രങ്ങളെ വെളുപ്പിച്ചു. മയക്കം കുറുകിക്കൂടിയ കണ്ണുകൾ അടഞ്ഞു തുടങ്ങിയപ്പോൾ ചുവരിൽ കിടന്നാടിയ ഒരു സന്ദേശത്തിൽ ഉടക്കിയ അയാളുടെ കണ്ണുകൾ വാരിപ്പിടഞ്ഞെണീറ്റു.

മഞ്ഞനിറത്തിലെ ചുവർക്കടലാസ്സിൽ ചുവന്നനിറത്തിൽ അക്ഷരങ്ങൾ വീണുകിടന്നു. അയാൾ ഉറന്നുചാടിയ കണ്ണുനീർ പിടിച്ചടക്കിക്കൊണ്ട് വിറയ്ക്കുന്ന കൈനീട്ടി അതു ചുവരിൽ നിന്നും പറിച്ചെടുത്തു. നിറം മങ്ങിയ അക്ഷരങ്ങൾ

ഉറഞ്ഞുതുള്ളുമ്പോൾ അയാൾ അതട ങ്ങിയിരുന്നു വായിച്ചു. വായിച്ചുകഴി ഞ്ഞപ്പോൾ കണ്ണുകളിൽ നിറഞ്ഞുനിന്ന വെള്ളത്തുള്ളികൾ പുറത്തേയ്ക്കു ചാടി അയാളെ അതിൽ മുക്കി. കൈകാലിട്ട ടിച്ച് നീന്തിത്തുടങ്ങുമ്പോൾ മുങ്ങാംകു ഴിയിൽ നിന്നുമുയർന്ന നീർക്കുമിളകൾ അയാളുടെ ശബ്ദം അനുവർത്തിച്ചു:

"മാന്യ ചിത്രകാരാ, താങ്കളുടെ 'മഗ്ദ ലീന' ഫ്ലോറൻസിലെ പരസ്യപ്പലക യിൽ നാളെ അനാവരണം ചെയ്യുന്നു. താങ്കളുടെ സാമീപ്യം പ്രതീക്ഷിക്കു ന്നു."

തലയോളം മുങ്ങിനിന്ന വെള്ളംകുടി ച്ചു താൻ ഇപ്പോൾ മരിച്ചുവീഴുമെന്ന് അയാൾക്കു തോന്നി. ഇരുട്ടുമൂടിയ കണ്ണുകളിൽ കണ്ണുനീർ ഉറന്നുകൂടി കട്ട പിടിച്ചു. മങ്ങിയ വെളിച്ചത്തിന്റെ നേരിയ കുത്തൊഴുക്കിൽ അടിഞ്ഞുകൂടിയ പൂഴി അയാളെ തടഞ്ഞുനിർത്തി. കൈകാലു കൾ ചലിപ്പിച്ച്, അയാൾ ചുവരിൽ കി ടന്നാടിക്കൊണ്ടിരുന്ന ഛായാപടത്തെ മേശവിരിപ്പിന്റെ ആലിംഗനത്തിൽ നിന്നും സ്വതന്ത്രയാക്കി. ചിത്രത്തിനു താഴെ ഒരൊഴിഞ്ഞ മൂലയിലെ വെളുത്ത പ്രതലത്തിലിരുന്ന് തന്നെ തുറിച്ചുനോ ക്കിയ കറുത്തുരുണ്ട അക്ഷരങ്ങൾ പുറത്തുവരാതെ അയാളുടെ നാവിൽ തട്ടിനിന്നു. "മഗ്ദലീന" അയാളുടെ വര ണ്ടചുണ്ടുകൾ വിടർന്നടഞ്ഞു. "മഗ്ദ ലീന... അയാളിൽ ഓർമ്മ തള്ളിത്തുറ ക്കുകയായി... "ഇതാ. താങ്കൾ പറഞ്ഞ ചിത്രം പൂർത്തിയായിട്ടുണ്ട്."ചുവന്ന പട്ടുതുണി കൊണ്ടു പൊതിഞ്ഞ ഒരു വലിയ ചതുരപ്പെട്ടി തലയിൽ നിന്നും ഇറക്കിവയ്ക്കാൻ പരിശ്രമപ്പെട്ടുകൊണ്ട് അയാൾ പറഞ്ഞു. തന്റെ ആദ്യത്തെയും ഒടുവിലത്തെയും ചിത്രം വിൽക്കാൻ പോയ ദിവസമായിരുന്നു അത്. അയാ ളോർത്തു. കൊട്ടാരത്തിന്റെ പടിക്കെട്ടു കഴിഞ്ഞ്, പച്ച പരവതാനിയിൽ ചിത്രം ഇറക്കിവയ്ക്കുമ്പോൾ അതിന്റെ പുറം ഒരു തവണ കുലുങ്ങി. പിന്നെ അയാൾ ക്കു മുന്നിൽ ഒരു മറ തീർത്തുകൊണ്ട് പ്രൗഢിയോടെ അത് ഞെളിഞ്ഞു നിന്നു. അയാൾ ചിത്രത്തിനുപിന്നിൽ നിന്നും മു ന്നോട്ടു നീങ്ങിനിന്നുകൊണ്ട് തുടർന്നു:

"ഈ ചിത്രത്തിന് ഞാൻ പറഞ്ഞ തുക തന്നെ കിട്ടില്ലേ?" യജമാനനു മുന്നിൽ കുമ്പിട്ടു നിൽക്കുന്ന അടിമയെപ്പോലെ അയാൾ വിനയപൂർവ്വം ആരാഞ്ഞു. രാജകീയപ്രൗഢമായി ഇരിപ്പിടത്തിൽ അമർന്നിരുന്ന അയാൾ ഇളകാതെ തന്നെ ചുറ്റും നിന്ന ഭൃത്യരോടു കല്പിച്ചു:

"ഇത് അഴിക്കൂ. ഇയാളുടെ പണം രൊ ക്കം കൊടുത്തു പറഞ്ഞയക്കാം."

പട്ടുതുണി ഞൊറികൾ ഉടഞ്ഞ് അസ്വ സ്ഥതയോടെ ഞെരിഞ്ഞു. പലകക്കട ലാസ് അഴിഞ്ഞുവീഴുമ്പോൾ അയാൾ ഇരിപ്പിടത്തിൽ നിന്നും ഒന്നിളകി. ചിത്ര കാരന്റെ മുഖത്തേയ്ക്ക് നോക്കി.

"താൻ ഒരു അസാധാരണ ചിത്രരചയി താവ് തന്നെ. ജീവനുള്ള ചിത്രം. അതി ശയകരമായിരിക്കുന്നു."

ആഷ്ട്രേയിൽ സിഗരറ്റ് കുത്തിയണച്ചു കൊണ്ട് അയാൾ എഴുന്നേറ്റു. ചിത്ര കാരന്റെ ചെവിയിൽ മുറുമുറുപ്പോടെ അയാൾ മുരണ്ടു:

"ചിത്രമാതൃകയെ ഒരു രാത്രി എനിക്ക് വേണ്ടി തരപ്പെടുത്താൻ കഴിയില്ലേ?"

ചിത്രകാരൻ മറുപടി പറയുന്നതിനു മുമ്പേ അയാൾ കൂട്ടിച്ചേർത്തു:

"പണം ആവശ്യപ്പെടുന്നതു തരാം. എന്തേ?"

ചിത്രകാരൻ ആലോചിച്ചു നിൽക്കുന്ന തു കണ്ട് അയാൾ പൊടുന്നനെ

***“അല്ല, ആരാണ് ഈ മഗ്ദലീന?” വീശിയടിച്ച കാറ്റിന്റെ കയ്യിലമർന്ന ചിത്രകാരന്റെ കണ്ണുകളിൽ അന്ധത വന്നു മൂടി. അയാൾ ആലോചന നിർത്തി ഉടനെ പറഞ്ഞു: “ഇത് എന്റെ സങ്കല്പത്തിലെ വർണ്ണനയാണ്,വെറും സങ്കല്പം!”***

ചോദിച്ചു:
“അല്ല, ആരാണ് ഈ മഗ്ദലീന?”
വീശിയടിച്ച കാറ്റിന്റെ കയ്യിലമർന്ന ചിത്രകാരന്റെ കണ്ണുകളിൽ അന്ധത വന്നുമൂടി. അയാൾ ആലോചന നിർത്തി ഉടനെ പറഞ്ഞു:
“ഇത് എന്റെ സങ്കല്പത്തിലെ വർണ്ണനയാണ്. വെറും സങ്കല്പം!”
“പണത്തിന്റെ കാര്യത്തിൽ ആശങ്ക വേണ്ട. പറഞ്ഞതിലും കൂടുതൽ തന്നെ തരണം ഇതിന്. വേറെ നിബന്ധനകൾ ഒന്നുമില്ലെങ്കിൽ തനിക്ക് പോകാം. പരസ്യപ്പലകയിൽ ഈ ചിത്രം തൂങ്ങുമ്പോൾ മുൻകൂട്ടി അറിയിക്കാം.” ചിത്രകാരന് പണത്തിന്റെ കാര്യത്തിൽ സംശയം ഒന്നും ഉണ്ടായിരുന്നില്ല. നഗരത്തിലെ ഏറ്റവും വലിയ വ്യാപാരിക്കല്ലേ, തന്റെ ചിത്രം വിറ്റിരിക്കുന്നത്! എന്നിരുന്നാലും അയാൾ ഒരു സംശയഭാവത്തോടെ പലതവണയായി ഓർമ്മിപ്പിച്ചിട്ടുള്ള കാര്യം ഒരിക്കൽക്കൂടി ആവർത്തിച്ചുപറഞ്ഞു: “ഈ ചിത്രം ഞാനാണ് വരച്ചതെന്നത് സ്വകാര്യമായി തന്നെ ഇരിക്കണം.” വ്യാപാരി ചിത്രത്തിലേയ്ക്ക് സംശയഭാവത്തിൽ

നോട്ടം തെറിപ്പിച്ചുകൊണ്ട് ഒന്നിരുത്തി മൂളി.

തെരുവിന്റെ വശം പറ്റിച്ചേർന്ന് നടക്കുമ്പോൾ താൻ സമ്പന്നനാകാൻ പോകുന്നുവെന്ന വസ്തുത അയാളുടെ സ്വബോധവും ചീന്തിയെടുത്ത് പറക്കുകയായിരുന്നു. അയാൾ അന്ന് ആദ്യമായി മദ്യഷാപ്പിന്റെ രസംപിടിച്ചു നടന്നു. ആദ്യമായി ഇറക്കിയ മദ്യം നാവിലൂടെ തുളയിട്ട് ആമാശയം വരെ നീളുന്ന റെയിൽവണ്ടി പോലെ പുതിയപുതിയ പാതകൾ സൃഷ്ടിച്ചു. മദ്യലഹരിയിൽ അയാൾ ഇതാദ്യമായി പാതിരാത്രി വീട്ടിൽ ചെന്നു കേറുന്നു."അമ്മേ, നമ്മള് രക്ഷപ്പെട്ടു...കേക്കുന്നുണ്ടോ, അമ്മേ..."അയാൾ വീട്ടുമുറ്റത്തു നിന്നു കൂകിവിളിച്ച് അകത്തുകയറി. പിന്നെയും ശബ്ദമുയർത്തി വിളിച്ചു:

"അമ്മേ..."

അയാളുടെ ഉറയ്ക്കാത്ത നാവ് ഒന്നു മുരണ്ടു. അടുപ്പത്ത് വേങ്കുഴലിലൂടെ ഇടതടവില്ലാതെ കനലൂതിക്കൊണ്ടിരുന്ന അമ്മ തിരിഞ്ഞുനോക്കി. ഉറയ്ക്കാത്ത കാലിൽ നിന്നാടുന്ന മകനെ അവർ നിറകണ്ണുകളോടെ നേരിട്ടു.

"അമ്മേ... എന്റെ മഗ്ദലീനേ, നമ്മൾ രക്ഷപ്പെട്ടു. എന്റെ ആദ്യചിത്രം ഞാൻ ഇന്ന് വിറ്റു. നമ്മൾ പണക്കാരാ ഇനി മുതൽ..."

അമ്മ വേങ്കുഴൽ മകന്റെ നേരെ ഓങ്ങിക്കൊണ്ട് പറഞ്ഞു:

"അതിന്, വേണ്ടാത്ത ദുശ്ശീലങ്ങളൊക്കെ തുടങ്ങണോ?"

അവൻ വെറുതെ നിന്നാടുക മാത്രം ചെയ്തു.

അഴികളിൽ നിന്നും വീശിയ കാറ്റിൽ അടുപ്പിലെ കനൽ ആളിക്കത്തി. അവർ എഴുന്നേറ്റ് മകന്റെ മേൽക്കുപ്പായം ഊരി മേശപ്പുറത്ത് വച്ചിട്ട് പറഞ്ഞു:

"ഞാൻ ആഹാരം എടുത്തു വയ്ക്കാം."

അവൻ അമ്മയെ ഒന്നുഴിഞ്ഞു നോക്കി. പിൻതിരിഞ്ഞു പോകുമ്പോൾ അവന്റെ വായിൽ എന്തൊക്കെയോ തികട്ടി വന്നു. അതും വിഴുങ്ങിയൊടുവിൽ അവൻ ചലിച്ചു. അവർ മകനെ നോക്കി നെടുവീർപ്പിട്ടു.

"ഈശ്വരാ, എന്റെ കുഞ്ഞിനെ കാത്തോളണേ..."

ഓർമ്മയുടെ തലയ്ക്കൽ നിന്നും എടുത്തു താഴേയ്ക്കു ചാടിയതുപോലെ അയാളുടെ വരണ്ടൊട്ടിയ ചുണ്ടുകൾ വീണ്ടും ശബ്ദിച്ചു:

"മഗ്ദലീന"

ആദ്യമായും അവസാനമായും തന്റെ വിരലുകളുടെ മാസ്മരികതയിൽ പിറന്നുവീണത്. അയാളുടെ കണ്ണുകൾ ചുവന്നുനിറഞ്ഞു. ഇടിവെട്ടിയതുപോലെ ഉച്ചത്തിൽ അയാൾ പൊട്ടിക്കരഞ്ഞു.

"അമ്മേ മാപ്പ്..."

ഒരിക്കൽക്കൂടി ഒരു ഭ്രൂണമായി അതേ അമ്മയുടെ മകനായി പിറന്നിരുന്നെങ്കിലെന്ന് അയാൾ ആഗ്രഹിച്ചുപോയി. മുറിയിലെ പെൺചിത്രങ്ങൾ തണുത്ത കാറ്റിനുവേണ്ടി കൊതിച്ചു.കെട്ടുറപ്പില്ലാത്ത കുളിപ്പുരയിൽ അമ്മ കുളിക്കുന്നത് യാദൃശ്ചികമായി കണ്ടിട്ടുണ്ടെങ്കിലും പിന്നെയത് താനൊരു വിനോദമാക്കുമ്പോഴും അമ്മ നാണത്തോടെ തന്നെ ആട്ടിയോടിക്കുകയോ പൊട്ടിപ്പൊളിഞ്ഞ ഷീറ്റ് മാറ്റി വയ്ക്കുകയോ ചെയ്തില്ല. അന്ന് തന്നെ കുറുമ്പനെന്ന് ചൊല്ലി ആട്ടിയോടിച്ചിരുന്നെങ്കിൽ അമ്മ ഇന്നും തനിക്കൊപ്പമുണ്ടാകുമായിരുന്നില്ലേ! ആവേശമായിരുന്നു തനിക്ക് പിന്നീടങ്ങോട്ട്!

ഉറക്കഗുളിക കഴിച്ച് മയങ്ങാൻ കിട

ക്കുന്ന അമ്മയെ ഒരു മകന്റെ കണ്ണിലൂടെ നോക്കിക്കാണാൻ തനിക്കായില്ല. കണ്ടും അനുഭവിച്ചും വരച്ചും അമ്മയെ താൻ ചതിക്കുവായിരുന്നില്ലേ! അതിനൊക്കെ ഒടുവിൽ ശാരീരികാസ്വാസ്യങ്ങളോടെ അമ്മ മരണപ്പെടുമ്പോഴാണ് താൻ അറിഞ്ഞത്, അമ്മ ഗർഭിണിയായിരുന്നെന്ന്. അതിനും എത്രയോ ശേഷമാണ് ആ പാവം ആത്മഹത്യ ചെയ്തതാണെന്ന സത്യം താൻ തിരിച്ചറിയുന്നതും!

അയാൾ ചുവരിലെ ഛായാപടത്തിലേയ്ക്ക് ഒന്നുകൂടി നോട്ടമെറിഞ്ഞു. തന്റെ കൈയിലെ ചുവന്ന അക്ഷരങ്ങൾക്കു നേരെ ഉറ്റു നോക്കി.

“നാളെ മഗ്ദലീന അനാച്ഛാദനം ചെയ്യപ്പെടുന്നു”


അയാൾ മൂടിയില്ലാത്ത ബൾബിലെ വെളിച്ചം കെടുത്തിക്കൊണ്ട് പറഞ്ഞു. ജനവാതിൽ ശക്തിയോടെ കൊട്ടിയടയ്ക്കപ്പെട്ടു.

പിറ്റേന്ന് ഫ്ലോറൻസ് നഗരത്തിന്റെ വാണിജ്യമുഖത്ത് പരസ്യപ്പലകയ്ക്കു മുന്നിൽ ആളുകൾ തടിച്ചുകൂടി. രണ്ടു കക്ഷങ്ങളിലുമായി മദ്യക്കുപ്പിയും അടക്കിപ്പിടിച്ചു കൊണ്ട് അയാൾ ആൾക്കൂട്ടത്തിനു മുന്നിലേയ്ക്ക് കുതറിയടുത്തു. അയാളെ കണ്ട ജനം അടക്കം പറച്ചിലുതുടങ്ങി. ചിതറിക്കേട്ട ശബ്ദങ്ങളുടെ പ്രതിധ്വനി തുണ്ടുകളായി അയാളുടെ കാതിൽ വന്നുവീണു. അതിൽ നിന്നും ആവർത്തിച്ചു കേട്ടവ അയാളെ രസം പിടിപ്പിച്ചുതുടങ്ങിയിരിക്കുന്നു.

“മാന്യ ചിത്രകാരാ...”

അയാൾ കക്ഷത്തിൽ നിന്നും വലിച്ചെടുത്ത വോഡ്ക വായിലോട്ടു കമഴ്ത്തി. ഉലഞ്ഞുതുള്ളുന്ന കണ്ണുകളെ നേരെയാക്കി അയാൾ പരസ്യപ്പലകയിലേയ്ക്ക് നോക്കി നിന്നു.





ചിത്രം അനാച്ഛാദനം ചെയ്യുന്നതിന്റെ പ്രകമ്പനങ്ങൾ ചുറ്റിലും കേട്ടുതുടങ്ങി. എല്ലാവരും മുകളിലേയ്ക്ക് കണ്ണു കൂർപ്പിച്ച്, വായും പിളർത്തി നിൽക്കുകയാണ്. ഞൊറികളോടു കൂടിയ ചുവന്ന തിരശ്ശീല മറനീങ്ങിക്കൊണ്ടിരുന്നു. ആളുകൾ "മഗ്ദലീന... മഗ്ദലീന..." എന്ന് ഒരേസ്വരത്തിൽ വിളിച്ചു കൂവിക്കൊണ്ടുനിന്നു. അയാൾ മദ്യക്കുപ്പിയുടെ വായ്‌വട്ടം തന്റെ വായിലേയ്ക്കടുപ്പിച്ചു. അവസാന ഇറക്കും നാവിലൂടെ തൊണ്ടയിലേക്കിറങ്ങുമ്പോൾ അയാൾ ഒരുനിമിഷം നിശ്ചലനായി. അവസാന തുള്ളി മദ്യം തൊണ്ടയിൽ നിന്നും താഴേയ്ക്കു പോകാതെ അറച്ചുനിന്നു. കണ്ണുകൾ ചുഴറ്റിനീക്കി അയാൾ അറിയാതെ ഉരുവിട്ടു പോയി: "എന്റെ അമ്മ" ആ ചിത്രം ചട്ടക്കൂട്ടിൽ നിന്നും ഇറങ്ങിവന്ന് ആൾക്കൂട്ടത്തിനു നടുവിലൂടെ നടന്നു നീങ്ങുന്നത് അയാൾ കണ്ടു. മുകളിലേയ്ക്കു കണ്ണുനട്ടിരുന്നവർ പട്ടിന്റെ അവസാന ഞൊറിയും അടർന്നുവീഴുന്നതു വരെ നോക്കി നിന്നു. തിരശ്ശീലയ്ക്കുള്ളിലെ ശൂന്യമായ വെളുത്തപ്രതലത്തിൽ നിന്നും കാഴ്ചക്കാരുടെ കണ്ണുകൾ താഴേയ്ക്കു കൂമ്പിപ്പോയി. ഉന്നം തെറ്റിയ വേടന്റെ പരാജിതഭാവത്തോടെ അടുത്ത ഇരയിലേയ്ക്ക് കൂർപ്പിച്ച അസ്ത്രമുനയുമായി ആൾക്കൂട്ടം ഒഴിഞ്ഞു നീങ്ങിത്തുടങ്ങി.

അയാളുടെ കണ്ണുകൾ അപ്പോഴും ആൾകൂട്ടത്തിൽ നിന്നും അദൃശ്യയായി നടന്നുനീങ്ങിയ തന്റെ അമ്മയുടെ നേരെയായിരുന്നു. മഗ്ദലീനയുടെ, തനിക്കു നേരെ തുറിച്ചു നോക്കുന്ന കണ്ണുകളിലേയ്ക്കായിരുന്നു. അവർ അയാളിൽ നിന്നും അങ്ങകലെ നീങ്ങിക്കഴിഞ്ഞിരുന്നു.

"മാന്യ ചിത്രകാരാ, മഗ്ദലീനയെ എവിടെക്കൊണ്ട് ഒളിപ്പിച്ചു?"

അട്ടഹാസങ്ങൾക്കു നടുവിലൂടെ അയാളും അവിടെ ഒഴുകി നടന്നു. നിർലജ്ജനമായി തുടങ്ങിയ പരിസരം വീക്ഷിച്ചുനീങ്ങിയ അയാൾ അങ്ങകലെ ഒരു പൊട്ടായി മാഞ്ഞുപോകുന്ന നഗ്നതയെ നോക്കി പറഞ്ഞു:

"മഗ്ദലീന"

ചുറ്റുപാടും അതാവർത്തിച്ചു:

"മഗ്ദലീന..." ■



**இளவரசன்**
தமிழ்

# செவத்த

மாட்டு வியாபாரி பழனி காலையில் புதன் சந்தையில் அவனும், அவன் நண்பன் குட்டிகண்ணும் இரண்டு மாடுகளை ஆறாயிரத்துக்கு விற்றுவிட்டு.
இருவரும் பேருந்தில் ஏறி, சாராயக் கடைக்கு செல்ல இரண்டு டிக்கெட் கொடுங்க கண்டக்டர் என  டிக்கெட் வாங்கி இருக்கையில் அமர்ந்தனர்.
இருவரும் கடந்த கால வாழ்க்கையை பற்றி பேசிட்டு வருகிறார்கள். பேருந்தில் இருந்து இறங்கி சாராயக்கடையில் மூணு பாக்கெட் சாராயத்தை வாங்கி மஞ்ச பையில் வைத்து, பக்கத்து பீடா கடையில் ரெண்டு பிளாஸ்டிக் டம்ளரும், தொட்டுக்க மாங்காய் ஊறுகாயும், ராதிகா பீடியும் வாங்கிவிட்டு பக்கத்து

ஆற்றங்கரையில் உட்கார்ந்தனர். பழனியும், குட்டிகண்ணும் தலைக்கு போதை ஏறும் அளவுக்கு குடித்தார்கள்.
குட்டிகண்ணு; "யோ சகல எண்ணையா இவ்வளவு குடிச்சுபுட்ட எப்படி வீட்டுக்கு போவ? இப்பதான் மதியம் ஒரு மணி ஆகுது".
பழனி; "அதெல்லாம் நான் பாத்துக்குறேன், நீ பார்த்து போயிட்டு அடுத்த சந்தைக்கு வா. அடுத்தது ரெண்டு உருப்பிடி மாடு இருக்கு பார்க்கலாம்.
குட்டிகண்ணு; "சரி சகல நா போய்வாராயன்"
பழனி தள்ளாடிக்கிட்டு அவன் வீட்டு வாசலில் வந்து ஏண்டி செவத்த வெளியே வாடி எங்கடி என் தங்க பொண்ணு .
செவத்த; "ஏங்க இப்படி குடிச்சுப்புட்டு வந்து உடம்பே கெடுத்துக்குறீங்க. உங்க பொண்ணு ஸ்கூலுக்கு போய்



இருக்கா சாயங்காலமா வருவா. எதுக்குடி என் பொண்ண ஸ்கூலுக்கு எல்லாம் அனுப்புற. அவ ஆறாவது வரைக்கும் படிச்சது போதும் நான் போய் கூட்டிட்டு வரேன். வேலைக்கு போகட்டும். அப்பதான் கல்யாணம் பண்ணி போற இடத்துல ஒழுக்கமா, அடக்க ஒடுக்கமா இருப்பா. பொம்பள புள்ள ஒன்னும் படிக்க வேண்டாம்".

செவத்த; "நீங்க கொஞ்சம் சும்மா இருங்க நீங்க குடிச்சுப்புட்டு படிக்கிற புள்ளையே கெடுக்காதீங்க . நம்ம பொண்ணு படிச்சு பெரிய ஆளா ஆகட்டும்"....... அவளை படிக்க விடுங்க.

பழனி; "இருடி போயிட்டு வந்து உனக்கு இருக்கு சொல்லிவிட்டு. தலை நேர நிக்காம தள்ளாடிக்கிட்டு ரெண்டு மணிக்கு ஸ்கூல் வாசலில் வந்து,"எய் தயா வாடி வெளியே, படிக்க வேண்டாம் ஒன்னும் வேண்டாம்".

ரேவதி டீச்சர் வெளியே வந்து, "யாருங்க நீங்க? உங்களுக்கு என்ன வேணும்? இப்படி பகலே குடிச்சுபுட்டு வந்து இருக்கீங்க".

பழனி; "நீ யாரடி என்னை கேட்க என் பொண்ணு தயா உள்ள படிக்க வந்திருக்கா. அவளை வர சொல்லு போ".

ரேவதி; "ஓ.. தயாவோட அப்பாவா நீங்க... உங்க பொண்ணு ஆறாவது வகுப்பிலே மொத மார்க் வாங்கி இருக்கா. இப்படியே படிச்சா அவ வாழ்க்கையில பெரிய ஆளா வருவா. தயாவே படிக்க விடுங்க சார்.

பழனி; "அதெல்லாம் எங்களுக்கு தெரியும் பொம்பள புள்ள எப்படி வளர்க்கணும்னு என்னை மாதிரி பெத்தவனுக்கு தான் தெரியும் நீ அவளை அனுப்பு."

ரேவதி; "டீச்சர் முடியாதுங்க நாங்க சாயங்காலமா தான் தயாவ அனுப்புவோம். நீங்க போலாம் இல்லனா நான் போலீஸ் வர சொல்லுவேன்."

பழனி; "என்ன போலீசா? நாங்க பாக்காத போலீசா... சொல்லிவிட்டு தள்ளாடி கிட்டு வீட்டுக்கு வந்து, ஏண்டி செவத்த இங்க வாடி என்னடி நான் பெத்த பொண்ணு அவ என் கூட அனுப்ப மாட்டேனு சொல்றா, அந்த குண்டு டீச்சர். இதுக்கு எல்லாத்துக்கும் காரணம் நீதாண்டி உன்னை என்ன பண்றேன் பாரு ..........



தயா சாயங்காலமா வீட்டுக்கு
வந்து பார்க்கும்போது அப்பா
ஜட்டியுடன் வீட்டு வாசலில்
மாட்டு சாணி கொற்ற இடத்தில்
போதையில் விழுந்து இருக்கிறார்.
தயா கையில் வைத்திருந்த ஸ்கூல்
பையை கொண்டுபோய் சாமி
ரூமில் வைத்துவிட்டு அம்மா
அம்மா எங்க இருக்கீங்க என
தேடுகிறாள். தேடும்போது
பின்புறத்தில் உள்ள
கழிவறையில் புடவை எல்லாம்
அவிழ்ந்து மார்பு ஜாக்கெட் பாதி
கிழிந்து, பாவாடை எல்லாம்
ரத்தமும், முகம் எல்லாம் சிவப்பாக
வீங்கியும், பற்கள் உடைந்து
கீழே மயங்கிய நிலையில்
விழுந்து இருப்பதை பார்த்து
ஐயோ அம்மா என்று கதறி
அழுகிறாள். அழுதுகொண்டு

பக்கத்து வீடுகளில் உதவி கேட்கிறாள். யாரும் உதவி செய்ய முன்வரவில்லை. பின்பு தயா ஒரு டம்ளர் தண்ணீரை எடுத்து அம்மா முகத்தில் தெளித்து அம்மா எந்திரிங்கமா, எந்திரிங்கமா எழுப்புகிறாள். அம்மா என்னம்மா ஆச்சு உங்களுக்கு இப்படி வாயால ரத்தம் வருது.

செவத்த; "யாதும் இல்லடி தங்கம் உங்க அப்பா குடிச்சுபுட்டு உன்னை ஸ்கூலுக்கு அனுப்புனதுக்கு. என்ன போட்டு அடிக்கிறாரு. இந்த கஷ்டம் எல்லாம் என்னோட போகட்டும் நீ ஒழுங்கா படிக்கணும் சரியா, பொம்பளையா பொறந்தாலே இது ஒரு சாபக்கெடு, ஆம்பளைங்க நம்மள அடிமையாவே வச்சிருக்காங்க. எதுவும் பேசவே முடியல. இந்த சமூகமும் அதே மாதிரி தான் கால காலமா தொடர்ந்து வந்துகிட்டே இருக்கு. இதை மாத்த முடியுமான்னு தெரியல.

தயா; "சரி அழுவாதமா நான் படிச்சு பெரிய ஆளாக்கி உன்ன நல்லா பாத்துக்குறேன். அப்பா பேச்சை நான் கேட்கவே மாட்டேன். நான் உன் பேச்சு மட்டும் தான் கேட்பேன். வாமா நாம நம்ம பாட்டி வீட்டுக்கு போலாம். அப்பா தனியாவே இருக்கட்டும் அப்பதான் அவருக்கு புத்தி வரும்.

செவத்த; வேணா தயா பொண்ணு கல்யாணம் பண்ணி வந்தா. புகுந்த வீட்ல தான் இருக்கணும் இல்லன்னா உலகம் நம்மளை வேற மாதிரி பேசுவாங்க. சரி நீ போயிட்டு மாடு கண்ணுக்கு தண்ணி வை. நானும் போயிட்டு வீட்டு வேலையை பார்க்கிறேன்.

தயா மாடு கன்னங்களுக்கு தண்ணி வச்சிவிட்டு, தயா அம்மாவிடம் சென்று, "அம்மா அம்மா நான் ஸ்கூல்ல இருந்து வரும்போது. டீ கடையில பெண்கள் குடும்ப வன்முறைப் பாதுகாப்புச் சட்டம் பத்தி ஒரு விளம்பரம் பார்த்தமா. அப்படின்னா என்னம்மா ?

செவத்த; "எனக்கு தெரியல தயா அப்படி ஏதாவது ஒரு புதிய சட்டம் வந்து இருக்கும். சரி நீ போய் படி".....

அந்த சட்டம் என்னவாக இருக்கும் என்று அடுத்த நாள் ரேவதி டீச்சரிடம் கேட்கிறாள்.

டீச்சர்; "அப்படினா பெண்களை துன்புறுத்தினா, கேலி கிண்டல் செய்தா, அரசங்கம் அவங்களுக்கு எதிர நடவாடிக்கை எ டுப்பதற்கு இந்த மாதிரி அரசாங்கம் ஒரு



சட்டம் புதுசா கொண்டு வந்திருக்கிறது. பிரச்சனை ஏதாவது ஏற்பட்டால் 24 மணி நேரமும் இலவசமாக 181 என்ற நம்பரை தொடர்பு கொண்டால் அரசாங்கம் நமக்கு உதவும் செய்யும்.”

தயா; “ஓகே டீச்சர் என்று அன்றைய வகுப்பை முடித்துவிட்டு வீட்டிற்கு சென்று பார்க்கும் போது மீண்டும் அப்பா அம்மாவை அடிப்பதை பார்த்து, தயா பக்கத்து வீட்டு போனில் இலவச புகர் எண்ணை தொடர்பு கொள்கிறாள்.

அப்போது காவல் அதிகாரிகள் வந்து தடுக்கிறார்கள். பின்னர் செவத்த தன் மகளை படிக்க வைப்பதற்காக பழனியை விவாகரத்து செய்துவிட்டு தன் அம்மா வீட்டிற்கு செவத்த தன் மகளை கூட்டிச் செல்கிறாள்......... ■

# Sports Achievements
## National-Inter University-University


Muzzamil
Judo-National


Hilal
Wrestling-National


Abhirami
Judo,Wrestling-National


Deepthi
Archery-National


John
Fencing-National



Akshara
Fencing-National


Anagha
Judo


Amal Prakash
Weight Lifting


Amal
Wrestling


Archana
Wrestling


Krishna Preethi
Wrestling


Abhilash
Weight Lifting


Aswathi
Cricket


Areej Nazaruddin
Weight Lifting


Anagha
Wrestling,Judo



Fencing-Mens



Fencing-Women



Judo(Team)



Wrestling(Team)



Footbal Team



Archery-Girls



Women Cricket Team

# കേരള സർവകലാശാല ഡിപ്പാർട്ട്മെൻറ്സ് യൂണിയൻ 2021-22 പ്രവർത്തന റിപ്പോർട്ട്

കലുഷിതമായ കാലഘട്ടത്തിനോടുള്ള പ്രതികരണങ്ങളുമായി കേരള സർവകലാശാല ക്യാമ്പസിൽ തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥി യൂണിയന്റെ ഒരു വർഷത്തെ പ്രവർത്തനങ്ങളുടെ റിപ്പോർട്ട് നിങ്ങൾക്ക് മുൻപിൽ സമർപ്പിക്കുന്നു.

| | |
|---|---|
| ചെയർമാൻ : | തൻസീൽ അഹമ്മദ് |
| വൈസ് ചെയർപേഴ്സൺ : | മമത പ്രദീപ് |
| ജനറൽ സെക്രട്ടറി : | അനഘ ടി.ജെ |
| ആർട്സ് ക്ലബ്ബ് സെക്രട്ടറി : | നിഖിൽ സി.പി |
| മാഗസിൻ എഡിറ്റർ : | ദീപു ബാലൻ |
| യു.യു.സി : | രാഹുൽ കൃഷ്ണൻ |
| യു.യു.സി : | ഫാത്തിമത്ത് സുഹറ |
| വനിത പ്രതിനിധി : | വൈഷ്ണവി എ |
| വനിത പ്രതിനിധി : | നമിത കെ.വി |

## ഫാക്കൽറ്റി പ്രതിനിധികൾ:

**ലോ: അഭിരാമി എസ്.എം**
**സയൻസ്: വിവേക് പി.ബി**
**ആർട്സ്: നാദിർ അഷ്റഫ് അലി**
**മാനേജ്മെന്റ്: ആദർശ്.ആർ.എസ്**
**അപ്പ്ളൈഡ് സയൻസ്: പ്രഭിൻ**
**എഡ്യൂക്കേഷൻ:**
**ഹരിവിന്ദ്നാഥ് വി.ബി**
**ഫൈൻ ആർട്സ്: ബോധി.എസ്.കെ**
**ഓറിയന്റൽ സ്റ്റഡീസ്:**
**ഇളവരസൻ.എം**
**കൊമേഴ്സ്: സച്ചിൻ**
**സോഷ്യൽ സയൻസ്: ജെറിൻ**

## വിക്ടറി ഡേ:

തെരഞ്ഞെടുക്കപ്പെട്ട യൂണിയന്റെ ആഹ്ളാദപ്രകടനം വിക്ടറി ഡേ എന്ന പേരിൽ 2022 മാർച്ച് 04 ന് കാര്യവട്ടം കാമ്പസിൽ നടന്നു.
വനിത ദിന ആഘോഷം
സെന്റർ ഫോർ വിമൻ സ്റ്റഡീസ്,ഡിപ്പാർട്മെന്റ്സ് യൂണിയൻ,റിസർച്ചേഴ്സ് യൂണിയൻ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ വനിത ദിനാഘോഷം 2022 മാർച്ച് 8 ന് പ്രശസ്ത മാധ്യമപ്രവർത്തക അളകനന്ദ പങ്കെടുത്തുകൊണ്ട് കാമ്പസിൽ സംഘടിപ്പിച്ചു.

## സത്യപ്രതിജ്ഞ

തെരഞ്ഞെടുക്കപ്പെട്ട കേരള സർവകലാശാല ഡിപ്പാർട്മെന്റ്സ് യൂണിയന്റെ സത്യപ്രതിജ്ഞാ ചടങ്ങ് 2022 മാർച്ച് 10 ന് കേരള സർവകലാശാലയിൽ വച്ച് നടന്നു.ബഹുമാനപെട്ട പ്രൊ.വൈസ് ചാൻസിലർ യൂണിയൻ ഭാരവാഹികൾക്ക് സത്യവാചകം ചൊല്ലി കൊടുത്തു.സിൻഡിക്കേറ്റ്,സെനറ്റ് അംഗങ്ങൾ പരിപാടിയിൽ പങ്കെടുത്തു.

## പ്രമേയം

കേരള സർവകലാശാല ക്യാമ്പസിനെ 24 മണിക്കൂർ അക്കാദമിക പ്രവർത്തനങ്ങൾ സംഘടിപ്പിക്കപ്പെടുന്ന ഒന്നായി മാറ്റുന്നതിനും ക്യാമ്പസിലെ വിദ്യാർത്ഥികളുടെ സമയ നിയന്ത്രണ യന്ത്രമായി പ്രവർത്തിക്കുന്ന ക്യാമ്പസ് ലൈബ്രറിയുടെ സമയം 24 മണിക്കൂർ ആയി ഉയർത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും യൂണിയൻ സത്യപ്രതിജ്ഞ പ്രമേയത്തിലൂടെ ആവശ്യപ്പെട്ടു
ഐ എസ് എൽ ലൈവ് സ്ട്രീമിംഗ്
ഇന്ത്യൻ സൂപ്പർ ലീഗ് ഫുട്ബോൾ മത്സരങ്ങളുമായി ബന്ധപ്പെട്ട് ഒ എൻ വി ബ്ലോക്കിൽ വച്ച് വിവിധ മത്സരങ്ങളുടെ പ്രദർശനം നടത്തി

## ക്യാമ്പസ് യുവജനോത്സവം

കേരള സർവകലാശാല ക്യാമ്പസ് കലോത്സവം കീല എന്ന പേരിൽ 2022 ഏപ്രിൽ 4,5,6,7,8 തീയതികളിൽ നടന്നു. വ്യക്തിഗത ഗ്രൂപ്പ് ഇനങ്ങളിലായി ക്യാമ്പസിലെ കലാ പ്രതിഭകൾ മാറ്റുരച്ചു.കലുഷിതമായ പുതിയ കാലഘട്ടത്തിനോട് സംവദിക്കുന്നതിനായി ലഗിംപൂർ കവരത്തി ഗാസ ഷാഹിം ബാഗ് ലളിതം ഭാവന മുഷ്കാന

കാശ്മീരം വട്ടവട എന്നീ പേരുകളിൽ രൂപീകരിച്ചു.

### യൂണിയൻ-ഫൈൻ ആർട്സ് ഉദ്ഘാടനം

ക്യാമ്പസ് യുവജനോത്സവത്തിനോട് അനുബന്ധിച്ച് യൂണിയൻ ഉദ്ഘാടനം 2022 ഏപ്രിൽ നാലിന് പ്രശസ്ത സംവിധായകൻ ജിയോ ബേബി നിർവഹിച്ചു ഇതോടൊപ്പം തന്നെ ഫൈൻ ആർട്സ് ഉദ്ഘാടനം പ്രശസ്ത മാധ്യമപ്രവർത്തകൻ അഭിലാഷ് മോഹനും നിർവഹിച്ചു.
ക്യാമ്പസ് യുവജനോത്സവവുമായി ബന്ധപ്പെട്ട മത്സരഫലങ്ങൾ ഓൺലൈനായി വിദ്യാർഥികൾക്ക് ലഭ്യമാക്കുന്നതിനായി യൂണിയൻറെ നേതൃത്വത്തിൽ നിർമ്മിച്ച വെബ്സൈറ്റ് ക്യാമ്പസിലെ പി എച്ച് ഡി വിദ്യാർഥി ഗോഷ് കെ എസ് ഉദ്ഘാടനം ചെയ്തു.ക്യാമ്പസ് യുവജനോത്സവം കീലയുടെ സമാപന സമ്മേളനം 2022 ഏപ്രിൽ 6 വൈകുന്നേരം ഗോൾഡൻ ജൂബിലി ഹാളിൽ വച്ച് നടന്നു.

### എൻട്രൻസ് ഓറിയന്റേഷൻ വെബിനാർ

കേരള യൂണിവേഴ്സിറ്റി പിജി എൻട്രൻസ് പരീക്ഷയുടെ ഓറിയന്റേഷൻ വെബിനാർ കേരള യൂണിവേഴ്സിറ്റി പിജിസിഎസ്എസ് എൻട്രൻസ് പരീക്ഷയുടെ ഘടനയും മറ്റും വിശദീകരിക്കുന്നതിനായി 2022 ഏപ്രിൽ 24 വൈകുന്നേരം 7 മണിക്ക് ഓൺലൈനായി വെബിനാർ സംഘടിപ്പിച്ചു.

### കേരള സർവകലാശാല യൂണിയൻ കലോത്സവം

2022 ഏപ്രിൽ 23 മുതൽ 27 വരെ കൊല്ലം എസ് എൻ കോളേജിൽ വച്ച് നടന്ന കേരള സർവകലാശാല കലോത്സവത്തിൽ ക്യാമ്പസിൽ നിന്ന് കലാപ്രതിഭകൾ വിവിധ മത്സരങ്ങളിൽ പങ്കെടുക്കുകയും വിജയിക്കുകയും ചെയ്തു.

### എൻട്രൻസ് സബ്ജക്ട് വൈസ് ഓറിയന്റേഷൻ വെബിനാർ

വിദ്യാർത്ഥികളുടെ ആവശ്യപ്രകാരം കേരള സർവകലാശാല പ്രവേശന പരീക്ഷയുടെ സബ്ജക്ട് വൈസ് ഓറിയന്റേഷൻ ഓൺലൈൻ ആയി 2022 മെയ് 7 മുതൽ 2022 മെയ് 13 വരെ സംഘടിപ്പിക്കപ്പെട്ടു.

### പുസ്തക ശേഖരണം

പേപ്പാറ നെയ്യാർ ട്രൈബൽ പുസ്തകശാലയിലേക്ക് യൂണിയൻറെ നേതൃത്വത്തിൽ വിദ്യാർത്ഥികളിൽ നിന്ന് പുസ്തകങ്ങൾ ശേഖരിച്ചു.

### ഒരേയൊരു ഭൂമി പരിസ്ഥിതി ദിനാചരണം

കേരള യൂണിവേഴ്സിറ്റി എംപ്ലോയീസ് യൂണിയൻ ഡിപ്പാർട്ട്മെൻറ് യൂണിയൻ റീസർച്ചേഴ്സ് യൂണിയൻ ജീവനി എക്കോ ക്ലബ് എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ ക്യാമ്പസിൽ മര തൈകൾ വച്ചു പിടിപ്പിച്ചു.

## റോഡ് മാപ്പ് ടു യു പി എസ് സി

സിവിൽ സർവീസ് പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന ക്യാമ്പസിലെ വിദ്യാർത്ഥികൾക്ക് വേണ്ടി റോഡ് മാപ്പ് ടു യു പി എസ് സി എന്ന പേരിൽ ഐമ അഫ്രോസ് എന്ന ഐപിഎസ് ഉദ്യോഗസ്ഥയുടെ സംവാദ പരിപാടി സംഘടിപ്പിച്ചു.

## വായനാദിനാചരണം

വായനാദിരാചരണത്തിന്റെ ഭാഗമായി ഹൈക്കു കവിത രചന മത്സരം അതിർത്തി എന്ന വിഷയത്തിന് അടിസ്ഥാനമാക്കി സംഘടിപ്പിച്ചു.

പുസ്തക ശേഖരണം-വിതരണം

ക്യാമ്പസിൽ നിന്നും വായനാദിനാചരണത്തിന്റെ ഭാഗമായി കോട്ടൂർ ട്രൈബൽ ലൈബ്രറിയിലേക്ക് ശേഖരിച്ച 200 ഓളം പുസ്തകങ്ങൾ കൈമാറി.

## എ പ്ലസ് പ്ലസ് ഗ്രാൻഡ് സെലിബ്രേഷൻ.

കേരള സർവകലാശാലയ്ക്ക് നാക്ക് എ പ്ലസ് പ്ലസ് ലഭിച്ചതും ആയി ബന്ധപ്പെട്ട 2022 ജൂൺ 28ന് ക്യാമ്പസിൽ ആഘോഷ പരിപാടി സംഘടിപ്പിച്ചു. ആഘോഷ പരിപാടിയുടെ ഭാഗമായി പ്രശസ്ത ഗായകൻ സംഗീതം സംഘവും അവതരിപ്പിച്ച മ്യൂസിക്കൽ നൈറ്റും നടന്നു.

## പ്രൈഡ് സെലിബ്രേഷൻ

കേരള സർവകലാശാല ക്യാമ്പസിൽ പ്രൈഡ് സെലിബ്രേഷൻ 2022 ജൂൺ 29,30,31 തീയതികളിലായി നടന്നു.

കേരള സർവകലാശാല വിദ്യാർത്ഥി യൂണിയൻ ഫിലോസഫി വിഭാഗം എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ 2022 ജൂൺ 29ന് രാവിലെ 11 മണിക്ക് സി വി രാമൻ ഹാളിൽ വച്ച് ജൻഡർ എന്ന വിഷയത്തിലെ ആസ്പദമാക്കി തൃശ്ശൂർ കേരളവർമ്മ കോളേജിലെ അധ്യാപിക ഡോക്ടർ മായ സംസാരിച്ചു. 2022 ജൂൺ 29ന് വൈകുന്നേരം മൂന്ന് മണിക്ക് പ്രൈഡ് മാർച്ച് ക്യാമ്പസിൽ സംഘടിപ്പിച്ചു ഇതിൻറെ ഭാഗമായി തെരുവ് നാടകവും പ്രൈഡ് കോൺസെർട്ടും സംഘടിപ്പിച്ചു.പ്രൈഡ് സെലിബ്രേഷനുമായി ബന്ധപ്പെട്ട ഓപ്പൺ ഫോറം 2022 ജൂൺ 30ന് പ്രശസ്ത സാമൂഹിക പ്രവർത്തകൻ മൈത്രയൻ, ക്യുവർ ആക്ടിവിസ്റ്റ് പ്രജിത്ത് എന്നിവർ പങ്കെടുത്ത സി വി രാമൻ ഹാളിൽ വച്ച് സംഘടിപ്പിച്ചു. പ്രദർശനം 2022 ജൂൺ 30ന് പ്രൈഡ് സെലിബ്രേഷനവുമായി ബന്ധപ്പെട്ട സിനിമ പ്രദർശനം സി വി രാമൻ ഹാളിൽ വച്ച് സംഘടിപ്പിച്ചു കോൾ മി ബൈ യുവർ നെയിം മൂൺ ലൈറ്റ് എന്നീ സിനിമകൾ പ്രദർശിപ്പിച്ചു.

## ഫിലിം ക്ലബ്ബ്,ടോക്ക് ക്ലബ് ഉദ്ഘാടനം

2022 ജൂൺ 30ന് നടന്ന ഓപ്പൺഫോറത്തിൽ വച്ച് ഫിലിം ക്ലബ്ബ് ടോക്ക് ക്ലബ്ബ് എന്നിവയുടെ ഉദ്ഘാടനം നിർവഹിച്ചു

പരിപാടിയിൽ ഈ രണ്ട് ക്ലബ്ബുകളുടെയും ലോഗോ പ്രദർശനവും നടന്നു.

### സിനിമ പ്രദർശനം

കേരള സർവകലാശാല ക്യാമ്പസ് ഫിലിം ക്ലബ്ബിൻറെ നേതൃത്വത്തിൽ ആസാമി ചിത്ര മായ വില്ലേജ് റോക്ക് സ്റ്റാർ 2022 ജൂലൈ 8ന് എക്കണോമിക്സ് ഡിപ്പാർട്ട്മെൻറ് സെമിനാർ ഹാളിൽ വച്ച് പ്രദർശിപ്പിച്ചു.

### ഇൻറർ ഡിപ്പാർട്ട്മെൻറ് ഡിബേറ്റ് കോമ്പറ്റീഷൻ

കേരള സർവകലാശാല ടോക്ക് ക്ലബ്ബിൻ റെ ആഭിമുഖ്യത്തിൽ ഡിപ്പാർട്ട്മെൻറ് തല സംവാദ മത്സരം 2022 ആഗസ്റ്റ് ഒന്നിന് സംഘടിപ്പിച്ചു. മത്സരത്തിൽ സോഷ്യോളജി വിഭാഗത്തിലെ ഗൗരി,ഋത്വിക് എന്നിവർ ഒന്നാം സ്ഥാനവും എക്കണോമിക്സ് ഡിപ്പാർട്ട്മെന്റിലെ ഭരത്,അതുൽ ജോസഫ് എന്നിവർ രണ്ടാം സ്ഥാനവും നേടി.

### ഓപ്പൺ ഡിസ്കഷൻ

കേരള സർവകലാശാല ഡിപ്പാർട്ട്മെൻറ്സ് യൂണിയൻ ടോക്ക് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ഇന്ത്യൻ ഭരണഘടനയും സാമൂഹിക സാമ്പത്തിക പ്രതിബദ്ധതയും എന്ന വിഷയത്തെ ആസ്പദമാക്കി 2022 ജൂലൈ 15 വെള്ളിയാഴ്ച വൈകുന്നേരം 6 30ന് ഒഎൻവി ബ്ലോക്കിൽ വച്ച് ഓപ്പൺ ഡിസ്കഷൻ സംഘടിപ്പിച്ചു.

### ഡിപ്പാർട്മെന്റ്സ് യൂണിയൻ സ്പോർട്സ് ക്ലബ്ബ് ഉദ്ഘാടനവും ക്യാമ്പസ് മാരത്തോൺ ഫ്ലാഗ് ഓഫും

ഡിപ്പാർട്മെന്റ്സ് യൂണിയൻ സ്പോർട്സ് ക്ലബ്ബ് ഉദ്ഘാടനവും ക്യാമ്പസ് മാരത്തോൺ ഫ്ലാഗ് ഓഫും കേരള യൂണിവേഴ്സിറ്റി ക്യാമ്പസ് സ്പോർട്സ് കൺവീനർ ഡോ. നൗഷാദ് നിർവഹിച്ചു . പ്രസ്തുത പരുപാടിയിൽ കേരള സ്പോർട്സ് കൗൺസിൽ കോച്ച്, കേരള യൂണിവേഴ്സിറ്റി കോച്ച്, എസ് എഫ് ഐ യൂണിറ്റ് സെക്രട്ടറി സ: ഘോഷ് , യൂണിറ്റ് പ്രസിഡന്റും സർവകലാശാല സെനെറ്റ് അംഗവുമായ സ: അജിന്ത് എന്നിവർ പങ്കെടുത്തു.

### ക്യാമ്പസ് ഓണാഘോഷം

ഡിപ്പാർട്ട്മെൻറ് യൂണിയൻറീസർച്ചേഴ്സ് യൂണിയൻ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ സംഘടിപ്പിച്ച ക്യാമ്പസ് ഓണാഘോഷം വിളംബര ഘോഷയാത്ര പൂക്കള മത്സരം വടംവലി മത്സരം ഉറിയടി പായസമത്സരം ക്രിക്കറ്റ് ടൂർണമെൻറ് തലയണയടി ഓണപ്പാട്ട് മത്സരം തുടങ്ങിയ വിവിധ പരിപാടികളുടെ അകമ്പടിയോടെ 2022 ഓഗസ്റ്റ് 23 മുതൽ 31 വരെ ക്യാമ്പസിൽ സംഘടിപ്പിച്ചു.

## ബ്ലഡ് ഡൊണേഷൻ ക്യാമ്പ്

ഡിപ്പാർട്ട്മെൻറ് യൂണിയൻ ഡിപ്പാർട്ട് മെൻറ് ഓഫ് സോഷ്യോളജി എൻ എസ് എസ് ശ്രീചിത്തിരതിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആൻഡ് ടെക്നോളജി എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ 2022 ഓഗസ്റ്റ് 23 ബ്ലഡ് ഡൊണേഷൻ ക്യാമ്പ് സംഘടിപ്പിച്ചു പരിപാടി കേരള യൂണിവേഴ്സിറ്റി വൈസ് ചാൻസിലർ പ്രൊഫസർ വി പി മഹാദേവൻ പിള്ള ഉദ്ഘാടനം ചെയ്തു.

## ക്യാമ്പസ് ഓണാഘോഷം സമാപനം

2022 ഓഗസ്റ്റ് 23 മുതൽ 31 വരെ സംഘടിപ്പിച്ച ക്യാമ്പസ് ഓണാഘോഷത്തിന് സമാപന സമ്മേളനം പ്രശസ്ത സിനിമാതാരം അനശ്വര രാജൻ ഉദ്ഘാടനം ചെയ്തു.

## ക്യാമ്പസ് ഡേ

കേരള സർവകലാശാല ക്യാമ്പസ് 2022 സെപ്റ്റംബർ 20ന് പ്രശസ്ത സിനിമ താരങ്ങളായ ശ്രീനാഥ് ഭാസി ഗ്രേസ് ആന്റണി തുടങ്ങിയവർ പങ്കെടുത്തു കൊണ്ട് ഗോൾഡൻ ജൂബിലി ഹാളിൽ വച്ച് സംഘടിപ്പിച്ചു തുടർന്ന് ക്യാമ്പസിലെ വിദ്യാർത്ഥികളുടെ വിവിധ കലാപരിപാടികളും നടന്നു.

## യാത്രയയപ്പ്

കേരള സർവകലാശാല ഡിപ്പാർട്ട്മെൻറ് യൂണിയൻ റീസർച്ചേഴ്സ് യൂണിയൻ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ തങ്ങളുടെ സേവനങ്ങൾ നിന്നും വിരമിക്കുന്ന ബഹുമാന്യരായ വൈസ് ചാൻസിലർക്കും പ്രോ വൈസ് ചാൻസിലർക്കും 2022 ഓഗസ്റ്റ് 20ന് രാവിലെ 11 മണിക്ക് സിവിൽ ഹാളിൽ വച്ച് യാത്രയയപ്പ് നൽകി.

## ക്യാമ്പസ് ഫിഫഫെയർ

കേരള സർവകലാശാല ഡിപ്പാർട്ട്മെൻറ് യൂണിയൻ റീസർച്ചേഴ്സ് യൂണിയൻ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന വിവിധ പരിപാടികളുടെ സംഘാടക സമിതി യോഗം 2022 നവംബർ 9 ബുധനാഴ്ച കൂട്ട ഓഫീസിൽ വച്ച് നടന്നു.ഫിഫ വേൾഡ് കപ്പ് ആഘോഷങ്ങളുടെ ഭാഗമായി ക്യാമ്പസ് ഫിഫ ഫെയർ വിളംബര ഘോഷയാത്ര പ്രവചന മത്സരം ഷൂട്ടൗട്ട് മത്സരം എന്നിവയോടെ സംഘടിപ്പിച്ചു.

## ക്യാമ്പസ് ഫ്രഷേഴ്സ് ഡേ

ഒന്നാം വിദ്യാർത്ഥികളെ വരവേൽക്കുന്നതിനായി ക്യാമ്പസ് ഫ്രഷേഴ്സ് ഡേ 2022 ഡിസംബർ എട്ടിന് പ്രശസ്ത മാധ്യമപ്രവർത്തകനും ക്യാമ്പസ് അധ്യാപകനുമായ ഡോക്ടർ അരുൺ കുമാർ പ്രശസ്ത ഗാനരചയിതാവ് അൻവർ അലി എന്നിവർ പങ്കെടുത്തുകൊണ്ട് സംഘടിപ്പിച്ചു.

## ക്രിസ്തുമസ്
## സെലിബ്രേഷൻ

ഡിപ്പാർട്ട്മെൻറ്സ് യൂണിയൻറീസർച്ചേഴ്സ് യൂണിയൻ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ 2022 ഡിസംബർ 21ന് ക്യാമ്പസ് ക്രിസ്മസ് സെലിബ്രേഷൻ പുൽക്കൂട് മത്സരം കരോൾ ഘോഷയാത്ര എന്നിവയുടെ അകമ്പടിയോടെ ക്യാമ്പസിൽ സംഘടിപ്പിച്ചു.



# കേരള സർവകലാശാല ഗവേഷക യൂണിയൻ 2021-22 പ്രവർത്തന റിപ്പോർട്ട്

**കേരള സർവകലാശാല ഗവേഷക യൂണിയനിലേക്ക് നടന്ന ഇലക്ഷനിൽ ചെയർമാൻ ജിബിൻ ഫ്രാൻസിസ്, ജനറൽ സെക്രട്ടറി അഞ്ജിത, വൈസ് ചെയർമാൻ വിവേക്, ലാവണ്യ ശിവൻ സെക്രട്ടറിമാർ വിഷ്ണുരാജ്, ഡാരിസ്, യൂണിവേഴ്സിറ്റി യൂണിയൻ കൗൺസിലർ ദീപ്ചന്ദ് എന്നിവർ തിരഞ്ഞെടുക്കപ്പെട്ടു. മറ്റു ഫാക്കൽറ്റി അംഗങ്ങളായി അഖിൽ (ഫാക്കൽറ്റി ഓഫ് അപ്ലൈഡ് സയൻസ്), അശ്വതി (ഫാക്കൽറ്റി ഓഫ് ആർട്സ്), വിജയകുമാർ ( ഫാക്കൽറ്റി ഓഫ് കോമേഴ്സ്),**
**കൃഷ്ണേന്ദു(ഫാക്കൽറ്റി ഓഫ് ഫൈൻ ആർട്സ്), അരുന്ധതി മോഹൻ(ഫാക്കൽറ്റി ഓഫ് ഓറിയന്റൽ സ്റ്റഡീസ്), നിഷി ബാബു(ഫാക്കൽറ്റി ഓഫ് സയൻസ്), ഷജീർ (ഫാക്കൽറ്റി ഓഫ് സോഷ്യൽ സയൻസ്) എന്നിവരെയും തിരഞ്ഞെടുത്തു.**

സ്വാമി വിവേകാനന്ദന്റെ 159 ജന്മദിനവും ദേശീയ യുവജന ദിനവും ആയ ജനുവരി 12 ന് സംസ്ഥാന യുവജനക്ഷേമ വകുപ്പിന്റെയും കേരള യൂണിവേഴ്സിറ്റി ഗവേഷക യൂണിയന്റെയും ആഭിമുഖ്യത്തിൽ കേരള യൂണിവേഴ്സിറ്റി കാര്യവട്ടം ക്യാമ്പസിലെ ഒപ്റ്റോ ഇട്രോണിക്സ് വിഭാഗം സെമിനാർ ഹാളിൽ യുവജന സെമിനാർ സംഘടിപ്പിച്ചു. രാവിലെ 10:30 ന് ആരംഭിച്ച സെമിനാറിൽ സംസ്ഥാന ശിശുക്ഷേമ സമിതിയുടെ ജനറൽ സെക്രട്ടറി ഡോ. ജെ. എസ്. ഷിജുഖാൻ "വിവേകാനന്ദ ദർശനങ്ങളുടെ സമകാലിക പ്രസക്തി"എന്ന വിഷയത്തിൽ പ്രഭാഷണം നടത്തി. ചടങ്ങിൽ യുവജനക്ഷേമ ബോർഡ് ജില്ലാ യൂത്ത് പ്രോഗ്രാം ഓഫീസർ ഷീജ. ബി, ജില്ലാ കോഡിനേറ്റർ എ. എം അൻസാരി, ഗവേഷക യൂണിയൻ ജനറൽ സെക്രട്ടറി അഞ്ജിത ജെ.എം. എന്നിവർ സന്നിഹിതരായി. സെമിനാറിൽ ഗവേഷക യൂണിയൻ വൈസ് ചെയർമാൻ വിവേക് എ.എസ്. നന്ദി അറിയിച്ചു.

കേരള യൂണിവേഴ്സിറ്റി ഗവേഷക യൂണിയനും അഗഞടഅ കേരള യൂണിവേഴ്സിറ്റി യൂണിറ്റുമായി സംയുക്തമായി "E- reosurces and scholarly communication and

self publishing" എന്ന വിഷയത്തിൽ Dr. വിമൽ കുമാർ(Reference assistant, MG university) ഒരു ഓൺലൈൻ ടോക്ക് 17-01-22 രാത്രി 7 മണിക്ക് ഗൂഗിൾ മീറ്റ് വഴി സംഘടിപ്പിച്ചു. കേരള യൂണിവേഴ്സിറ്റി ഗവേഷക യൂണിയൻ ചെയർമാൻ സ്വാഗതം ആശംസിക്കുകയും AKRSA കേരള യൂണിവേഴ്സിറ്റി കൺവീനർ നജീബ് നന്ദി പറയുകയും ചെയ്തു.

കേരള സർവകലാശാല ഗവേഷക യൂണിയന്റെ ആഭിമുഖ്യത്തിൽ ജനുവരി സെക്ഷൻ PhD കോഴ്സ് വർക്ക് എക്സാമിന്റെ ഓറിയന്റേഷൻ ക്ലാസുകൾ നടത്തി.25/02/2022 മുതൽ 28/02/2022 വരെ നീണ്ടുനിന്ന ഈ ഓറിയന്റേഷൻ പ്രോഗ്രാമിന്റെ ആദ്യത്തെ ക്ലാസ്സ് 25/02/2022 നു "സയന്റിഫിക് റിസർച്ച് റൈറ്റിംഗ്" എന്ന ടോപ്പിക്കിൽ ഡോ. ഇ. ഷാജി, അസോസിയേറ്റ് പ്രൊഫസർ, ഡിപ്പാർട്മെന്റ് ഓഫ് ജിയോളജി, യൂണിവേഴ്സിറ്റി ഓഫ് കേരള, സയൻസ് സ്ട്രീമിലും "ഡാറ്റാ കളക്ഷൻ ആൻഡ് മാനേജ്മെന്റ്" എന്ന വിഷയത്തിൽ ഡോ. മഞ്ജു. ട നായർ, ഡിപ്പാർട്മെന്റ് ഓഫ് ഇക്കണോമിക്സ് സോഷ്യൽ സയൻസ് സ്ട്രീമിലും ക്ലാസുകൾ നയിച്ചു.26/02/2022 നു ഡോ. കുര്യൻ മാത്യു എബ്രഹാം,അസിസ്റ്റന്റ് പ്രൊഫസർ,ഡിപ്പാർട്മെന്റ് ഓഫ് അക്വാട്ടിക് ബയോളജി ആൻഡ് ഫിഷറീസ്, "സയൻന്റിഫിക് റിസർച്ച് ഡാറ്റാ അനാലിസിസ്" എന്ന വിഷയത്തിലും, ഡോ. ക്രിസ്റ്റബേൽ പി ജെ, അസോസിയേറ്റ് പ്രൊഫസർ, ഡിപ്പാർട്മെന്റ് ഓഫ് ഇക്കണോമിക്സ്, മെതോഡോളജി ഓഫ് സോഷ്യൽ സയൻസ് റിസർച്ച് എന്ന വിഷയത്തിലും ക്ലാസുകൾ എടുത്തു. 27/02/2022 നു ഡോ. എ.ബിജുകുമാർ, പ്രൊഫസർ ഡിപ്പാർട്മെന്റ് ഓഫ് അക്വാട്ടിക് ബയോളജി ആൻഡ് ഫിഷറീസ്, "സയന്റിഫിക് റിസർച്ച് ആൻഡ് എത്തിക്സ്" എന്ന വിഷയത്തിലും 28/02/22നു "ഫിലോസഫി ആൻഡ് എത്തിക്സ്" എന്ന വിഷയത്തിൽ ഡോ. പി ബാലമുരളി, അസിസ്റ്റന്റ് പ്രൊഫസർ, ഡിപ്പാർട്മെന്റ് ഓഫ് ഫിലോസഫി ക്ലാസുകൾ നൽകി. രാത്രി 7.00 മണി മുതൽ 9.30 വരെ പൂർണമായും ഓൺലൈൻ ആയി നടത്തിയ ഈ ഓറിയന്റേഷൻ പ്രോഗ്രാമിനു ഗവേഷക യൂണിയൻ ചെയർമാൻ ജിബിൻ ഫ്രാൻസിസ് സ്വാഗതം ആശംസിക്കുകയും ജനറൽ സെക്രട്ടറി അഞ്ജിത ജെ .എം നന്ദി രേഖപെടുത്തുകയും ചെയ്തു

കേരള സർവകലാശാല ഗവേഷക യുണിയനും IQAC യും സംയുക്തമായി നടത്തിയ UGC NET General Paper Coaching 13/03/2022 മുതൽ 03/07/2022 വരെ 24 ക്ലാസ്സുകളിലായി പൂർത്തീകരിച്ചു. ഓൺലൈൻ ആയും ഓഫ്‌ലൈൻ ആയും രണ്ടു ഘട്ടങ്ങളിലായി നടത്തിയ ഈ പരിശീലന പരിപാടിയിൽ 220 വിദ്യാർഥികൾ ആദ്യ ഘട്ടത്തിലും 95 വിദ്യാർഥികൾ രണ്ടാം ഘട്ടത്തിലും രജിസ്റ്റർ ചെയ്

തു ക്ലാസ്സുകളിൽ പങ്കെടുത്തു. ഓൺലൈൻ ആയി നടന്ന ഉദ്ഘാടന ചടങ്ങിൽ ഗവേഷക യൂണിയൻ ചെയർമാന്റെ അധ്യക്ഷതയിൽ ചേർന്ന ഉദ്ഘാടന യോഗത്തിൽ IQAC ഡയറക്ടർ ഡോ. ഗബ്രിയേൽ സൈമൺ തട്ടിൽ ഉദ്ഘാടനം ചെയ്തു. തുടർന്ന് നെടുമങ്ങാട് ഗവൺമെന്റ് കോളേജ് അസിസ്റ്റന്റ് പ്രൊഫസർ രതീഷ് കൃഷ്ണൻ ആർ ഓറിയന്റേഷൻ ക്ലാസ്സ് എടുത്തു. ഈ യോഗത്തിൽ യൂണിയൻ ജനറൽ സെക്രട്ടറി നന്ദി അറിയിച്ചു.മൂന്ന് മാസക്കാലം നീണ്ടുനിന്ന ഈ UGC നെറ്റ് കോച്ചിംഗ് പ്രോഗ്രാമിനു ഇരുന്നൂറിൽ അധികം വിദ്യാർത്ഥികൾ കേരള യൂണിവേഴ്സിറ്റി ക്യാമ്പസിലെയും മറ്റു ക്യാമ്പസുകളിൽ നിന്നും പങ്കെടുത്തു.

കേരള സർവകലശാല ഗവേഷക യൂണിയന്റെ നേതൃത്വത്തിൽ 01/04/2022 നു ""The role of youth in Social Science" എന്ന വിഷയത്തിൽ പി. ബി. നൂഹ് IAS പ്രഭാഷണം നടത്തി.ഈ യോഗത്തിൽ സർവകലാശാല ഇക്കണോമിക്സ് വിഭാഗം ഗവേഷകനായ അരുൺ ആർ എഴുതിയ ഇഷാമ്പരം എന്ന നോവൽ പ്രൊഫ. മഞ്ജു S നായർ, ഡീൻ സ്കൂൾ ഓഫ് സോഷ്യൽ സയൻസ്, കേരള സർവകലാശാല പുസ്തകം ഏറ്റുവാങ്ങി പ്രകാശനം നടത്തി

കേരള സർവകലാശാല ഗവേഷക യൂണിയന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച സംവാദ സദസ്സ് 17/05/2022 നു കേരള സർവകലാശാല CLIF C. V. രാമൻ ഹാളിൽ വച്ച് നടന്നു. ഈ യോഗത്തിന് കേരള സർവകലാശാല ഗവേഷക യൂണിയൻ ജനറൽ സെക്രട്ടറി അഞ്ജിത ജെ എം അധ്യക്ഷത വഹിച്ച യോഗത്തിൽ ""Challenges against Human rights in Indian construction" എന്ന വിഷയത്തിൽ മദ്രാസ് ഹൈകോടതി മുൻ ജസ്റ്റിസ് ആയിരുന്ന ജസ്റ്റിസ്. ചന്ദ്രു സംസാരിച്ചു. ഈ സംവാദത്തിന് കേരള സർവകലാശാല AKRSA യൂണിറ്റ് കൺവീനർ നജീബ് s, കേരള സർവകലാശാല SFI യൂണിറ്റ് സെക്രട്ടറി സഖാവ്. ഘോഷ് എന്നിവർ ആശംസ അർപ്പിച്ചു. തുടർന്ന് ഗവേഷക യൂണിയൻ വൈസ് ചെയർമാൻ വിവേക് നന്ദി രേഖപെടുത്തി.

കേരള സർവകലാശാല ഗവേഷക യൂണിയന്റെ ആഭിമുഖ്യത്തിൽ ജൂലൈ സെക്ഷൻ PhD കോഴ്സ് വർക്ക് എക്സാമിന്റെ ഓറിയന്റേഷൻ ക്ലാസുകൾ നടത്തി.12/08/2022 മുതൽ 19/08/2022 വരെ നീണ്ടുനിന്ന ഈ ഓറിയന്റേഷൻ ക്ലാസുകൾ രാത്രി 7.00 മണി മുതൽ 9.30 വരെ പൂർണമായും ഓൺലൈൻ ആയി ആണ് നടത്തിയത്. കേരള സർവകലാശാല ഗവേഷക യൂണിയൻ ചെയർമാൻ ജിബിൻ ഫ്രാൻസിസ് ഓറിയന്റേഷൻ പ്രോഗ്രാമിനു സ്വാഗതം ആശംസിച്ചു. Dr. E ഷാജി, അസോസിയേറ്റ് പ്രൊഫസർ, ഡിപ്പാർട്മെന്റ് ഓഫ് ജിയോളജി, യൂണിവേഴ്സിറ്റി ഓഫ് കേരള,

Dr. മഞ്ജു. S നായർ, ഡിപ്പാർട്മെന്റ് ഓഫ് ഇക്കണോമിക്സ് Dr.A ബിജുകുമാർ, പ്രൊഫസർ ഡിപ്പാർട്മെന്റ് ഓഫ് അക്വാട്ടിക് ബയോളജി ആൻഡ് ഫിഷറീസ്,Dr. സതീഷ്കുമാർ, പ്രൊഫസർ, ഡിപ്പാർട്മെന്റ് ഓഫ് ഫ്യൂച്ചർ സ്റ്റഡീസ്, Dr. ക്രിസ്റ്റ ബേൽ P J, അസോസിയേറ്റ് പ്രൊഫസർ, ഡിപ്പാർട്മെന്റ് ഓഫ് ഇക്കണോമിക്സ്, Dr. P ബാലമുരളി, അസിസ്റ്റന്റ് പ്രൊഫസർ, ഡിപ്പാർട്മെന്റ് ഓഫ് ഫിലോസഫി, Dr. ലക്ഷ്മി അസിസ്റ്റന്റ് പ്രൊഫസർ, ഡിപ്പാർട്മെന്റ് ഓഫ് ഫിലോസഫി,എന്നി വർ ക്ലാസുകൾ നയിച്ചു.ഗവേഷക യൂണിയൻ സെക്രട്ടറി വിഷ്ണുരാജ് നന്ദി രേഖപെടുത്തുകയും ചെയ്തു

കേരള സർവകലാശാല ഗവേഷക യൂണിയൻ, കേരള സർവകലാശാല ഡിപ്പാർ ട്മെന്റ് യൂണിയനുമായി സംയുക്ത ആഭിമുഖ്യത്തിൽ ക്യാമ്പസ്സിൽ ആഗസ്ത് 23 മുതൽ 31 വരെ ഓണാഘോഷ പരിപാടികൾ സംഘടിപ്പിച്ചു. കേരള സർവകലാ ശാല ഗവേഷക യൂണിയൻ ചെയർമാൻ അധ്യക്ഷത വഹിച്ച ഉദ്ഘാടന യോഗ ത്തിൽ ഓണാഘോഷപ്രോഗ്രാം കൺവീനർ ഘോഷ് K.S സ്വാഗതം ആശംസിച്ചു. കേരള യൂണിവേഴ്സിറ്റി റിസർച്ച് ആൻഡ് അക്കാഡമിക് കമ്മിറ്റി കൺവീനറും സിന്ഡിക്കേറ്റ് അംഗവുമായ Dr. S. നസീബ് ഉദ്ഘാടനം നടത്തി. ഡിപ്പാർട്മെന്റ് യൂണിയൻ ചെയർമാൻ തൻസീൽ അഹമ്മദ്, മറ്റു യൂണിയൻ മെമ്പർമാർ എന്നി വർ പങ്കെടുത്തു. തുടന്നു 31/08/2022 നു ഡിപ്പാർട്മെന്റ് യൂണിയൻ ചെയർമാൻ തൻസീൽ അഹമ്മദ് ന്റെ അധ്യക്ഷതയിൽ നടന്ന സമാപന സമ്മേളനത്തിൽ ഗവേഷക യൂണിയൻ ജനറൽ സെക്രട്ടറി അഞ്ജിത ജെ എം സ്വാഗതം ആശ്വ സിച്ചു. തുടർന്ന് പരിപാടികളിൽ പങ്കെടുത്തവർക്കുള്ള സമ്മാനദാനവും നടത്തി. ഓണാഘോഷത്തോടനുബന്ധിച്ചു ഒരു നാടൻപാട്ട് നടത്തി.

കേരള സർവകലാശാല ഗവേഷക യൂണിയന്റെ നേതൃത്വത്തിൽ 26/08/2022 നു പ്രശസ്ത നിരൂപകൻ K E N കുഞ്ഞഹമ്മദ് "നിരോധനങ്ങളുടെ റിപ്പബ്ലിക് കവിത യുടെ പ്രണയകാലം" എന്ന വിഷയത്തിൽ പ്രഭാഷണം നടത്തി. കേരള സർവക ലാശാല മലയാള വിഭാഗം ഗവേഷക വിദ്യാർത്ഥിനി മായ K എഴുതിയ "വെയിൽ നനയുന്നവർ" എന്ന കവിത സമാഹാരം സർവകലാശാല മലയാളം വിഭാഗം പ്രൊഫസറും വകുപ്പ് അധ്യക്ഷയുമായ ഡോ.സീമ ജെറോം KEN കുഞ്ഞഹമ്മ ദിൽ നിന്നും പുസ്തകം ഏറ്റുവാങ്ങി പ്രകാശനം നടത്തി.ഇ ഗവേഷക യൂണിയൻ ചെയർമാൻ അധ്യക്ഷത വഹിച്ച ഈ യോഗത്തിൽ ഗവേഷക യൂണിയൻ ജന റൽ സെക്രട്ടറി അഞ്ജിത ജെ എം സ്വാഗതം ആശംസിച്ചു. മലയാളവിഭാഗം ഗവേഷകനായ പി കൃഷ്ണദാസ് പുസ്തകം പരിചയപ്പെടുത്തി സംസാരിച്ചു. കേരള സർവകലാശാല കേരള സ്റ്റഡീസ് വിഭാഗം പ്രൊഫസർ ഡോ. സി. ആർ.

പ്രസാദ്, കേരള സർവകലാശാല ടഎക യൂണിറ്റ് പ്രസിഡന്റ് സഖാവ് അജിന്ത് അജയ്, യൂണിറ്റ് സെക്രട്ടറി സഖാവ് ഘോഷ്.കെ എസ് എന്നിവർ ആശംസകൾ അറിയിച്ചു സംസാരിച്ചു. ഗവേഷക യൂണിയൻ സെക്രട്ടറി വിഷ്ണുരാജ് ആർ എസ് നന്ദി രേഖപെടുത്തി.

കേരള സർവകലാശാല ഗവേഷക യൂണിയൻ 30/09/2022 “31 stolen years of a mother” എന്ന വിഷയത്തിൽ നടത്തിയ സംവാദ സദസ്സിൽ രാജീവ് ഗാന്ധി വധകേസിൽ പ്രതിയെന്നാരോപിക്കപ്പെട്ട പേരറിവാളന്റെ അമ്മ അർപ്പുത അമ്മാൾ പങ്കെടുത്തു സംസാരിച്ചു. ഗവേഷക യൂണിയൻ ചെയർമാൻ അധ്യക്ഷത വഹിച്ച പരിപാടിയിൽ യൂണിയൻ ജനറൽ സെക്രട്ടറി അഞ്ജിത സ്വാഗതം ആശംസിച്ചു. മനുഷ്യാവകാശ ലംഘനങ്ങളുടെ വിവിധ തലങ്ങൾ ചർച്ചയിൽ ഉയർന്നു വന്നു. ഗവേഷക യൂണിയൻ വൈസ് ചെയർമാൻ ലാവണ്യ ശിവൻ യോഗത്തിന് നന്ദി അറിയിച്ചു

കേരള സർക്കാരിന്റെ ബൃഹത്തായ ആന്റി ഡ്രഗ് ക്യാമ്പയിൻ ന്റെ ഭാഗമായി “ലഹരി രഹിത ജീവിതം, നിത്യ ഹരിത ജീവിതം”ലഹരിപദാർത്ഥങ്ങൾ ഒഴിവാക്കൂ... ആരോഗ്യത്തോടെ ജീവിക്കു... എന്നീ മുദ്രാവാക്യം ഉയർത്തി 06/10/2023 നു ക്യാമ്പസ്സിൽ ഒപ്പ് ശേഖരണം നടത്തി.

കേരള സർവകലാശാല ഗവേഷക യൂണിയനും IQAC യും സംയുക്തമായി 11/10/2022 മുതൽ 13/10/2022 വരെ “Interdisciplinary research and academic conference” എന്ന വിഷയത്തിൽ നാഷണൽ സെമിനാർ സംഘടിപ്പിച്ചു.11/10/2022 ന് രാവിലെ 10.30 നു ഔപചാരിക ചടങ്ങുകൾ ഒന്നും കൂടാതെ തന്നെ സെമിനാർ കോൺഫറൻസ് ആരംഭിച്ചു. രാവിലെ 11 മണിക്ക് സയൻസ് വിഭാഗവുമായി ബന്ധപ്പെട്ട ഗവേഷക പ്രബന്ധങ്ങൾ അവതരിപ്പിക്കപ്പെട്ടു. ഈ ആദ്യ സെഷൻ അധ്യക്ഷത വഹിച്ചത് കേരള യൂണിവേഴ്‌സിറ്റി സുവോളജി വിഭാഗത്തിലെ ഗവേഷകനായ നജീബ്.എസ് ആണ്. ഇതിൽ വിദ്യാർത്ഥികളുടെ മികച്ച പങ്കാളിത്തം ഉണ്ടായി. തുടർന്നുള്ള രണ്ടാമത് സെഷനിൽ അക്വാറ്റിക് ബയോളജി ആൻഡ് ഫിഷറീസ് വിഭാഗം ഗവേഷകനായ വിഷ്ണുരാജ്. ആർ എസ് അധ്യക്ഷനായി. വൈകുന്നേരം 4 മണിയോടെ കൂടി ആദ്യ ദിവസത്തെ സെഷനുകൾ അവസാനിച്ചു. 12/10/2022 നു സോഷ്യൽ സയൻസ് വിഭാഗത്തിലെ പേപ്പറുകളാണ് അവതരിപ്പിക്കപെട്ടത്. രാവിലെ 10.00 മണിക്ക് ആരംഭിച്ച സെമിനാർ നാലു സെഷനുകളായാണ് പൂർത്തിയായത്. ആദ്യ സെഷനിൽ ഡോ. ലാലിജ. വി. കെ, റിസർച്ച് അസോസിയേറ്റ്, IUCA, Dept of Economics അധ്യക്ഷത വഹിച്ചു. തുടർന്ന് അതുൽ. എസ് (Research

scholar, Dept. of Islamic history), ലാവണ്യ ശിവൻ, (Research scholar, Dept. of Economics) സൂരജ് . ബി( Research scholar, Dept. of Linguistics) എന്നിവരും വിവിധ സെഷനുകളി ലായി അധ്യക്ഷത വഹിച്ചു. നിരവധി ഗവേഷകരും വിദ്യാർത്ഥികളും അവരുടെ ഗവേഷണ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. 13/10/2022 ആർട്സ് വിഭാഗത്തിലെ ഗവേഷണ പ്രബന്ധങ്ങളാണ് അവതരിപ്പിക്കപ്പെട്ടത്. ആദ്യ സെഷനിൽ ഹിന്ദി വിഭാഗം അസിസ്റ്റന്റ് പ്രൊഫസറും ഗവേഷക യൂണിയൻ സ്റ്റാഫ് അഡ്വൈസറും ആയ ഡോ.ദീപക്. കെ. ആർ അധ്യക്ഷനായി . തുടർന്ന് രണ്ടു സെഷനുകളിൽ ഹിന്ദി വിഭാഗത്തിലെ ഗവേഷക അഞ്ജിത ജെ എം അധ്യക്ഷത വഹിച്ചു.ഈ സെഷനുകളിലും നിരവധി ഗവേഷണ പ്രബന്ധങ്ങൾ ഗവേഷകരും, PG വിദ്യാർ ത്ഥികളും അവതരിപ്പിച്ചു.കേരള സർവകലാശാല ക്യാമ്പസ്സിലെയും മറ്റു കോളേ ജ്കളിലെയും മറ്റു യൂണിവേഴ്സിറ്റികളിലെയും വിദ്യാർത്ഥികളുടെ പ്രാതിനിധ്യം സെമിനാറിൽ ഉണ്ടായിരുന്നു. അതുകൂടാതെ എല്ലാ പഠന വിഭാഗങ്ങൾക് കീഴിലു മുള്ള ഗവേഷക പ്രബന്ധങ്ങൾ അവതരിപ്പിക്കുന്നതിനും സെമിനാർ കൃത്യമായ ശ്രദ്ധ പുലർത്തിയിരുന്നു. സെമിനാറിൽ പങ്കെടുത്ത എല്ലാവർക്കും ഗവേഷക യൂണിയൻ ജനറൽ സെക്രട്ടറി അഞ്ജിത ജെ എം നന്ദി പറഞ്ഞു കൊണ്ട് സെ മിനാർ അവസാനിപ്പിച്ചു.

കേരള സർവകലാശാല ഗവേഷക-ഡിപ്പാർട്മെന്റ് യൂണിയനുകളുടെ സംയുക്ത ആഭിമുഖ്യത്തിൽ 21/10/2022 നു ഉച്ചക്ക് രണ്ടുമണിക്ക് നടത്തിയ യാത്ര അയപ്പ് സമ്മേളനത്തിൽ കേരള സർവകലാശാലയെ മികവിലേക്ക് കൈപിടിച്ചു ഉയർത്തിയ NAAC A++ grade ലഭിക്കുവാൻ നേതൃത്വം നൽകിയ സർവകലാശാല വൈസ് ചാൻ സിലർ, പ്രൊ വൈസ് ചാൻസിലർ എന്നിവരെ ആദരിച്ചു. ഗവേഷക യൂണിയൻ ചെയർമാന്റെ നേതൃത്വത്തിൽ നടന്ന ചടങ്ങിൽ ഡിപ്പാർട്മെന്റ് യൂണിയൻ ചെ യർമാൻ തൻസീൽ അഹമ്മദ് സ്വാഗതം ആശംസിച്ചു. കേരള സർവകലാശാല റിസർച്ച് ആൻഡ് അക്കാഡമിക് കമ്മിറ്റി കൺവീനറും സിൻഡിക്കേറ്റ് അംഗവു മായ ഡോ എസ് നസീബ് ഉപഹാരം നൽകി സംസാരിച്ചു. ഡോ. ഗോപ്ചന്ദ് (സി ന്ഡിക്കേറ്റ് മെമ്പർ), അജിന്ത് അജയ്(സെനറ്റ് അംഗം) എന്നിവർ ആശംസകൾ നേർന്നു സംസാരിച്ചു. സർവകലാശാല ക്യാമ്പസ്സിലെ വിദ്യാർത്ഥി, അധ്യാപക അനധ്യാപകർ എന്നിവരുടെ സാന്നിധ്യം ശ്രദ്ധേയമായി.

കേരള സർവകലാശാല ഗവേഷക യൂണിയന്റെ ആഭിമുഖ്യത്തിൽ 25/11/2022 നു കേരളത്തിന്റെ അതിപുരാതന അനുഷ്ഠാന കലാരൂപമായ തെയ്യം ക്യാമ്പസ്സിൽ അരങ്ങേറി. വടക്കന് കേരളത്തിന്റെ സാംസ്കാരിക ഭൂപടം തെയ്യമില്ലാതെ പൂർണ്ണ മാവില്ല. ഈ പരിപാടിക്ക് കിട്ടിയ മികച്ച പിന്തുണയും വിദ്യാർത്ഥി പങ്കാളിത്തവും

കേരളത്തിലെ അങ്ങോളമിങ്ങോളമുള്ള വിദ്യാർത്ഥികൾ പഠിക്കുന്ന കാര്യവട്ടം ക്യാമ്പസ്സിന് ഇതൊരു പുതുമയുള്ള കാഴ്ച ആയിരുന്നു എന്നതിന് തെളിവാണ്.

കേരള യൂണിവേഴ്സിറ്റി ഗവേഷക യൂണിയനും ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ അൾട്ടർനേറ്റീവ് ഇക്കണോമിക്സും സംയുക്തമായി "Research methodology on Social science" എന്ന വിഷയത്തിൽ 14/12/2022 മുതൽ 16/12/2022വരെ ഒരു വർക്ഷോപ് സംഘടിപ്പിച്ചു. ഡോ. മഞ്ജു S നായർ, പ്രൊഫസർ, ഡിപ്പാർട്മെന്റ് ഓഫ് ഇക്കണോമിക്സ്, യൂണിവേഴ്സിറ്റി ഓഫ് കേരള, ഡോ. ബിജു ഏ വി പ്രൊഫസർ, ഡിപ്പാർട്മെന്റ് ഓഫ് ഇക്കണോമിക്സ്, ഡോ.സജി ടി ജി, പ്രൊഫസർ, കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല ഡോ. മുഹമ്മദ് കാസിം, ഫാറൂഖ് കോളേജ്, കോഴിക്കോട് എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി. കേരളത്തിലെ വിവിധ കോളേജുകളിലെയും സർവകലാശാലയിലെയും വിദ്യാർത്ഥികൾ പങ്കെടുത്തു എന്നുള്ളത് ഈ വർക്ഷോപ്പിനെ ശ്രദ്ധേയമാക്കി. വർക്ഷോപ്പിന്റെ ഉദ്ഘാടന സമ്മേളനത്തിൽ ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ അൾട്ടർനേറ്റീവ് ഇക്കണോമിക്സിന്റെ ഡയറക്ടർ സിദ്ധിക്ക് റാബിയത് ആശംസകൾ അർപ്പിച്ചു.ഗവേഷക യൂണിയൻ ജനറൽ സെക്രട്ടറി അഞ്ജിത ജെ.എം നന്ദി അറിയിച്ചു

30 നവംബർ 2022 നു ഗവേഷക യൂണിയൻ നടത്തിയ സംവാദസദസ്സിൽ "ഇന്ത്യൻ ജനാധിപത്യത്തിന്റെ വെല്ലുവിളികൾ" എന്ന വിഷയത്തിൽ ബഹുമാനപെട്ട രാജ്യസഭാ എംപി അഡ്വ. A.A. റഹീം സംസാരിച്ചു.

കേരള സർവകലാശാല ഗവേഷക യൂണിയന്റെയും ഡിപ്പാർട്മെന്റ് യൂണിയന്റെയും ആഭിമുഖ്യത്തിൽ 2023 ജനുവരി 17,18,19 തിയ്യതികളിൽ ക്യാമ്പസ് ഫെസ്റ്റ് സംഘടിപ്പിച്ചു.

അഭിവാദ്യങ്ങളോടെ,
**അഞ്ജിത ജെ എം**
**ഗവേഷക യൂണിയൻ**
**ജനറൽ സെക്രട്ടറി**

# മാഗസിൻ സമിതി '22

**മാഗസിൻ എഡിറ്റർ**



ദീപു ബാലൻ

**സബ് എഡിറ്റർ**



അജിത്ര രഘുനാഥ്


**സബ് എഡിറ്റർ**



ഹരിവിന്ദ്നാഥ്



അക്ഷജ്



അദ്വൈത്



വിഷ്ണുജ



അഞ്ചു



ദയ



അനസ്



ഹരികൃഷ്ണൻ



അനഘ



സാഗർ



ശരവണൻ



അലൻ

# ഇനിയുമൊരു ഒറാഡോർ സർ ഗ്ലയിൻ സൃഷ്ടിക്കപ്പെടാതിരിക്കട്ടെ

വാക്കിലുംവരിയിലും വിപ്ലവംനിറച്ച്
പോരാട്ടവഴികളിൽ മുമ്പേനടന്നവരുടെ ഓർമ്മകളിൽ
കടലാസ്സുതുണ്ടുകളിലേക്ക് ഇറ്റുവീണ് പൊള്ളിപ്പടർന്ന
ചിന്തകൾക്കൊരൽപ്പവിരാമം...
കാമനകളൊക്കെയും നിറച്ച വരികൾക്ക്
നിറംപകർന്നുകൊണ്ടൊരു തൂലികപ്പിന്മാറ്റം..

**ഈ വസന്തത്തിൽ പൂവിട്ട
ക്യാമ്പസിന്റെ ഓർമ്മപുസ്തകത്തിന്
വെള്ളവും, വളവും നൽകിയവർക്ക്
നന്ദി**

# STUDY & WORK ABROAD

SINCE 2005
ASSISTED MORE THAN 10,000 STUDENTS TILL DATE

*The View Towards The Future*
EUROVIEW CONSULTANTS



- CANADA
- USA
- IRELAND
- AUSTRALIA
- NEW ZEALAND
- SWEDEN
- SINGAPORE
- UK
- GERMANY

- Admissions & Guidance
- Educational Loan Assistance
- High Visa Success
- Scholarships
- Travel & Relocation
- No Service Charge

IN PARTNERSHIP WITH
BRITISH COUNCIL | idp

SPECIAL COACHING for IELTS & GERMAN LANGUAGE

euroviewinfo@gmail.com
www.euroviewinternational.com

CERTIFIED ISO 9001:2015 COMPANY

FOR MORE DETAILS,
8594 006 050
0471 241 2599

REVATHY TOWER, ABOVE KAIRALI FORD, NEAR TECHNOPARK MAIN GATE, KAZHAKUTTOM P.O TRIVANDRUM-82

KERALA UNIVERSITY
DEPARTMENTS UNION MAGAZINE 2021-22